# അ
# തുല്യം



NSS COLLEGE MANJERI

ANNUAL MAGAZINE 2023-24



**Founder**

PADMABHOOSHAN BHARATA KESARI

**MANNATHU PADMANABHAN**



The Inspiration Behind Our College

# P M. THIRUMULPAD



**Dr.M.Sasikumar**
President, Nair Service Society



**Sri. G. Sukumaran Nair**
General Secretary, Nair Service Society



**Prof. (Dr.) Sujatha S.**
NSS Colleges' Central Committee Secretary &
Corporate Manager

# Contents


അതുല്യം ........ 10
നടപ്പാക്കണം മതേതര
കുടുംബ നിയമം ........ 16
വീണ്ടെടുക്കണം, നന്മയുടെ രാഷ്ട്രീയം ........ 29
അതുല്യമായ ഇന്ത്യൻ ജനാധിപത്യം ........ 32
കുന്നിൻ മുകളിലെ ഓർമപ്പൂക്കൾ ........ 35
തരുമോ ഒരു ജന്മം കൂടി ........ 43
ഞാനും എന്റെ വിദ്യാലയവും:
ചില ഓർമ്മകൾ ........ 45
എന്നെ ഞാനാക്കിയ എന്റെ കലാലയം ........ 46
Renova Students Union 2023-24 ........ 52
Association Secretary 2023-24 ........ 53
UG/PG Representatives 2023-24 ........ 53
Students Union Staff
Advisors 2023-24 ........ 54
Elected Union Executive 2023-24 ........ 54
താളിയോലയിൽ നിന്നും ജീവിതത്തിലേക്ക് ........ 55
അവൾ ........ 56
പെണ്ണേ നീ.... ........ 57
വിദ്യാർത്ഥി രാഷ്ട്രീയം :
ഒരു ഓർമ്മപ്പെടുത്തൽ ........ 58
ഒരു തിരിഞ്ഞുനോട്ടം ........ 60
മടക്കം ........ 61
ചരിഞ്ഞ മരം ........ 62
മനുഷ്യൻ ........ 63
കാഴ്ച ........ 64
മാർക്ക് ........ 65
പെയ്തൊഴിയാതെ ........ 66
നിള ........ 68
കരിമ്പ് ........ 69
കണ്ണീരിനാൽ നശിച്ച ജീവിതം ........ 70
റൂം നമ്പർ.102 ........ 71
വിരഹം അന്യം നിൽക്കുന്ന
സുദൃഢമായ ബന്ധം ........ 75
അഭിനയം..... ........ 76
പെണ്ണുടൽ ........ 79
വഴികാട്ടി ........ 83
ഉള്ളിൽ ഇടം പിടിച്ചവർക്കുവേണ്ടി ........ 84
മാത്സ് ക്ലാസ് ........ 86
ഗുൽമോഹർ ........ 87
നിർമ്മിത ബുദ്ധി നിർബന്ധിതമാകുന്നുവോ? ... 88
മടക്കം ........ 90
നിർമ്മിത ബുദ്ധി മനുഷ്യ ബുദ്ധിയെ
തടാവിലാക്കുമോ? ........ 92
പ്രണയ മഴ ........ 94
പ്രണയം ........ 95
കേരളത്തിന്റെ മതചരിത്രത്തിൽ യക്ഷിയെ
കണ്ടെടുക്കുമ്പോൾ ........ 96
അതുല്യ ദിനങ്ങൾ ഒപ്പിയെടുത്തപ്പോൾ ........ 100
Victory Day ........ 101
Union Oath Taking ........ 102
Union Inauguration ........ 103
Santa Party ........ 104
Arts Club Inauguration ........ 105
Arts Fest Name Revealing ........ 106
Arts Fest Inauguration ........ 107
Arts Fest ........ 109
Arts Fest Prize Distribution ........ 114
Valentine's Day ........ 115
Ethnic Day ........ 117
Staff-Students Cricket Match ........ 120
Rang Barse ........ 122
Mehandi Fest ........ 123
College Day ........ 124
"Echoes of Resilience: Amelia's Tale" .. 125
To Be A Hero ........ 127
Fragments of the Past: A Night
Under the Stars ........ 129
"May God Grand them Paradise..." ........ 132
Chasing shadows ........ 134
WHISPERS OF DREAM ........ 135
WOMEN IN PALESTINE ........ 136

"Social Media as a Fourth Pillar of Democracy" ........ 137
"CASTE, RELIGION AND INDIAN POLITICS" ........ 138
चेहरा-एक सोच ........ 140
तलाक़ ........ 141
मेरी आजादी ........ 142
युवापीढ़ी और बेरोजगारी ........ 143
യൂണിയൻ റിപ്പോർട്ട് 2023 - 24 ........ 144
College Annual Report ........ 146
NCC ANNUAL REPORT 2023-2024 ........ 148
NATIONAL SERVICE SCHEME: UNITS 29 & 78 ANNUAL REPORT 2023-24 ........ 151
NSS Activites ........ 154
Editorial Board ........ 155
സ്നേഹാഞ്ജലി ........ 157
നമ്മ്ടെ അലിയാക്ക ........ 158
മണികണ്ഠേട്ടാ... ........ 159
Toppers ........ 160



**Smt. Neetha P.C.**
Principal

NSS college Manjeri is bringing out the college magazine "Athulyam", reflecting the talents of our students in curricular and extra-curricular activities. Our goal is to improve the educational outcome and make learning a better and pleasant experience for all. The world today is changing at a fast pace and we all are well equipped to mould our students to face the challenges future holds for them. We have a very supportive management, dedicated team of staff working for the welfare of the institution.

Every college magazine is a commemoration of and tribute to the wonder years that one spends in the happiest years of one's life. The creativity of our students is revealed as you turn the pages of this magazine. Our magazine reflects the academic achievements, social commitment, and multi-facetted talents of our students, my best wishes to the entire team of NSS college Manjeri for providing students the best platforms to bloom into responsible citizens of tomorrow. I congratulate the editorial team for the hard work and dedication in bringing out this magazine. Wishing you all the very best and every success that life has to offer.



**Nafeesa Kambrath**
Student Editor

സാങ്കേതികവിദ്യയിലെയും സാമ്പത്തിക വളർച്ചയിലെയും പുരോഗതികൾ അളക്കുന്ന ഈ ലോകത്ത്, പലപ്പോഴും അസമത്വത്തിന്റെ കടുത്ത യാഥാർത്ഥ്യങ്ങളെ അവഗണിക്കുന്നു എന്നത് തികച്ചും യാഥാർത്ഥ്യമാണ്.

ആധുനിക ജീവിതത്തിന്റെ സങ്കീർണ്ണതകളിലൂടെ സഞ്ചരിക്കുമ്പോൾ, നമ്മുടെ സ്വന്തം പ്രവർത്തനങ്ങളിൽ അകപ്പെടാനും സഹാനുഭൂതിയുടെ പ്രാധാന്യം മറക്കാനും എളുപ്പമാണ്. വളർന്നു കൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ വളർച്ച ആഗ്രഹിക്കുന്ന, എന്നാൽ വിവേചനങ്ങൾക്കും മാറ്റി നിർത്തലുകൾക്കും ഇരയായിക്കൊണ്ടിരിക്കുന്ന വിഭാഗങ്ങൾക്ക് അവസരം നൽകി അവരെയും സമൂഹത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുമ്പോൾ മാത്രമേ നിലവിലുള്ള പ്രവർത്തനങ്ങൾ അതിന്റെ സമ്പൂർണ്ണതയിലേക്ക് എത്തിച്ചേരുകയുള്ളൂ.

അസമത്വത്തിന്റെ സങ്കീർണ്ണതകളെ അംഗീകരിക്കുകയും അഭിമുഖീകരിക്കുകയും ചെയ്യുന്നതിലൂടെ, അതിനെ നിലനിർത്തുന്ന ഘടനകളെ തകർക്കാൻ നമുക്ക് കഴിയും. ഈ ഒരു കാഴ്ചപ്പാടിൽ നിന്നാണ് അതുല്യമായ ഈ സൃഷ്ടി വാർന്നു വീഴുന്നത്.



**Dr. Sudheesh P**
Staff Editor

The sun spread light throughout the world without partiality; likewise, we could give each other their space without discrimination. Everyone can create signatures on their own expertise, which makes excellent outcomes for the future.

We are all matchless, and no artificial intelligence can imitate us perfectly or make our beautiful vision into reality. Let's perform together for the magnificent surroundings, community and thus for the unique nation.

*Your uniqueness is something special that makes you fantastic!*

# അ
# തുല്യം

“അതുല്യം” എന്നത് തുല്യമായി ഒന്നുമില്ലാത്ത ഏക രൂപത്തെ സൂചിപ്പിക്കുന്നു. അനുപമമായതിനെ സൂചിപ്പിക്കാൻ ഇതിലേറെ നല്ല വാക്കില്ല. അതായത് മറ്റാരുമായും താരതമ്യം ചെയ്യാൻ കഴിയാത്ത മികവുറ്റ ഗുണത്തിനെ നമുക്ക് അതുല്യമായി കാണാം.

ഒരാളുടെ കഴിവുകൾ താരതമ്യങ്ങൾക്ക് അതീതമാവുമ്പോൾ അതുല്യമാണ്.

ഭാവനാതീതമായ അഭിവൃദ്ധിയെ അതുല്യമായി സൂചിപ്പിക്കാം

അദ്വിതീയമായ ദൃശ്യാനുഭവത്തെ, കലയെ വിശേഷിപ്പിക്കുന്നത് അതുല്യം തന്നെ.

“അതുല്യം” എന്നത് സൃഷ്ടിയുടെ എല്ലായിടങ്ങളിലും ശ്രേഷ്ഠതയുടെ പ്രതീകമാണ്.

ഏത് കാര്യത്തിന്റെയും ഏറ്റവും ഉന്നത നിലവാരത്തെ സൂചിപ്പിക്കാൻ ഉചിതമായത് അതുല്യമാണ്.

മികവിനെ, പ്രശസ്തിയെ എങ്ങനെയാണ് മറ്റുള്ളതിൽ നിന്ന് വ്യത്യസ്തമാക്കുന്നത്, അത് അതുല്യം തന്നെ.

പൊതുവേ ഏത് വിഷയത്തെയും ഉയർന്ന നിലയിൽ ചിത്രീകരിക്കാൻ ഉപയോഗിക്കപ്പെടുന്ന വാക്ക് അതുല്യം എന്നു തന്നെ. അതുല്യമായി തന്നെ ഈ 'അതുല്യ'ത്തെ അനുഭവിച്ചറിയൂ.

https://www.instagram.com/reel/C_a2gtKBHHK/?igsh=YzExNnhkeWNydzU=



**എം എൻ കാരശ്ശേരി**

പൊതു ഇടങ്ങളിൽ നിരന്തരം കേൾക്കുന്ന വർഗ്ഗീയത എന്താണ്? സ്വന്തം വർഗ്ഗത്തോട് കാണിക്കുന്ന സ്നേഹം, അവരെ കൈ പിടിച്ചുയർത്താനുള്ള ശ്രമം എന്നിവ വർഗ്ഗീയതയാണോ? രാഷ്ട്രീയ മണ്ഡലത്തിൽ വർഗ്ഗീയതയെ നല്ല ഉപകരണമാക്കുന്നതിനായി നടത്തുന്ന ശ്രമങ്ങളെ എങ്ങനെ ചെറുത്ത് തോൽപ്പിക്കാൻ കഴിയും? സമുദായ സ്നേഹവും വർഗ്ഗീയതയും വേർതിരിച്ചറിയേണ്ടതിനെ പറ്റിയും മാനവികതയിലൂന്നിയ സാമൂഹിക നിർമ്മിതിയെ കുറിച്ചും പൗരാവകാശപോരാളിയും നീതിയ്ക്ക് വേണ്ടി മുറവിളി കൂട്ടുന്ന എഴുത്തുകാരനും, ചിന്തകനും, ആക്റ്റിവിസ്റ്റുമായ **എം എൻ കാരശ്ശേരി** നമ്മളോട് സംവദിച്ചപ്പോൾ.

## ? *എന്താണീ വർഗ്ഗീയത*

ലോകസഭാ തെരഞ്ഞെടുപ്പിലെ പ്രധാനപ്പെട്ട ചർച്ചാ പ്രമേയമായിക്കൊണ്ടിരുന്നതാണ് വർഗ്ഗീയത. ഏത് കക്ഷിക്കാണ് വർഗ്ഗീയതയുള്ളത്,ഏത് മുന്നണിക്കാണ് വർഗ്ഗീയവാദികളുമായി ബന്ധമുള്ളത് എന്നീ കാര്യങ്ങളിൽ തർക്കമുണ്ടെങ്കിലും വർഗ്ഗീയത ചീത്തയാണ് എന്ന കാര്യത്തിൽ ആർക്കും എതിരില്ല !

സാധാരണ കേൾക്കാറുള്ള ചോദ്യം:

അവനവന്റെ നാട്ടുകാരെയോ, ജാതിക്കാരെയോ, ഭാഷക്കാരെയോ സ്നേഹിക്കുന്നത് തെറ്റാണോ? അവരെ സേവിക്കുന്നത് കുറ്റമാണോ?

അല്ല. ഒറ്റയ്ക്കോ കൂട്ടായോ അത്തരം സംഗതികൾ ചെയ്യുന്നവരെ സമുദായസ്നേഹികൾ എന്നാണ് വിളിക്കാറ്. വർഗ്ഗീയവാദികൾ എന്നല്ല. വിദ്യാഭ്യാസം, തൊഴിൽ, ചികിത്സ, സാമൂഹ്യപരിഷ്കരണം തുടങ്ങി പല രംഗങ്ങളിലും പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നത് രാഷ്ട്രസേവനം തന്നെയാണ്. ശ്രീ നാരായണഗുരു സനാഉല്ലാ മക്തിത്തങ്ങൾ, അയ്യങ്കാളി, വി.ടി. ഭട്ടതിരിപ്പാട് മുതലായ പരിഷ്കർത്താക്കളുടെ സംഭാവനകൾ ഓർത്തുനോക്കുക. അത്തരം സാമുദായിക മുന്നേറ്റങ്ങളിലൂടെയാണ് രാഷ്ട്രം പുരോഗമിക്കുന്നത്.

ഏതെങ്കിലും ഒരു വിഭാഗത്തോടുള്ള ഈ പരിഗണന അധികാരത്തിന് വേണ്ടി ഉപയോഗിക്കുമ്പോൾ സംഗതി മാറുന്നു. സമുദായസേവനത്തിന്റെ അധികാരവത്കരണമാണ് അപ്പോൾ നടക്കുന്നത്. സമുദായസ്നേഹം രാഷ്ട്രീയത്തിലെ സാമുദായികവാദമായി കോലം മറിയുന്ന സ്ഥിതിയാണത്. അധികാരലാഭത്തിനു വേണ്ടി ഭാഷ, ജാതി, മതം മുതലായവയെ വൈകാരികമായി ഉപയോഗിക്കുന്ന അവസ്ഥ അപ്പോൾ വന്നുചേരുന്നു. ഇപ്പറഞ്ഞ സാമുദായികവാദം സാമൂഹ്യജീവിതത്തിന്റെ പുറംപോക്കിൽ കഴിഞ്ഞുകൂടുന്നവർക്ക് വേണ്ടിയാവുമ്പോൾ ജനാധിപത്യത്തെ ശക്തിപ്പെടുത്തും; അത്തരം ദുരവസ്ഥയില്ലാത്ത സമൂഹങ്ങൾക്കു വേണ്ടിയാവുമ്പോൾ ജനാധിപത്യത്തെ ദുർബലപ്പെടുത്തും, ദുർബലരുടെ അവശതയ്ക്ക് പരിഹാരം ഉണ്ടാവുന്നതോടെ സാമുദായികവാദം കൈയൊഴിയണം, ഇവിടെ വരാനിടയുള്ള എതിർവാദം:

ജനാധിപത്യ വ്യവസ്ഥയിൽ ഏത് വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണമെങ്കിലും അധികാരത്തിൽ പങ്ക് കിട്ടണം. വംശം, ഭാഷ, വർണ്ണം, ജാതി, മതം, പ്രദേശം, ലിംഗം മുതലായ പലതിന്റെ പേരിലും പലവിധമായ വിവേചനങ്ങൾ നമ്മുടെ ജനാധിപത്യത്തിൽ നടക്കുന്നുണ്ട്. ഭാഷാന്യൂനപക്ഷങ്ങളും മതന്യൂനപക്ഷങ്ങളും അടിയാളജാതിക്കാരും സ്ത്രീ നേരിട്ടുകൊണ്ടിരിക്കുന്ന അനീതികൾ ആലോചിക്കുക. ദൽഹിയിൽ സിഖുകാരും ഗുജറാത്തിൽ മുസ്ലീങ്ങളും ഒറീസ്സയിൽ ക്രിസ്ത്യാനികളും കൊലകൾക്ക് ഇരയായ അനുഭവം ഉദാഹരണം.

ഇതിനുള്ള മറുപടി:

ഇത്തരം അനീതികൾ അവയ്ക്ക് വിധേയരാവുന്ന വിഭാഗത്തിന്റെ മാ ത്രം കാര്യമല്ല; ജനാധിപത്യസമൂഹത്തിന്റെ പൊതുപ്രശ്നമാണ്. അതിന് കൂട്ടായി പരിഹാരം കാണണം. ഏതെങ്കിലും തരത്തിലുള്ള ന്യൂനപക്ഷത്തിന്റെ വിഷമങ്ങൾ ആ വിഭാഗത്തിന് മാത്രമായി പരിഹരിക്കാൻ കഴിയില്ല. അവർ ന്യൂനപക്ഷമാണ് എന്നതുതന്നെ കാരണം.

സാമുദായികവാദം കൊണ്ട് ചില പിന്നോക്കക്കാർക്ക് ആനുകൂല്യങ്ങളും സൗകര്യങ്ങളുമൊക്കെ നേടിയെടുക്കാൻ സാധിച്ചേക്കുമെങ്കിലും രാഷ്ട്രത്തിലെ ഭിന്നവിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് വിശാലാടിസ്ഥാനത്തിൽ

പരിഹാരം കാണുവാൻ അത് പ്രാപ്തമാവുകയില്ല.

സ്വന്തം വിഭാഗത്തോടുള്ള സ്നേഹം മുൻനിർത്തി മാത്രം രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന സാമുദായികവാദത്തിന് പല പരിമിതികൾ ഉണ്ടെങ്കിലും അന്യവിഭാഗങ്ങളോട് വെറുപ്പ് പ്രചരിപ്പിക്കാത്ത കാലത്തോളം അതിനെ 'വർഗ്ഗീയം' എന്ന് കുറ്റപ്പെടുത്താനാവില്ല.

അവഗണിതരും അവശരും ചൂഷിതരും ആയി ചില വിഭാഗങ്ങൾ മുഖ്യധാരയ്ക്ക് പുറത്ത് പുലരാനിടയാവുന്നത് കൊണ്ടാണ് സാമുദായികവാദം ഉരുവംകൊള്ളുന്നത്. അത്തരം അനീതികൾ ഇല്ലായ്മ ചെയ്യാൻ ജനാധിപത്യം പ്രാപ്തി നേടുമ്പോൾ സാമുദായികവാദം അപ്രസക്തമായിത്തീരും.

സാമുദായികവാദത്തിന് വികാരതീവ്രതകൊണ്ട് തീക്കൊടുക്കുമ്പോഴാണ് അത് വർഗ്ഗീയവാദമായി ചുട്ടുപഴുക്കുന്നത്.

വിശ്വാസാചാരങ്ങളുമായി ബന്ധപ്പെട്ട മതവും ജാതിയും എന്നപോലെ ഏതുവിഷയവും വികാരത്തിന്റെ വാതകം ആക്കി തീക്കൊടുക്കാം. മുംബൈയിലെ ശിവസേനാനേതാവ് ബാൽതാക്കറെ പ്രാദേശികതയെയും ശ്രീലങ്കയിലെ എൽ.ടി.ടി.ഇ. നേതാവ് പ്രഭാകരൻ ഭാഷയെയും ആണ് കത്തിച്ചത്.

**?** *എന്താണ് വർഗ്ഗീയവാദം? സാമുദായികവാദവുമായി അതിനുള്ള വ്യത്യാസമെന്താണ്?*

സ്വന്തക്കാരോടുള്ള സ്നേഹമാണ് സാമുദായികവാദം. സ്വന്തമല്ലാത്ത എല്ലാറ്റിനോടുമുള്ള വെറുപ്പാണ് വർഗ്ഗീയവാദം.

ഒരു വിഭാഗത്തിന് ഇന്നയിന്ന ആനുകൂല്യങ്ങൾ വേണമെന്ന അപേക്ഷയാണ് സാമുദായികവാദം ഒരു വിഭാഗം ഇന്നയിന്ന കാര്യങ്ങൾ പിടിച്ചെടുക്കും എന്ന പ്രഖ്യാപനമാണ് വർഗ്ഗീയവാദം.

സാമുദായികവാദം സാമാന്യമായി യുക്തിയും വിവേകവും ഉപയോഗിക്കുമ്പോൾ വർഗ്ഗീയവാദം ശക്തിയും വികാരവും ഉപയോഗിക്കുന്നു. ആദ്യത്തെ കൂട്ടർക്ക് ആശയമാണ് ആയുധം. രണ്ടാമത്തെ കൂട്ടർക്ക് ആയുധമാണ് ആശയം.

ജനാധിപത്യത്തിന്റെ അതിരുകൾക്കുള്ളിൽ നിന്നുകൊണ്ടാണ് സാമുദായികവാദം പ്രവർത്തിക്കുന്നത്. വർഗ്ഗീയവാദത്തിന് ജനാധിപത്യത്തിൽ വിശ്വാസമില്ല. അതുകൊണ്ടാണ് വർഗ്ഗീയവാദികൾ പാർലമെന്റ് മന്ദിരം ആക്രമിക്കുന്നത്.

സംവാദം സാമുദായികവാദത്തിന് പറ്റും; വർഗ്ഗീയവാദത്തിന് പറ്റില്ല. 'നാവടക്കൂ' എന്നതാണ് അതിന്റെ ആജ്ഞ ഇല്ലെങ്കിൽ നാവരിയും എന്നും.

സൂക്ഷിച്ചുനോക്കൂ: ഫാസിസം തന്നെയാണ് വർഗ്ഗീയവാദം. ഹിറ്റ്ലർ യഹൂദവിരോധം അടിസ്ഥാനമാക്കിയാണ് ആര്യവംശാധിപത്യത്തിന് വേണ്ടി പ്രവർത്തിച്ചത്. ഇന്ത്യയിൽ മുസ്ലിംവിരോധം ആധാരമാക്കി ഹിന്ദുവർഗ്ഗീയതയും ഹിന്ദുവിരോധം ആധാരമാക്കി മുസ്ലിംവർഗ്ഗീയതയും മുന്നേറുന്നു.

ആര്യവംശാധിപത്യം എന്നുപറയുമ്പോലെത്തന്നെ ഫാസിസ്റ്റ് ആശയമാണ് ഹിന്ദുരാഷ്ട്രം, ഇസ്ലാമികരാഷ്ട്രം എന്നീ സങ്കൽപ്പങ്ങൾ. 'രാഷ്ട്രമതം' എന്നത് ആ മതത്തിൽ പെടാത്തവരെയൊക്കെ പൗരാവകാശങ്ങളില്ലാത്ത രണ്ടാംകിടക്കാരായി തരംകെടുത്തി ഒരു മതവിഭാഗത്തിന്റെ ഏകാധിപത്യം നടപ്പാക്കുക എന്ന സ്വപ്നമാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാനവിശ്വാ സമായ മനുഷ്യരുടെ "തുല്യത" എന്ന ചിന്തയുമായി അതിന് ബന്ധമില്ല.

അവശതാനിവാരണം എന്നതിനപ്പുറം സാമുദായികവാദത്തിന് പ്രത്യ യശാസ്ത്രങ്ങളൊന്നുമില്ല. പ്രശ്നങ്ങൾക്ക് പരിഹാരമായാൽ ആ വാദം തീർന്നു. വർഗ്ഗീയവാദം ഒരു പ്രത്യയശാസ്ത്രമാണ്. വെറുപ്പിന്റെ രാഷ്ട്രീയമാണത്. സ്വന്തം വംശം, മതം മുതലായവയുടെ പേരിൽ അധികാരം പിടിച്ചടക്കുക എന്നതാണ് അതിന്റെ ലക്ഷ്യം.

'ദൈവത്തിന്റെ ഭരണം' എന്നതാണ് വർഗ്ഗീയവാദികളുടെ മതരാഷ്ട്രസങ്കൽപ്പത്തിന്റെ ഉള്ളടക്കം. അത് ജനാധിപത്യവിരുദ്ധമാണ് എന്ന് വ്യക്തം. ആ കൂട്ടരും ഇന്ത്യയിൽ ജനാധിപത്യത്തിന്റെ പേരിൽ ജനാധിപത്യ വ്യവസ്ഥയ്ക്കകത്ത് തന്നെയാണ് പ്രവർത്തിക്കുന്നത്.

ജനാധിപത്യത്തിന്റെ വഴിയിലൂടെയാണ് ആര്യാധിപത്യത്തിന്റെ അവതാരപുരു ഷനായ ഹിറ്റ്ലർ അധികാരത്തിലെത്തിയത്!

എന്തിൻറെ പേരിൽ പുലരുന്ന വർഗ്ഗീയവാദവും ഹിംസയിൽ അധിഷ്ഠിതമാണ്. നിരപരാധികളെയും അപരാധികളെയും ഒരുപോലെ കൊല്ലാൻ തയ്യാറാവുക എന്നതാണ് അതിന്റെ സന്ദേശം; അല്ലെങ്കിൽ മരിക്കാനൊരുങ്ങുക എന്ന്. കൊന്നാൽ ഇഹലോകത്തും മരിച്ചാൽ പരലോകത്തും 'വീരസ്വർഗ്ഗം' എന്നതാണ് അതിന്റെ പ്രലോഭനം. പ്രതിരോധത്തിന്റെ പേരിൽ ആക്രമണങ്ങളെയും പ്രത്യാക്രമണങ്ങളെയും ന്യായീകരിക്കുക എന്നതാണ് അതിന്റെ നീതിശാസ്ത്രം.

കൊലപാതകം എങ്ങനെയാണ് രാഷ്ട്രീയപ്രവർത്തനമാകുന്നത്, സമാധാനലംഘനം എങ്ങനെയാണ് ജനസേവനമാകുന്നത് എന്ന് വർഗ്ഗീ യവാദത്തോട് ചോദിക്കാൻ നാം പലപ്പോഴും വിട്ടുപോകുന്നു.

നമ്മൾ ഓർത്തിരിക്കണം:





**ശ്രീ ഹമീദ് ചേന്നമംഗലൂർ**

മതേതര റിപ്പബ്ലിക്കായ ഇന്ത്യ സ്വതന്ത്ര്യയായി എഴുപത്തി ഏഴ് വർഷം പിന്നിട്ടുമ്പോഴും മതേതര കുടുംബ നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ലിംഗസമത്വവും ലിംഗനീതിയും ഉറപ്പാക്കുന്ന ഭരണഘടനയ്ക്ക് കീഴിൽ മതേതരമായ നിയമനിർമ്മിതിയിലൂടെ സ്ത്രീ വിവേചനങ്ങൾക്ക് അറുതി വരുത്തേണ്ടതുണ്ട്. ഏത് നിയമ സംഹിതയും ജനാധിപത്യ മൂല്യപരവും ലിംഗനീതിപരവും ആയിരിക്കണം എന്ന് എഴുത്തുകാരനും സാമൂഹിക വിമർശകനുമായ **ശ്രീ ഹമീദ് ചേന്നമംഗലൂർ** ലേഖനത്തിൽ പറയുന്നു. ന്യൂനപക്ഷ-ഭൂരിപക്ഷ വർഗീയതയ്ക്കെതിരായും സ്വത്വരാഷ്ട്രീയ ചിന്തയ്ക്കെതിരായും ശക്തമായ നിലപാട് കൈക്കൊണ്ട ചിന്തകനാണ് അദ്ദേഹം.

# നടപ്പാക്കണം മതേതര കുടുംബ നിയമം

**ഹമീദ് ചേന്നമംഗലൂർ**

ഇന്ത്യ ഒരു മതേതര റിപ്പബ്ലിക്കായി മാറിയിട്ട് എഴുപത്തിയേഴ് വർഷം പിന്നിട്ടിരിക്കുന്നു. കൊളോണിയൽ ഭരണകാലത്ത് പത്തൊൻപതാം ശതകത്തിന്റെ മധ്യത്തിൽ തന്നെ നമുക്കൊരു മതേതര ശിക്ഷാ നിയമ മുണ്ടായി. പക്ഷേ ഒരു മതേതര കുടുംബ നിയമം ആവിഷ്കരിക്കാൻ ഇന്നേവരെ നമുക്ക് സാധിച്ചിട്ടില്ല.

ഇത് ഗുരുതരമായ ഒരു വീഴ്ച തന്നെയാണ്. ഭരണഘടനയുടെ രാഷ്ട്ര നയ നിർദ്ദേശക തത്ത്വങ്ങളിൽ പറയുന്ന ഏകീകൃത പൗര നിയമം എന്നത് മതേതര ഇന്ത്യൻ കുടുംബ നിയമമല്ലാതെ മറ്റൊന്നുമല്ല. ലിംഗസമത്വവും ലിംഗ നീതിയും ഉറപ്പാക്കുക എന്നതത്രെ അതിന്റെ ലക്ഷ്യം. അത് നടപ്പിൽ വരുത്താൻ രാഷ്ട്രം മുന്നോട്ടുവരണമെന്ന് ഭരണഘടനയിൽ രേഖപ്പെടുത്തിവെച്ചിട്ടുമുണ്ട്.

എന്നിട്ടും എന്തുകൊണ്ട് ഒരു മതേതര കുടുംബ നിയമ സംഹിതത്തിലേക്ക് സഞ്ചരിക്കാൻ നമുക്ക് കഴിയാതെ പോയി? വിഷയത്തോട് സ്വീകരിക്കപ്പെട്ട സമീപനത്തിലെ വൈകല്യമാണ് പ്രശ്നത്തിലെ വില്ലൻ. ശിക്ഷ നിയമ ങ്ങളെ മത ജാതി ലിംഗ ഭിന്നതകൾക്കതീതമായി വീക്ഷിക്കാൻ തയ്യാറായ നമ്മുടെ ഭരണകർത്താക്കൾ കുടുംബ നിയമങ്ങളെ അങ്ങനെ വീക്ഷിക്കാൻ തയ്യാറായില്ല. കൊളോണിയൽ ഭരണാധികാരികൾ പീനൽ കോഡിനെ പത്തൊമ്പതാം നൂറ്റാണ്ടിൽ മത വിമുക്തമാക്കിയെങ്കിലും അവരോ പിന്നീട് വന്ന സ്വതന്ത്ര ഭാരതത്തിലെ ഭരണ കർത്താക്കളോ ഫാമിലി കോഡിനെ മതവിമുക്തമാക്കാൻ ശ്രമിച്ചില്ല. 1950കളുടെ മധ്യത്തിൽ അന്നത്തെ പ്ര ധാനമന്ത്രി നെഹ്റു ഹിന്ദു കുടുംബ നിയമങ്ങളെ ഒരു വലിയ പരിധിവരെ മതവിമുക്തമാക്കിയെങ്കിലും ന്യൂനപക്ഷ മതക്കാരുടെ കുടുംബ നിയമങ്ങളിൽ ഇടപെടാൻ അദ്ദേഹം തുനിഞ്ഞില്ല. തന്മൂലം അവ ഏറിയ കൂറും മതബദ്ധമായി തുടർന്നു.

മത വിമുക്ത കുടുംബ നിയമങ്ങളും മതബദ്ധ കുടുംബ നിയമങ്ങളും തമ്മിലുള്ള വ്യത്യാസം എന്ത് എന്ന ചോദ്യം ഈ ഘട്ടത്തിൽ പ്രസക്തമാണ്. നൂറ്റാണ്ടുകൾക്ക് മുമ്പോ സഹസ്രാബ്ദങ്ങൾക്ക് മുമ്പോ നിലവിൽ വന്ന മതത്തിലെ കുടുംബ നിയമങ്ങൾ അങ്ങേയറ്റം പിതൃ മേധാവിത്വപരവും അതിനാൽ തന്നെ സ്ത്രീവിരുദ്ധവുമാണ്. വിവാഹം വിവാ ഹമോചനം അനന്തര സ്വത്തവകാശം തുടങ്ങിയ വിഷയങ്ങളിലെല്ലാം സ്ത്രീകളോട് കടുത്ത വിവേചനം പുലർത്തു ന്നവയാണ് മതബദ്ധ കുടുംബ നിയമങ്ങൾ. ലിംഗസമത്വം ലിംഗനീതി എന്നീ മൂല്യങ്ങൾ അവ ഉൾക്കൊള്ളുന്നില്ല. പിൽക്കാലത്ത് വികസിച്ചുവന്ന മതവിമുക്ത (മതേതര)കുടുംബ നിയമങ്ങൾ പൊതുവേ സ്ത്രീ പുരുഷ സമത്വത്തിൽ അധിഷ്ഠിതമാണ്. മത പൗരോഹിത്യ മുക്തവും വേദശാഠ്യ മുക്തവുമാണ് അവ. കാലവും സമൂഹവും മാറുന്നതിനനു സരിച്ച് പുരോഗമനാത്മകമായി പരിണമിക്കാൻ അവയ്ക്ക് പ്രയാസവുമില്ല.

രാജ്യം മതേതര ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ട ശേഷവും ന്യൂനപക്ഷ സമുദായക്കാരുടെ കുടുംബ

നിയമങ്ങൾ (വ്യക്തി നിയമങ്ങൾ) മതബദ്ധമായി തുടരാൻ അനുവദിക്കപ്പെട്ടു എന്നതാണ് ഇന്ത്യൻ മതേതര കുടുംബ നിയമത്തിനു മുന്നിൽ ഏറ്റവും വലിയ പ്രതിബന്ധമായി വർദ്ധിച്ചത്. 1985 തൊട്ട് അഞ്ച് വിധി ന്യായങ്ങളിൽ എങ്കിലും സുപ്രീംകോടതി ഏകീകൃത പൗര നിയമത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടിയിട്ടും ലിംഗ നീതിപരമായ കുടുംബ നിയമത്തിനെതിരെ ബന്ധപ്പെട്ട വിഭാഗങ്ങൾ ഇപ്പോഴും കടുത്ത നിലപാട് സ്വീകരിക്കുന്നത് തങ്ങളുടെ കുടുംബ നിയമങ്ങളുടെ മത പ്രോക്തതയിൽ അടിവര ചാർത്തി കൊണ്ടാണ്.

മതേതര ഇന്ത്യൻ കുടുംബ നിയമം എന്ന ആശയത്തിന് നേരെ മുസ്ലിം വ്യക്തിനിയമ ബോർഡ് ഉൾപ്പെടെയുള്ള സംഘടനകൾ ഉയർത്തിപ്പോരുന്ന എതിർവാദങ്ങളിലേക്ക് കണ്ണോടിച്ചാൽ ഇക്കാര്യം വ്യക്തമാകും. മുസ്ലിം വ്യക്തി നിയമം (ശരീഅത്ത് ) ദൈവദത്തമാണെന്നും തൽസ്ഥാനത്ത് മതേതര കുടുംബ നിയമം നിർബന്ധമാക്കുന്നത് മുസ്ലിങ്ങളുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കുമെന്ന മുള്ളതാണ് പ്രധാനപ്പെട്ട ഒരു വാദം. പൊതു പൗരനിയമം മുസ്ലീങ്ങളുടെ സാംസ്കാരിക വ്യക്തിത്വവും സാംസ്കാരിക സ്വയംഭരണ അവകാശവും നഷ്ടപ്പെടുത്തും എന്ന വാദവും ഉന്നയിക്കപ്പെടുന്നു. വിവാഹമോ വിവാഹമോചനമോ അനന്തര സ്വത്തവകാശമോ ഒന്നും യഥാർത്ഥത്തിൽ മതവിഷയങ്ങൾ അല്ല. അവ മതേതര വിഷയങ്ങളാണ്. വാദത്തിനുവേണ്ടി അവ മതവിഷയങ്ങൾ ആണെന്ന് സമ്മതിച്ചാൽ തന്നെ ലിംഗ നീതിപരമായ ഏകീകൃത കുടുംബ നിയമം എങ്ങനെയാണ് ന്യൂനപക്ഷത്തിന്റെ മതസ്വാ



തന്ത്ര്യത്തിന് ഹാനികരം ആവുക?

പൊതു കുടുംബ നിയമം വരുമ്പോൾ അനന്തര സ്വത്തിൽ സ്ത്രീകൾക്ക് നേരെയുള്ള വിവേചനം, ബഹുഭാര്യത്വം, പുരുഷന്റെ ഏകപക്ഷീയമായ വിവാഹമോചനം എന്നിവ നിയമവിരുദ്ധമാകും എന്നത് ശരിയാണ്. പക്ഷേ ഇപ്പറഞ്ഞ മൂന്ന് കാര്യങ്ങളും ഇസ്ലാം മതത്തിന്റെ മൂലതത്വങ്ങളുടെ ഭാഗമല്ല. ഒന്നിലേറെ ഭാര്യമാരെ നിലനിർത്തിയാലേ ഒരാൾ മുസ്ലിം ആകൂ എന്നോ സ്വത്തവകാശത്തിൽ സ്ത്രീകളോട് വിവേചനം കാണിച്ചാലെ ഇസ്ലാം മതം പൂർണമാകൂ എന്നോ ഒരു മതഗ്രന്ഥത്തിലും പറഞ്ഞിട്ടില്ല. വിവാഹമോചനത്തിൽ ആണിന് ഏകപക്ഷീയത നൽകിയിട്ടുമില്ല ഇസ്ലാം. ആ മതത്തിൻറെ അടിസ്ഥാന തത്വങ്ങൾ ഏകദൈവവാദവും മുഹമ്മദിന്റെ പ്രവാചകത്വവും ആണ്. അതിലേക്കു ഒന്നും ഇന്ത്യൻ മതേതര കുടുംബ നിയമം കടന്നു വരുന്ന പ്രശ്നം ഉദിക്കുന്നില്ല. മത തത്വങ്ങളുടെയോ വിശ്വാസങ്ങളുടെയോ ഏകീകരണം അല്ല പൊതു പൗര നിയമത്തിന്റെ ഉദ്ദേശ്യം എന്നത് തന്നെ കാരണം. മുസ്ലിങ്ങളുടെ മതാനുഷ്ഠാനങ്ങൾ ആയ നമസ്കാരം, വ്രതം, ഹജ്ജ് തുടങ്ങിയ വിഷയങ്ങളും ഇന്ത്യൻ കുടുംബ നിയമത്തിന്റെ പരിധിക്ക് പുറത്തുള്ളവയാണ്. ആചാരാനുഷ്ഠാനങ്ങളുടെ ഏകീകരണം അല്ല വ്യക്തി നിയമങ്ങളുടെ ഏകീകരണം അത്രെ പൊതു കുടുംബ നിയമം ലക്ഷ്യമിടുന്നത്. വസ്തുത ഇതായിരിക്കെ ഏകീകൃത പൗര നിയമം ന്യൂനപക്ഷത്തിന്റെ മതസ്വാതന്ത്ര്യം ഇല്ലാതാക്കും എന്ന ആരോപണം നിരർത്ഥകമാണ്.



പൊതു കുടുംബ നിയമം ന്യൂനപക്ഷത്തിന്റെ സാംസ്കാരിക വ്യക്തിത്വത്തെയും സാംസ്കാരിക സ്വയംഭരണ അവകാശത്തേയും ബാധിക്കും എന്നതാണ് രണ്ടാമത്തെ വാദം. ജനാധിപത്യ മൂല്യപരവും ലിംഗ നീതിപരവും അല്ലാത്ത സാംസ്കാരിക സവിശേഷതകളെ ഒരു സമുദായവും തങ്ങളുടെ സാംസ്കാരിക വ്യക്തിത്വത്തിന്റെ ഭാഗമാകമായി കാണാൻ പാടില്ലാത്തതാണ്. സതി, അയിത്താചരണം, വിധവ വിവാഹ വിലക്ക് തുടങ്ങിയ ദുരാചാരങ്ങളെ ഏതെങ്കിലും സമുദായം അതിന്റെ സാംസ്കാരിക വ്യക്തിത്വത്തിന്റെ ഭാഗമായി ഉദ്ഘോഷിച്ചു കൂടാ എന്നതുപോലെ ബഹുഭാര്യത്വം, പിന്തുടർച്ച അവകാശത്തിലെ സ്ത്രീവിരുദ്ധത, വിവാഹമോചനത്തിലെ ആൺ കോയ്മ എന്നീ ദുസമ്പ്രദായങ്ങളെയും ഏതെങ്കിലും സമുദായം അതിന്റെ സാംസ്കാരിക വ്യക്തിത്വത്തിന്റെ അംശങ്ങളായി വീക്ഷിച്ചു കൂടാ.

സാംസ്കാരിക സ്വയംഭരണ വിഷയത്തിലും ബാധകമാണ് ഈ തത്വം. മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സമുദായങ്ങളുടെയും സാംസ്കാരിക സ്വയംഭരണാവകാശം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ പ്രസ്തുത അവകാശത്തിന്റെ പേരിൽ ലിംഗ നീതി നിഷേധപരവും അതിനാൽ തന്നെ ഭരണഘടനാ വിരുദ്ധവുമായ വ്യക്തി നിയമങ്ങളെ ന്യായീകരിക്കാൻ ആവില്ല. എല്ലാ വ്യക്തി നിയമങ്ങളും ഇന്ത്യൻ ഭരണഘടനയിൽ ഉൾച്ചേർന്ന ലിംഗ സമത്വം എന്ന മഹാതത്വത്തിന് വിധേയമായിരിക്കണം. അത് സാധിക്കണമെങ്കിൽ കുടുംബ നിയമങ്ങൾ (വ്യക്തി നിയമങ്ങൾ) മത വിഷയമല്ല മതേതര വിഷയമാണ് എന്ന ശരിയായ കാഴ്ചപ്പാട് ഉൾക്കൊണ്ട് ആ നിയമങ്ങളെ മതങ്ങളിൽ നിന്ന് വിച്ഛേദിക്കണം.

ബ്രിട്ടീഷ് ഇന്ത്യയിൽ അന്നത്തെ ഭരണകർത്താക്കൾ ശിക്ഷാ നിയമങ്ങളെ മതക്കളിൽ നിന്ന് വിച്ഛേദിച്ചതിന്റെ ഉദാഹരണം നമ്മുടെ മുമ്പാകെയുണ്ട്. 1861ൽ ബ്രിട്ടീഷുകാർ ഇവിടെ പൊതു ക്രിമിനൽ നടപടിക്രമം കൊണ്ടുവന്നു. ആ നടപടിയെ സർക്കാർ കെ എം പണിക്കർ “വിപ്ലവ വിപ്ലവാത്മകം” എന്നാണ് വിശേഷിപ്പിച്ചത്. അതുവരെ നിലനിന്ന ഹിന്ദു ശിക്ഷാനിയമം അനുസരിച്ച് ശൂദ്രൻ നൽകുന്ന സാക്ഷി മൊഴിയുടെ അടിസ്ഥാനത്തിൽ ബ്രാഹ്മണനെയോ മുസ്ലിം ശിക്ഷാനിയമം അനുസരിച്ച് അമുസ്ലിം നൽകുന്ന മൊഴിയുടെ അടിസ്ഥാനത്തിൽ മുസ്ലിമിനെയോ ശിക്ഷിക്കാൻ സാധിക്കുമായിരുന്നില്ല. പ്രത്യേക വിഭാഗങ്ങൾക്ക് വിശേഷ അവകാശങ്ങൾ നൽകുന്ന ഇത്തരം പ്രതിലോമ നിയമങ്ങളാണ് അന്ന് ശിക്ഷ നിയമത്തെ മതങ്ങളിൽ നിന്ന് വിച്ഛേദിച്ച് പൊതു ക്രിമിനൽ നടപടിക്രമം കൊണ്ടുവന്നപ്പോൾ ഇല്ലാതായത്.

ആ മാതൃകയാണ് പൊതു കുടുംബ നിയമ വിഷയത്തിൽ വർത്തമാനകാല ഇന്ത്യ പിന്തുടരേണ്ടത്. ഹിന്ദു ഫാമിലി ലോ മുസ്ലിം പേഴ്സണൽ ലോ ക്രിസ്ത്യൻ പേഴ്സണൽ ലോ എന്നിങ്ങനെയുള്ള വേർതിരിവുകൾ അവസാനിപ്പിക്കുകയും കുടുംബ നിയമങ്ങളെ മത സമുദായങ്ങളിൽ നിന്ന് വേർപെടുത്തി മതേതരമായ കുടുംബ നിയമം ആവിഷ്കരിക്കുകയും ചെയ്യണം. ഭരണഘടന ഉറപ്പു നൽകുന്ന ലിംഗ സമത്വം അടക്കമുള്ള മൗലിക അവകാശങ്ങൾക്ക് അനുസൃതമായിരിക്കണം അത്. അത്തരം ഒരു കുടുംബനിയമത്തിന്റെ അഭാവത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് സമൂഹത്തിന്റെ പാതിവരുന്ന സ്ത്രീകളാണെന്ന വസ്തുത വിസ്മരിച്ചു കൂടാ.



**ഡോ. ജെ. ദേവിക**

ലിംഗസമത്വം എന്നത് എല്ലാവരും ഒരുപോലെ എന്ന അർത്ഥത്തിലല്ല. സ്ത്രീ - പുരുഷൻ - ട്രാൻസ് ജൻഡർ എന്നിവർ വ്യത്യസ്തർ തന്നെയാണ് എന്നാൽ എല്ലാവരും തുല്യമായ വില കൽപ്പിക്കപ്പെടേണ്ടവരാണ്. എല്ലാവരും തുല്യ നിലയിൽ സമൂഹത്തിൽ പരിഗണിക്കപ്പെടണമെന്നാണ് ഇന്ത്യൻ ഭരണഘടന എടുത്ത് പറയുന്നത്. LGBT വിഭാഗത്തിൽ പെട്ടവർ നേരിടുന്ന വെല്ലുവിളികൾ ചെറുതല്ല. സ്ത്രീകൾ തൊഴിലിടങ്ങളിലും ഗാർഹിക മേഖലയിൽ പോലും കടുത്ത അസമത്വ പ്രവണതകളോട് കലഹിക്കേണ്ടി വരാറുണ്ട്. വേതനത്തിലെ തുല്യതയില്ലായ്മ, അവഗണന പീഡനം തുടങ്ങി പൊതു ഇടത്തിൽ അവൾ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ കുറിച്ചും ഈ സാഹചര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നും ചരിത്രപണ്ഡിതയും, അദ്ധ്യാപികയും, സാമൂഹ്യവിമർശകയും, അതിലുപരി സ്ത്രീവാദ എഴുത്തുകാരി എന്ന നിലകളിൽ ശ്രദ്ധേയയായ **ഡോ. ജെ. ദേവിക** സംവദിച്ചപ്പോൾ

## ? *ലിംഗ സമത്വം എന്നത് കൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?*

ലിംഗ സമത്വം എന്ത് എന്ന് പറയുന്നതിനു മുൻപ് എന്ത് അല്ല എന്ന് പറയാം. ലിംഗ സമത്വത്തെ കുറിച്ച് പറയുമ്പോ 'ഇക്വാലിറ്റി' എന്നുള്ള സങ്കൽപനമാണ് നാം ഉപയോഗിക്കുന്നത്. 'ഇക്വാലിറ്റി ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് 'sameness' എന്നല്ല, അതായത് എല്ലാവരും ഒരു പോലെ ആയി കൊള്ളണം എന്നല്ല, മറിച്ച് എല്ലാ ലിംഗ വിഭാഗത്തിൽ പെട്ടവർക്കും സമമായ വില ഉണ്ട് എന്നുള്ളതാണ്.

ആൺ-പെൺ എന്നുള്ള വകഭേദം മാത്രമല്ല ഉള്ളത്, അതിനേക്കാൾ എത്രയോ അധികം വകഭേദം ഉണ്ട് എന്നുള്ളതാണ് ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്. ഇത്തരത്തിൽ പല ലിംഗത്തിൽ ഉള്ളവർ, അതിൽ ആൺ ഉണ്ടാവാം പെൺ ഉണ്ടാവാം ട്രാൻസ് പുരുഷനുണ്ടാവാം ട്രാൻസ് സ്ത്രീയുണ്ടാവാം ജെൻഡർ ക്ലിയർ ആയിട്ടുള്ള ആളുകൾ ഉണ്ടാവാം എല്ലാവരും തുല്യ വില ഉള്ളവരാണ് എന്നാണ് ലിംഗ സമത്വം കൊണ്ട് ഇന്നത്തെ കാലത്ത് അവകാശപ്പെടുന്നത്.

## ? *നമ്മുടെ സമൂഹത്തിൽ സ്ത്രീയും പുരുഷനും തുല്യരായി പരിഗണിക്കപ്പെടുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ?*

അങ്ങനെ തുല്യരായി പരിഗണിക്കണം എന്നാണ് നമ്മുടെ ഭരണ ഘടന ആവശ്യപ്പെടുന്നത്. ഇന്ത്യൻ ഭരണ ഘടന പ്രകാരം സ്ത്രീകളും പുരുഷന്മാരും തുല്യ നിലയിൽ ഉള്ളവരാണ്, എന്നുമാത്രമല്ല അതിനുശേഷം ട്രാൻസ് പുരുഷന്മാരും ട്രാൻസ് സ്ത്രീകളും അവരുടെ ശബ്ദം കണ്ടെത്തി സംസാരിക്കാൻ തുടങ്ങിയപ്പൊ അവരെയും തുല്യരായി പരിഗണിക്കണം എന്നുതന്നെയാണ് നമ്മുടെ ഭരണ ഘടന സംവിധാനം പറയുന്നത്. എന്നാൽ യാഥാർത്ഥ ജീവിതത്തിൽ അങ്ങനെയല്ല ഉള്ളത്.

ജാതീയമായ വേർതിരിവുകളെ താങ്ങി നിർത്തുന്നതിൽ സ്ത്രീ-പുരുഷ അസമത്വത്തിന് വലിയ പങ്കുണ്ട്. സ്ത്രീകളെ ഒരു അസമ നിലയിൽ അല്ലെങ്കിൽ അവർക്ക് വില കൽപിക്കാത്ത രീതിയിൽ നിർത്തുന്നതാണ് നമ്മുടെ ജാതി വ്യവസ്ഥയെ താങ്ങി നിർത്തുന്ന ഒരു പ്രധാന ഘടകം. അത് കൊണ്ട് ജാതി സമൂഹം ഇന്ത്യയിൽ ശക്തമായി നില നിൽക്കുന്നിടത്തോളം കാലം സ്ത്രീ പുരുഷന്മാർ, അത് സിസ് സ്ത്രീകൾ ആയാലും ശരി ട്രാൻസ് സ്ത്രീകൾ ആയാലും ശരി അല്ലെങ്കിൽ സിസ് പുരുഷനായാലും ശരി ട്രാൻസ് പുരുഷനായാലും ശരി, ഏത് തരം ലിംഗ സ്വഭാവം ഉള്ളവ രായാലും ഇവർ തമ്മിൽ സമത്വവും ഐക്യപ്പെടലും ഒന്നും തന്നെ ഉണ്ടാവാൻ സാധ്യതയില്ല. എന്നുവെച്ച് നമ്മൾ ആഗ്രഹിക്കുന്ന കാലം ഉണ്ടായിക്കൂടാ എന്നില്ല,അത് ഭാവിയിൽ ആണെന്ന് മാത്രം

## ? *LGBTQ+ വ്യക്തികൾ നമ്മുടെ സമൂഹത്തിൽ വിവേചനം നേരിടുന്നുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നമുക്ക് അവരെ എങ്ങനെ പിന്തുണയ്ക്കാൻ കഴിയും?*

തീർച്ചയായും. അവർ വളരെ കാര്യമായിട്ട് വിവേചനം നേരിടുന്നു എന്നുള്ളത് വളരെ സത്യമായ ഒരു കാര്യമാണ്. നമ്മൾ ഏറ്റവും കൂടുതൽ അഭിമാനിക്കുന്നത് വിദ്യാഭ്യാസപരമായ നേട്ടത്തിലാണ്. മലയാളികൾ എവിടെ ചെന്നാലും അഭിമാനകരമായി പറയുന്ന കാര്യം; 100 ശതമാനം സാക്ഷരത ഉള്ളവരാണ്, എല്ലാ കുട്ടികളും സ്കൂളു കളിൽ പോവുന്നവരാണ് എന്നൊക്കെയാണ് പക്ഷെ സത്യം പറഞ്ഞാൽ നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കു LGBTQ+ വ്യക്തികൾ പ്രത്യേകിച്ച് ട്രാൻസ് ജനങ്ങൾ അവരുടെ അടുത്ത് ചോദിച്ചാൽ നമുക്ക് മനസ്സിലാവും അവർ നേരിട്ട ബുദ്ധിമുട്ടുകൾ എത്രയേറെയാണെന്ന്, മറ്റുള്ള കുട്ടികളിൽ നിന്നും കുറച്ച് വ്യത്യസ്തരായതുകൊണ്ട് മാത്രം വളരെ മോശമായ പെരുമാറ്റം അധ്യാപകരിൽ നിന്നും സ്വന്തം ക്ലാസ്മേറ്റ്സിൽ നിന്നും ഉണ്ടായിട്ട് വളരെ വിഷമിച്ച് സ്കൂൾ വിദ്യാഭ്യാസം പാതിയിൽ ഉപേക്ഷിക്കേണ്ടിവന്നവരാണ് അവരിൽ വലിയ ശതമാനം ആളുകളും.

## ? ജോലിസ്ഥലത്തും വീട്ടിലും ലിംഗസമത്വം എങ്ങനെ കൈവരിക്കാനാകും

വളരെ പ്രയാസമുള്ള ഒരു ചോദ്യമാണ് അത്.നമുക്കറിയാം നമ്മളൊക്കെ ജീവിക്കുന്ന സമൂഹത്തിൽ സ്ത്രീകളുടെ നില പുരുഷന്മാരെക്കാൾ താഴെ നിൽക്കണം എന്ന് വിശ്വസിക്കുന്നവരാണ് കൂടുതലും.സ്ത്രീകൾക്ക് പുരുഷന്മാരുടെ ഒപ്പം പ്രാധാന്യം കൽപിക്കാത്ത സമൂഹമാണ് നമ്മുടേത്.

വീടിന്റെ നെടുംതൂണായി നിൽക്കുന്നത് സാധാരണ ഗതിയിൽ പലപ്പോഴും സ്ത്രീകളാണ്. പുരുഷന്മാർ ജോലിചെയ്തു വരുമാനം ഉണ്ടാക്കി കൊണ്ടുവരുന്നവരാണെങ്കിലും കുട്ടികളുടെ വൈകാരികമായ ആവശ്യങ്ങളൊക്കെ അനുവർത്തിക്കുന്നതും എല്ലാം പലപ്പോഴും സ്ത്രീകളാണ്.എങ്കിലും തന്റെ വീട്ടിൽ തനിക്ക് എന്ത് ചെയ്യാൻ പറ്റും, എത്ര ജോലി ചെയ്യണം,എത്ര റസ്റ്റ് എടുക്കണം, എന്ത് കാണണം അല്ലെങ്കിൽ ആരെ കാണണം എന്നൊക്കെ ഉള്ള തീരുമാനങ്ങൾ സ്വയം എടുക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്ക് വളരേ കുറവാണ്.

വീടെന്നു പറഞ്ഞാൽ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം റസ്റ്റിന്റെ സ്ഥലമാണ്, എന്നാൽ ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം വീണ്ടും ജോലി ചെയതു കൊണ്ടിരിക്കേണ്ട ഒരു സ്ഥലമാണ്. അതുകൊണ്ട് തന്നെ സ്ത്രീയും പുരുഷനും വീടിനെ കാണുന്നത് രണ്ട് വിധത്തിൽ ആയിരിക്കും. അസമത്വ പൂർണമായ ഒരു ബന്ധമാണ് അതിന് കാരണം. ഇത് നിലനിൽക്കുന്നത് കൊണ്ടാണ് പല വീടുകളിലും സന്തോഷമില്ലാതെ പോവുന്നതും, വഴക്കുണ്ടാക്കുന്നതും അല്ലെങ്കിൽ മടുപ്പുളവാക്കുന്നത് പോലെ ആവുന്നതും. അപ്പൊ അങ്ങനെ അല്ലാതെ വീട് രണ്ട് പേർക്കും, പുരുഷനും സ്ത്രീക്കും ഒരു പോലെ കുറച്ച് നേരം റസ്റ്റ് എടുക്കാനും കുറച്ച് നേരം ജോലി ചെയ്യാനും ഉള്ള സ്ഥലമാവുകയും, ഒരാളുടെ മാത്രം ഉത്തരവാദിത്വം ആവാതെ രണ്ട് പേരുടേയും ഉത്തരവാദിത്വം ആവുകയും ചെയ്യുന്ന ഒരു സമയം ആവുമ്പോ നമ്മുടെ കുടുംബങ്ങളിൽ ലിംഗ സമത്വം വരും.

ജോലിസ്ഥലത്തെ കാര്യമാണെങ്കിൽ  ഒന്നുകൂടി കോംപ്ലക്സ് അണ്, കാരണം ജോലിസ്ഥലത്തും ഈ പറഞ്ഞ പോലെ സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഇല്ല. സ്ത്രീകൾ ചെയ്യുന്ന ജോലിക്ക് തുല്യമായ വില കൽപിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല സ്ത്രീകൾ എന്തൊക്കെ ചെയ്താലും അവരെ ഒരു ശരീരമാക്കി ചുരുക്കി കളയാനുള്ള പ്രവണത വളരെ അധികമുണ്ട്, സ്ത്രീകളുടെ ഒരു sexual aspect മാത്രം ഹൈ ലൈറ്റ് ചെയ്തു കൊണ്ട് അവരോട് പെരുമാറുന്ന ഒരുപാട് മേൽ ഉദ്യോഗസ്ഥരുണ്ട്.ഇവരെയൊക്കെ നിയന്ത്രിച്ചു നിർത്തുകയും അത് പോലെ സ്ത്രീകൾ ജോലിസ്ഥലത്ത്അവരുടെ കോണ്ട്രിബ്യൂഷൻ ശരിയായ വിധം അംഗീകരിക്കപ്പെടുകയും എന്തെല്ലാം പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ടാണ് പ്രവർത്തിക്കുന്നത് എന്നുള്ളതിനെ കുറിച്ച് കൃത്യമായ ബോധം ജോലിസ്ഥലത്ത് ഉണ്ടാവുകയും വേണം. ഒരു സ്ത്രീയുടെ അധ്വാനം അത് അവൾക്ക് വേണ്ടി മാത്രം ചെയ്യുന്ന അധ്വാനമല്ല. ഒരു കുഞ്ഞിനെ വളർത്തിയെടുക്കുക എന്നുള്ളത് കൊണ്ടുള്ള മെച്ചം അവൾക്കു മാത്രമല്ല സമൂഹത്തിന് മൊത്തം ആവശ്യമാണ്. നമ്മുടെ സമൂഹം ഒരു തലമുറ മുന്നോട്ടു പോകണമെങ്കിൽ  ഈ കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നവരുടെ  അധ്വാനത്തിന് സാമൂഹ്യമാനമുണ്ട്.അതിലുപരി അവർ ഓഫീസുകളിലും മറ്റും ജോലി ചെയ്യുമ്പോൾ അതിനും ഒരു സാമൂഹ്യമായ വിലയുണ്ട്. അങ്ങനെ സാമൂഹികവും സാമ്പത്തികവുമായ ജോലി ചെയ്യുന്ന ഒരു സ്ത്രീ വീട്ടിലും അതുപോലെ ജോലി ചെയ്യുന്നുണ്ട്, അത് കൊണ്ട് തന്നെ പലപ്പോഴും ഒരു  പുരുഷൻ സമൂഹത്തിന് കൊടുക്കുന്ന കോണ്ട്രിബ്യൂഷന്റെ  ഇരട്ടിയാണ് ഒരു സ്ത്രീ സമൂഹത്തിന് കൊടുക്കുന്നത്. ഇത്തരം കാര്യങ്ങൾ എല്ലാം അംഗീകരിക്കുന്ന ഒരു നില വരണം നമ്മുടെ നാട്ടിൽ, ഇതെല്ലാം അവർ സമൂഹത്തിന് നൽകുന്ന സംഭാവനകളായിട്ട് എണ്ണപ്പെടുന്ന ഒരു കാലത്തായിരിക്കും ശരിക്കും സ്ത്രീ സമത്വം പരിപൂർണമായിട്ട്  നമുക്ക് ഉണ്ടാവുക.

## ? എല്ലാവർക്കും എല്ലാ മേഖലകളിലേക്കും അവസരങ്ങളിലേക്കും തുല്യ പ്രവേശനം ഉണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

തീർച്ചയായും ഇല്ല. സാമ്പത്തികവും സാമൂഹികവും സാസ്കാരികവുമായ വിഭവങ്ങൾ ഒരുപാട് ചരിത്രപരമായി തന്നെ ലഭിച്ചിട്ടുള്ള വിഭാഗങ്ങളിലെ കുടുംബങ്ങളിൽ ഒക്കെ പെട്ടവർക്കാണ് എറ്റവും കൂടുതൽ ചരിത്രപരമായി ഭൂമിയുണ്ടാവുക ചരിത്രപരമായി തന്നെ പണമുണ്ടാവുക, ചരിത്രപരമായി വിദ്യഭ്യാസം ഉണ്ടാവുക അതുപോലെ

ഉന്നതരുമായിട്ട് ബന്ധനങ്ങൾ ഉണ്ടാവുക. ഇങ്ങനെയുള്ള കുറേ മെച്ചങ്ങൾ അനുഭവിക്കുന്നവരാണ് എപ്പോഴും അവസരങ്ങളുടെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത്. ഇതൊന്നും ഇല്ലാത്തവരെ സംബന്ധിച്ചിടത്തോളം അവസരങ്ങൾ വളരേ കുറവാണ്. ചരിത്രപരമായിട്ട് തന്നെ അവർക്ക് അവസരങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ചരിത്രപരമായ നിഷേധത്തെ എടുത്തു പറയാൻ കാരണം ഈ ചരിത്ര പരമായ നിഷേധം എന്ന് പറയുന്നത് മുൻ തലമുറയ്ക്ക് അവസരങ്ങൾ ഇല്ലാതെ പോയതു കൊണ്ട് വീണ്ടും വീണ്ടും പുറകോട്ടടിക്കപ്പെട്ട വിഭാഗങ്ങളുടെ അവസ്ഥ കാരണമാണ്.

ഞാൻ പലപ്പോഴും ആളുകൾ വളരെ പുച്ഛത്തോടുകൂടി നമ്മുടെ സംവരണത്തെ പറ്റിയ സംസാരിക്കുന്നത് കേട്ടിട്ടുണ്ട് പക്ഷേ അവർക്ക് മനസ്സിലാവാത്തൊരു കാര്യം എന്ന് പറയുന്നത് ആർക്കെങ്കിലും എന്തെങ്കിലും സ്പെഷ്യൽ ആയിട്ട് കൊടുക്കുന്നത് ഒന്നുമല്ല മറിച്ച് ഒരു സമൂഹത്തെ നൂറ്റാണ്ടുകളായി ഉപയോഗിച്ചുപയോഗിച്ച് അവർക്ക് ഒന്നും ഇല്ലാതെയാക്കി അവരുടെ ആരോഗ്യത്തെയും മാനസിക നിലയേയും അവരുടെ ഭൗതികമായ കഴിവുകളെയും അടിച്ചമർത്തി ഇല്ലാതാക്കിയ അവർക്ക് പിന്നെയും കയറി വരാനായി കൊടുക്കുന്ന ഒരു ഹിസ്റ്റോറിക്കൽ കോമ്പൻസേഷനാണ് റിസർവേഷൻ.തന്നെയുമല്ല നിങ്ങൾ ശരിക്കും കണക്കുകൾ എടുത്തു നോക്കി കഴിഞ്ഞാൽ മനസ്സിലാവും ഈ അവസരങ്ങളെ ഏറ്റവും അധികം കൊണ്ടുപോകുന്നത് റിസർവ് കാറ്റഗറിയിലെ ആളുകൾ അല്ല, പലപ്പോഴും ഈ റിസർവേഷൻ enna സംഗതി പ്രകാരം കിട്ടേണ്ടത് പോലും പല വിഭാഗങ്ങൾക്കും കിട്ടുന്നില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് തന്നെ ഇവിടെ അവസര തുല്യത എന്ന് പറയുന്നത് നിലവിൽ ഇല്ല എന്നുള്ളതാണ് വാസ്തവം.



### ? ആരെങ്കിലും ഇത്തരത്തിലുള്ള വിവേചനം നേരിട്ടത്തായിട്ടുള്ള അനുഭവം നിങ്ങളുമായി പങ്കുവച്ചിട്ടുണ്ടോ?

ഞാൻ ഒരു സാമൂഹ്യ ഗവേഷകയാണ്. അത് കൊണ്ട് തന്നെ ഓരോ സാമൂഹിക വിഭാഗത്തെ പറ്റി പഠിക്കുമ്പോഴും ഞാൻ അവരുടെ അടുത്ത് പോയി അവരെ പറ്റി പഠിക്കുന്നു. ഇത്തരം ഫീൽഡ് റിസർച്ചിൽ ഞാൻ കാണുന്ന കാര്യം എന്നു പറഞ്ഞാൽ ഈ വിവേചനം സർവ്വത്രയാണ്. നിങ്ങൾ എന്നോട് അത്തരം അനുഭവങ്ങൾ പങ്കു വെച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഞാൻ അതാണ് ദിവസവും കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പല ജന വിഭാഗങ്ങൾക്കിടയിൽ ഞാൻ റിസർച്ച് നടത്തിയിട്ടുണ്ട്, നമ്മുടെ കടലോര സമുദായങ്ങളുടെ ഇടയിൽ,നഗരങ്ങളിൽ ഉള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്കിടയിൽ അതായത് നമ്മൾ ഈ ചേരികൾ എന്നൊക്കെ വിളിക്കുന്ന ഇടങ്ങളിൽ ഉള്ള ആളുകൾ, അതുപോലെ കുടുംബശ്രീ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾ ഇവർക്കിടയിൽ എല്ലാം ഞാൻ റിസർച്ച് നടത്തിയിട്ടുണ്ട് അവിടെയെല്ലാം ഈ പറയുന്ന ജാതിയുടെ പേരിലുള്ള വിവേചനം സർവ്വത്രി ഞാൻ കണ്ടിട്ടുണ്ട്.

### ? ലിംഗ സമത്വത്തെ കുറിച്ച് ആൺകുട്ടികളെ എങ്ങനെയാണ് ബോധവൽക്കരിക്കേണ്ടത്?

ആൺകുട്ടികൾക്ക് ഒന്നാമത് എനിക്ക് തോന്നുന്നത് അവരുടെ ഈ ആണത്തം എന്നുള്ളത് പല ആൺകുട്ടികൾക്കും വലിയൊരു ഭാരമാണ്. ആണത്തം എന്ന് പറയുന്നത് വല്യ സുഖമുള്ള ഏർപ്പാടല്ല എന്ന് ആൺകുട്ടികളെ ആദ്യം ബോധ്യപ്പെടുത്തണം.

ആനിമൽ എന്ന സിനിമയെ കുറിച്ച് കേട്ടിട്ടുണ്ടോ നിങ്ങൾ? അതാണ് ശെരിക്കും ആണത്തം, കണ്ടാൽ നമുക്ക് തന്നെ അറപ്പ് തോന്നിപ്പോവും. അതിൽ നമുക്ക് വളരെ വ്യക്തമായി കാണാം, ഭയങ്കര വയലന്റ് ആയിട്ടുള്ള,എപ്പോൾ നോക്കിയാലും ദേഷ്യപ്പെട്ടുകൊണ്ടിരിക്കുന്ന ,മറ്റുള്ളവരുടെ തലയ്ക്ക് കയറി അവരെ അപമാനിക്കുന്ന,അതുപോലെ മറ്റുള്ളവരെ കൊച്ചാക്കുന്ന, സ്ത്രീകളെ മാത്രമല്ല മറ്റു പുരുഷന്മാരെയും കൊച്ചാക്കുന്ന ഒരു സ്വഭാവമായിരിക്കും അവരിൽ ഉണ്ടാവുക. എല്ലാ പുരുഷന്മാരും ഇതുപോലെ അല്ല, ചിലർക്ക് മാത്രമാണ് ഇങ്ങനെയുള്ള തരം താഴ്ന്ന പ്രവർത്തികൾ ചെയ്യാൻ സാധിക്കുന്നത്. അതിനുള്ള പണവും, ശാരീരിക ശേഷിയും അതിനുള്ള ഉളുപ്പില്ലായ്മയും എല്ലാം ചില ആളുകൾക്കേ ഒള്ളൂ.

മലയാളത്തിൽ നമ്മുടെ ചില ചെറുകഥാകൃത്തുകൾ ഒക്കെ തന്നെ ഈ പുരുഷത്വം എന്ന് പറയുന്നതിനെ കളിയാക്കി എഴുതാൻ തുടങ്ങിയിട്ടുണ്ട്. അത് എന്തുകൊണ്ടെന്ന് വെച്ചാൽ അവരെല്ലാം പുരുഷത്വത്തിന്റെ വയലൻസ് അനുഭവിച്ചിട്ടുള്ളവരാണ്. പുരുഷന്മാർ തന്നെ പുരുഷത്വത്തിന്റെ വയലൻസ് അനുഭവിക്കുന്ന അവസ്ഥയാണ്. അപ്പോൾ ഈ പുരുഷത്വം എന്നുള്ളത് വാസ്തവത്തിൽ ധാരാളം വയലൻസ് ആണെന്നും അത് സ്ത്രീകളെ മാത്രമല്ല പുരുഷന്മാരെയും ബാധിക്കുമെന്നും ചെറുപ്പക്കാരെ ബോധ്യപ്പെടുത്തുമ്പോൾ അവർ അതിനോട് വളരെ ക്രിട്ടിക്കൽ ആയ രീതിയിൽ കുറേകൂടി വിമർശനാത്മകമായ രീതിയിൽ ഇടപെടും.

മറ്റൊരു രീതി ശാസ്ത്രമാണ്, കാരണം ജെനറ്റിക്സിൽ ഒക്കെയുള്ള പുതിയ റിസർച്ച് വളരെ വ്യക്തമായി കാണിക്കുന്ന ഒരു കാര്യം ഇതിന്റെ ഒക്കെ ഒരു tentative സ്വഭാവമാണ്. ഉദാഹരണത്തിന്, testosterone എന്ന ഹോർമോൺ വളരെ ഏറി നിൽക്കുന്ന ശരീരം അത് ആൺ ആയാലും പെൺ ആയാലും വളരെ അഗ്രെസ്സീവ് ആയിരിക്കും. അപ്പൊ ആണുങ്ങൾ അഗ്രെസ്സീവ് ആണെന്ന് പറഞ്ഞാൽ testosterone ആണ് അവരെ അഗ്രെസ്സീവ് ആക്കുന്നത്,അല്ലാതെ ആണുങ്ങൾ പൊതുവെ അഗ്രെസ്സീവ് ആവണം എന്നില്ല. അതേസമയം സ്ത്രീകളുടെ ഹോർമോൺ ഏറി നിൽക്കുന്ന ആൺ അയാൽ പെൺ ആയാലും വളരേ Nurturant ആയിട്ടുള്ള പ്രവർത്തനങ്ങളിൽ ആയിരിക്കും അവർ ഏർപ്പെടുക. അപ്പോൾ അതിന്റെ അർത്ഥം നിങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ചാണ് ശരീരത്തിൽ ഹോർമോണുകൾ ഉണ്ടാവുന്നത്.



*? തുല്യ ജോലിക്ക് തുല്യ വേതനം എന്ന ആശയം ഈ കാലഘട്ടവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?*

തുല്യ ജോലിക്ക് തുല്യ വേതനം എന്നുള്ളത് നമ്മുടെയെല്ലാം സ്വപ്നമാണ്.ഏകദേശം 1914-15 കളിൽ കേരളത്തിൽ തൊഴിലാളികൾക്കിടയിൽ പുരുഷന്മാരേക്കാൾ അധികം സ്ത്രീകളായിരുന്നു.അതിപ്പോ കാർഷിക തൊഴിലാളികളായിട്ടാണെങ്കിലും,കയർ തൊഴിലാളികളായിട്ടാണെങ്കിലും ,കശുവണ്ടി മേഖലകളിൽ ഒക്കെ തന്നെ ആയാലും പുരുഷന്മാരേക്കാൾ അധികം സ്ത്രീകളായിരുന്നു.അത് കൊണ്ട് തന്നെ നമ്മുടെ തൊഴിലാളി പ്രസ്ഥാനങ്ങൾ ഒക്കെ ശക്തമായിരുന്നു ,ചില ഇടങ്ങളിലൊക്കെ സ്ത്രീകൾക്ക് തുല്യ വേതനം കൊടുക്കണം എന്ന ഡിമാൻഡ് ചിലരെങ്കിലും മുന്നോട്ട് വെച്ചിട്ടുണ്ടായിരുന്നു. പക്ഷേ എന്താണ് പറ്റിയത് എന്ന് വെച്ചാൽ അന്ന് കാലങ്ങളിൽ കൂലിക്ക് വ്യവസ്ഥകൾ ഒന്നും ഉണ്ടായിരുന്നില്ല.അത് കഴിഞ്ഞ് സ്വാതന്ത്ര്യം കിട്ടി കേരളം ഒരു സംസ്ഥാനം ഒക്കെ ആയി മാറി, ആ സമയത്ത് wage fixation എന്ന കമ്മിറ്റി കേരളത്തിൽ ഉണ്ടാവുന്നത്.അവരാണ് തൊഴിലാളികൾക്ക് കൊടുക്കേണ്ട മിനിമം വേതനം എത്ര ആയിരിക്കണമെന്ന് തീരുമാനിക്കുന്നത്.പക്ഷെ അപ്പോഴും പറ്റിയത് എന്താണെന്ന് വെച്ചാൽ പല മേഖലകളിലും ഈ wage fixation committee തീരുമാനിച്ചത് ,പുരുഷനാണ് കുടുംബം നടത്തുന്നത് അത് കൊണ്ട് പുരുഷന്ന് വേതനം കൊടുക്കുന്നതിന് പുറമെ ഒരു ഫാമിലി വേജ് കൊടുക്കണം. സ്ത്രീ തൊഴിലാളി ആണെങ്കിൽ അവർ സെക്കൻഡറി ആണ് അവർക്ക് കുടുംബം നോക്കേണ്ട ബാധ്യത ഇല്ല എന്നാണ് കമ്മിറ്റി തീരുമാനിച്ചത്.അപ്പൊ ശെരിക്കും family wage കൊടുക്കേണ്ടിയിരുന്നത് പുരുഷനായിരുന്നില്ല മറിച്ച് സ്ത്രീക്കായിരുന്നു. പുരുഷന് മാത്രം family wage കൊടുക്കുകയും സ്ത്രീക്ക് കൊടുക്കാതിരിക്കുകയും ചെയ്തപ്പോ പിന്നെ തുല്യ ജോലിക്ക് തുല്യ വേതനം എന്നുള്ളത് ഉണ്ടോ?.



**ഡോ.കെ എസ് മാധവൻ**

സാമൂഹിക ശ്രേണി എന്ന് വെച്ചാൽ ജാതീയ ശ്രേണി തന്നെ അണ്, അപ്പൊ ലിംഗഭേദങ്ങളും ജാതിവേർതിരിവുകളും  രണ്ടും കൂടി ചേർന്ന് നിലനിൽക്കുന്ന ഒരു ഘട്ടത്തിലാണ് ഇന്ത്യയുടെ അസമത്വ വ്യവസ്ഥ ചരിത്രപരമായി നിലനിൽക്കുന്നത്. ജെൻഡറിൽ സ്ത്രീകൾ മാറ്റി നിർത്തപ്പെടുന്നു,

ജാതീയതയിൽ സ്ത്രീ ഉൾപ്പെടെ ജാതീയ പുരുഷന്മാരും മാറ്റി നിർത്തപ്പെടുന്നു. ജാതീയത എങ്ങനെയാണ് മനുഷ്യരെ വേർതിരിക്കുന്നതും അവരുടെ വളർച്ചയെ തടയുന്നതെന്നും നമ്മളോട് സംവദിക്കുകയാണ് **ഡോ.കെ എസ് മാധവൻ**

## ? *വിദ്യാഭ്യാസവും സാമൂഹിക നീതി സങ്കൽപവും ഒന്ന് വിശദീകരിക്കാമോ..*

വിദ്യാഭ്യാസം എന്ന് പറയുന്നത് inclusive ആയ പ്രോസസ് ആവണം. inclusive എന്നുപറയുന്നത് എല്ലാ പ്രദേശങ്ങളെയുംഎല്ലാ സാമൂഹ്യ വിഭാഗങ്ങളെയും അവർക്ക് പങ്കാളിത്തം ലഭിക്കുന്ന പ്രക്രിയയായിരിക്കണം. അതു വഴി സാമൂഹികമായ ശാക്തീകരണത്തിന് . ഭരണ കൂടത്തിന്റെയും സിവിൽ സമൂഹത്തിന്റെയും പ്രധാന ലക്ഷ്യം അവസര സമത്വം എല്ലാ വിഭാഗങ്ങൾക്കും നൽകുക എന്നതാണ്.അതിന് വിദ്യാഭ്യാസ പക്രിയ തന്നെ ഇൻക്ലൂസീവ് ആവണം.

അതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക സ്ഥാപനപരമായും സാമ്പത്തികമായും മറ്റ എല്ലാ ഗുണകരമായ രീതിയിലും അവരെ പിന്തുണക്കുക നൂറ്റാണ്ടുകളായി അവർ വിദ്യാഭ്യാസ അവസരങ്ങളിൽ നിന്നും പുറംതള്ള പ്പെട്ടതായത് കൊണ്ട് അവർക്ക് മത്സരശേഷിയിലേക്ക് അവർക്ക് എത്താൻ കഴിഞ്ഞിട്ടില്ല,അത്കൊണ്ട് തന്നെ ഈ മത്സര ശേഷി ഉണ്ടാകിയെടുക്കാനുള്ള നയങ്ങളും സംവിധാനങ്ങളും വേണം.

ഭരണ കൂടം എപ്പോഴും നീതിപൂർവമായി വിദ്യാഭ്യാസത്തെ കാണണം.പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള വിദ്യാഭ്യാസ പക്രിയക്ക് വേണ്ടി കൂടുതൽ തുക കണ്ടെത്തുകയും അത് വകയിരുത്തി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യണം.എന്നാല് ഇപ്പോഴത്തെ ഗവൺമെന്റ് അതല്ല ചെയ്യുന്നത്. വിദ്യാഭ്യാസത്തെ സ്വകാര്യ വൽക്കരിക്കപ്പെട്ടു.

മറ്റൊന്ന് സാമൂഹ്യ ശ്രേണി അണ്. സാമൂഹ്യ ശ്രേണി എന്ന് വെച്ചാൽ ജാതീയ ശ്രേണി അണ്, അപ്പൊ ലിംഗഭേദങ്ങളും ജാതിവേർത്തിരിവുകളും രണ്ടും കൂടി ചേർന്ന് നിലനിൽക്കുന്ന intersectional ആയിട്ടുള്ള ഒരു ഘട്ടത്തിലാണ് ഇന്ത്യയുടെ അസമത്വ വ്യവസ്ഥ ചരിത്രപരമായി നിലനിൽക്കുന്നത്.ഇത് രണ്ടും എപ്പോഴും exclusion ഉണ്ടാക്കുന്നു എന്നുള്ളതാണ്. ജെൻഡറിൽ സ്ത്രീകൾ exclud ചെയ്യപ്പെടുന്നു

ജാതിയിൽ സ്ത്രീ ഉൾപ്പെടെ പുരുഷന്മാരും ഉൾപ്പടെ exclude ചെയ്യപ്പെടുന്നു.നിശ്ചിത വിഭാഗം ആളുകൾ who had been systematically excluded because of the opperation of caste system. അപ്പോൾ സ്വാഭാവികമായും ജാതി വ്യവസ്ഥ ഒരു hierarchy ആയി മാറും. അങ്ങനെ വരുമ്പോൾ ഈ പുറംതള്ളപ്പെടുന്ന ആളുകൾ,എല്ലാ സ്ത്രീകളും ഈ രീതിയിൽ എല്ലാ പുറംതള്ളപ്പെടുന്നത് ,സമൂഹത്തിന്റെ അടിത്തട്ടിൽ വരുന്ന അധ്വാനിക്കുന്ന കൈവേലകളിൽ ഏർപ്പെടുന്ന അത്പോലെ തന്നെ മറ്റ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സമൂഹങ്ങളിൽ പെട്ട സ്ത്രീകൾ ഏറ്റവും കൂടുതൽ അടിച്ചമർത്തപ്പെടുകയും പുറംതള്ളപ്പെടുകയും ചെയ്യുന്നു. അത്തരം ഒരു സാമൂഹിക വ്യവസ്ഥയിൽ പുറം തള്ളപ്പെട്ട ആളുകൾക്ക് സ്വാഭാവികമായും സാമൂഹ്യ അന്തസ്സും മാന്യതയും പദവിയും ഒന്നും ഉണ്ടാവുകയില്ല. ജാതി വ്യവസ്ഥയിൽ പുറംതള്ളപ്പെട്ട ആളുകളെ പുറം തള്ളി നിർത്തുന്നതെന്താ ഈ അയിത്തം പോലുള്ള സാമൂഹ്യ വിവേചനങ്ങളും അടിച്ചമർത്തുന്നത് കൊണ്ടാണ്. അപ്പോൾ അത്തരം ആളുകൾക്ക് human dignity നിഷേധിക്കപ്പെടുകയാണ് . ഈ human dignity നിഷേധിക്കുന്നതിന് പ്രവർത്തിച്ച ഒരു സാമൂഹിക വ്യവസ്ഥിതി എന്ന് പറയുന്നത് വർണ ജാതി വ്യവസ്ഥയാണ്. അപ്പോൾ വർണ ജാതി വ്യവസ്ഥയിൽ അധിഷ്ഠിത മായിട്ടുള്ളതാണ് ഇന്ത്യയിലെ hairarcy. Caste hairarcy ആണെങ്കിലും gender hierarchy ആണെങ്കിലും. അപ്പൊ സ്വാഭാവികമായി ഈ രണ്ട് വ്യവസ്ഥയുടെ ഭാഗമായിട്ടും ഒരളവിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭൂരിഭാഗം വരുന്ന സ്ത്രീകളും അടിച്ചമർത്തപ്പെടുകയും, പുറന്തള്ളപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അതുപോലെ അദ്ധ്വാനിക്കുന്ന ജാതി വിഭാഗങ്ങളിൽ എല്ലാവരും അയിത്ത ജാതിക്കാർ എന്ന നിലയിൽ അവരെ പുറന്തള്ളപ്പെടുത്തുകയും ഹീനരാക്കുകയും അറിവിൽ നിന്നും സാമൂഹ്യ മാന്യതയിൽ നിന്നും അവരെ മാറ്റി നിർത്തുകയും ചെയ്യുന്നു. ഈ വിലക്കുകൾ ഏർപ്പെടുത്തുന്നത് ആരാണ്, സമൂഹത്തിൽ മേൽക്കോയ്മ സ്ഥാപിച്ച സമൂഹ്യ

വിഭാഗങ്ങളായിരുന്നു. അവരുടെ പ്രത്യയശാസ്ത്രം എന്ന് പറയുന്നത് വർണ ജാതി വ്യവസ്ഥിതിയിൽ തങ്ങളാണ് സമൂഹത്തിലെ കൊയ്മ ഉള്ളവർ എന്നാണ്. ഇത് ശരിയാണ് എന്നും ഇത് സ്വാഭാവികമാണെന്നും ഇത് ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ് എന്നും ഇത് വ്യവസ്ഥാ പരമായ കാര്യമാണെന്നും എന്ന് പറഞ്ഞ് ന്യായീകരിക്കുന്നവ രായിരുന്നു ഇന്ത്യയിലെ പൊതു ആയിട്ടുള്ള ധർമ്മ വ്യവസ്ഥ. അതിനെ അണ് സനാതന ധർമം എന്ന് പറയുന്നത്.

സനാതന ധർമം എന്നുപറഞ്ഞാൽ ഈ ചൂഷണ വ്യവസ്ഥ ഈ അടിച്ചമർത്തുന്ന വ്യവസ്ഥ ഈ ജാതി ഭേദങ്ങളുടെയും ലിംഗഭേദങ്ങളുടെയും അസമത്വ വ്യവസ്ഥ ശരിയും ദൈവികവും മാറ്റാൻ പാടില്ലാത്തതും അണ് എന്നും അടിചമർത്തുണവൻ അടിച്ചമർത്തപ്പെടുന്ന വരെ കൂടി ബോധ്യപ്പെടുത്തി ചെയ്യുകയും ഇത് ശാശ്വതവും മാറ്റമില്ലാത്ത ആണ് എന്നും നിങ്ങൾ അതിനെതിരെ വിലപിച്ചിട്ടോ നിഷേധിച്ചിട്ടും കാര്യമില്ല എന്നുള്ളതാണ്. അങ്ങനെ സനാതന വ്യവസ്ഥയായി മാറ്റുകയും അതിനാവശ്യമായ ന്യായീകരണങ്ങൾ എപ്പോഴും മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിലാണ്. ഇന്ത്യയിൽ അത് ധർമ്മശാസ്ത്രങ്ങൾ എന്ന് പറയുന്ന മനുസ്മൃതി ഉൾപ്പടെയുള്ള സ്മൃതികളിലൂടെ ആണ്. അതിന് ഹിന്ദു മതത്തിന്റെ അല്ലെങ്കിൽ ബ്രാഹ്മണ മതത്തിന്റെ ന്യായീകരണം ആക്കാലത്തും അതിന് ഉണ്ടായിരുന്നു. ഇന്നത്തെ ഹിന്ദുത്വ വാദികളായിട്ടുള്ള ആളുകൾ അല്ലെങ്കിൽ അവരുടെ പ്രസ്ഥാനങ്ങൾ പറയുന്നത് എന്താണ് ഈ ജാതി വ്യവസ്ഥ ഇന്ത്യയെ അഖണ്ഡതയോടെ ഐക്യപ്പെടുത്തി നിർത്തിയിട്ടുള്ള ഒരു സംസ്കാര സാമൂഹിക രൂപമായിരുന്നു എന്നും അത് ഒരു ചൂഷണ വ്യവസ്ഥ ആയിരുന്നില്ല എന്നുമാണ്. അത് യാഥാർത്ഥതിൽ തെറ്റായ സങ്കല്പം മാത്രമല്ല ജാതിയെ ന്യായീകരിക്കുന്ന ബ്രാഹ്മണ ആശയവും വരേണ്യ ജാതി വിഭാഗങ്ങളുടെ മേൽക്കോയ്മ നിലനിർത്താൻ വേണ്ടിയുള്ള ജാതിയെ സാധൂകരിക്കുന്ന ആശയം കൂടിയാണ് .അങ്ങനെയുള്ള ഒരു സാമൂഹിക വ്യവസ്ഥയിൽ പുറംതള്ളപ്പെട്ട സ്ത്രീകൾ അധ്വാനിക്കുന്ന ആര് അയിത്ത ജാതി ക്കാരുടെ പുറംതള്ളപ്പെട്ടവർ ഗോത്ര സമൂഹം തുടങ്ങിയ മനുഷ്യ സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം അവർ ചരിത്രപരമായി വിദ്യാഭ്യാസത്തിലും വിഭവങ്ങളിലും മൂലധനങ്ങളിലും അധികാരത്തിലും സാംസ്കാരികമായ മറ്റു വിഭവങ്ങളിൽ നിന്നെല്ലാം പുറന്തള്ളപ്പെട്ടവരാണ്.

അപ്പോൾ പുറന്തള്ളപ്പെട്ട ആളുകൾ ചരിത്രത്തിൽ എപ്പോഴും അവർ അടിച്ചമർത്തപ്പെടലിന്ന് വിധേയമാവുകയും അവരെ മാറ്റി നിർത്തുകയും ചെയ്ത ഒരു വ്യവസ്ഥിതിക്കെതിരായിട്ട് അവർ നടത്തിയ വിരോധങ്ങളുടെ ഭാഗമായിട്ടാണ് ഈ കാലഘട്ടത്തിൽ സ്വാതന്ത്ര്യം എന്ന സങ്കൽപം ഉണ്ടായത്. സാമൂഹിക നീതിക്ക് വേണ്ടി പങ്കാളിത്തതിന് വേണ്ടി തുല്യതക്ക് വേണ്ടി സ്വാതന്ത്ര്യത്തിന്റെ വേണ്ടി നടത്തുന്ന സമരത്തിന്റെയും ഉപരോധ ത്തിന്റെയും ഒക്കെ ഭാഗമായിട്ടാണ് സ്ത്രീകൾ ദളിതർ ഗോത്ര വിഭാഗക്കാർ അടിച്ചമർത്തപ്പെട്ടവൻ എല്ലാവരും വിദ്യാഭ്യാസത്തിൽ ഞങ്ങൾക്ക് വേണം അറിവുത്പാദനത്തിൽ പ്രാതിനിധ്യവും പങ്കാളിത്തവും വേണം എന്നും രാഷ്ട്രീയ അധികാരത്തിൽ പങ്കാളിത്തം ഞങ്ങൾക്ക് വേണം എന്നും അല്ലെങ്കിൽ തങ്ങളെ തുല്യമായി കാണുന്ന ഒരു വ്യവസ്ഥിതി ഇവിടെ വേണം എന്നും, ആ വ്യവസ്ഥിതി നീതിപൂർവമായ ജനാധിപത്യ വ്യവസ്ഥിതി ആവണം എന്നും അതിന്റെ അടിത്തറ സാമൂഹിക നീതി ആയിരിക്കണം എന്നും പറയുന്നത്. അപ്പൊ സാമൂഹ്യ നീതി യും തുല്യത യും കൂടി നിൽക്കുന്ന ഒരു ജനാധിപത്യ വ്യവസ്ഥയാണ് അങ്ങനെ ഒരു ഭരണ ക്രമമാണ്.......

## ? *അക്കാദമിക രംഗത്തേയുള്ള യാത്രയെ കുറിച്ച്*

സ്വാഭാവികമായി നിങ്ങളെ പോലെ ഡിഗ്രി പഠിച്ചു. പക്ഷേ എന്റെ വിഷയം ചരിത്രമായിരുന്നില്ല, ഇകണോമിക്സ് ആയിരുന്നു. എറണാകുളം കോതമംഗലത്ത് ആണ് എന്റെ വീട്. പ്രീ ഡിഗ്രി യും ഡിഗ്രി യും അവിടെ ചെയ്തു.അതിന് ശേഷം എം എ ഇകണോമിക്സ് എടുക്കാനായിരുന്നു വിചാരിച്ചിരുന്നത് പക്ഷേ പിന്നീട് ഹിസ്റ്ററി യോട് താൽപര്യം തോന്നി എം എ ഹിസ്റ്ററി ചെയ്തു. സംസ്കൃതം സർവകലാശാലയിൽ ആയിരുന്നു പിജി ചെയ്തത്. അവിടെ നിന്ന് എം എ ക്ക് ഫസ്റ്റ് റാങ്ക് ഉണ്ടായിരുന്നു . അതോടൊപ്പം UGC യുടെ ഗവേഷണ ഫെല്ലോഷിപ്പ് JRF, നെറ്റ് എന്നിവയും കിട്ടി.സ്വാഭാവികമായും ഫെല്ലോഷിപ്പ് കിട്ടിയപ്പോൾ റിസ്സേർച്ച് ചെയ്യാൻ നിർബന്ധിതനായി. റിസ്സേർച്ചിന് വേണ്ടിയാണ് ഞാൻ ഇവിടെ വന്നത്. 1999 ലായിരുന്നു അത്.

പിന്നീടത് കേരളത്തിന്റെ കാർഷിക സമൂഹത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് എങ്ങനെയാണ് hierarchy ഉണ്ടായത് എന്നുള്ളതിനേക്കുറിച്ചായിരുന്നു പഠനം.ഗവേഷണം പൂർത്തിയാക്കുന്ന കാലഘട്ടത്തിൽ തന്നെ എനിക്ക് ഇവിടെ ജോലി കിട്ടിയിട്ടുണ്ട്.20 വർഷമായി ഇവിടെ... ഗവേഷണ വിഷയം കേരള ചരിത്രമായതി നാൽ കേരളത്തിന്റെ ഒരു പ്രീ മോഡൽ ഹിസ്റ്ററി ,സൗത്ത് ഇന്ത്യൻ ഹിസ്റ്ററി എല്ലാമാണ് ഞാൻ ഇവിടെ കൂടുതലും പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്.



ഡോ. ആസാദ്

"മിതവും നിഷ്പക്ഷവും ആദർശാത്മകവുമായി ഇടപെട്ടിരുന്ന ഒരു സ്വതന്ത്രധൈഷണിക സമൂഹം എക്കാലത്തും ഉണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയൊരു കൂട്ടരില്ല. ആ അഭാവം നമ്മുടെ സമൂഹത്തെ കുറച്ചൊന്നുമല്ല പിറകോട്ടടിപ്പിക്കുന്നത്. മിക്ക എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും ഭരണവർഗരാഷ്ട്രീയത്തിന്റെ ജീർണതകളെയും  ഹിംസോന്മാദങ്ങളെയും പിന്തുണക്കുന്നു! പകയും വൈരവും ഹിംസയും വളർത്താൻ സംഘടനാ ശക്തിയും കായികശേഷിയും മാധ്യമ പിന്തുണയുമുള്ള വലിയകക്ഷികളെ പിന്തുണയ്ക്കുകവഴി അവർ അസംഘടിതരോ ദുർബ്ബലരോ നിസ്സഹായരോ ആയ ജനതയെ ഒറ്റിക്കൊടുക്കുന്ന ഇടനിലക്കാരായി അധഃപതിക്കുകയാണ് എന്ന് **ഡോ. ആസാദ്** ലേഖനത്തിൽ നമ്മളോട് പറയുന്നു."

# വീണ്ടെടുക്കണം, നന്മയുടെ രാഷ്ട്രീയം

സങ്കുചിത മതസാമുദായിക തീവ്രവാദം പോലെയോ അതിൽക്കൂടുതലോ ആപത്കരമായി വളർന്നിരിക്കുന്ന സങ്കുചിത കക്ഷിരാഷ്ട്രീയ തീവ്രവാദം. സ്വപക്ഷത്തിനുവേണ്ടി ചാവാനും കൊല്ലാനും തയ്യാറുള്ള ഒരു സേനയെ വാർത്തെടുക്കുന്നു എന്നതല്ല, അതിനുവേണ്ടി അസത്യവും അസഹിഷ്ണുതയും പകയും ഹിംസോന്മാദവും വിതക്കുന്നു എന്നതാണ് ഭയാനകം. അത് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവിയെ ഇരുട്ടിലേക്ക് തള്ളിവിടുന്നു.

ജനങ്ങളോടും ആദർശങ്ങളോടും പ്രതിബദ്ധത പുലർത്തിപ്പോന്ന രാഷ്ട്രീയ പാരമ്പര്യം ഏറെക്കുറെ അസ്തമിച്ചിരിക്കുന്നു. നേതാക്കളോടും പാർട്ടിഘടനയോടുമാണ് ഇപ്പോൾ വിധേയത്വം. ആശയസംവാദങ്ങൾ വളരെ കുറഞ്ഞു. സ്വപക്ഷം ശരിയെന്ന് വാദിക്കാൻ ആശയവും പ്രവൃത്തിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യാനല്ല, ഇതര രാഷ്ട്രീയ കക്ഷികളുടെ ജീർണതകളുമായി തുലനം ചെയ്യാനാണ് വെമ്പൽ. വിമോചന രാഷ്ട്രീയമെന്ന് കരുതിപ്പോന്ന കക്ഷിരാഷ്ട്രീയ മുന്നേറ്റങ്ങൾ ആശയവും പ്രയോഗവും തമ്മിലുള്ള സകലബന്ധങ്ങളും അകറ്റി വംശീയതയെക്കാൾ സങ്കുചിതവും തീവ്രവുമായ സ്വകക്ഷിഭ്രാന്തിലേക്ക് താഴ്ന്നിരിക്കുന്നു.

സ്വപക്ഷഭ്രാന്തിന്റെ വിത്തും വളവും വിതരണം ചെയ്യാൻ നവസാമൂഹിക മാധ്യമങ്ങളെയാണ് ഇപ്പോൾ പ്രയോജനപ്പെടുത്തുന്നത്. എതിരാളികളെ ആശയപരമായി തുറന്നു കാണിക്കാനല്ല, വ്യക്തിവിദ്വേഷവും പകയും വളർത്തി അണികളെ അക്രമത്തിലേക്കും കൊലപാതകത്തിലേക്കും പ്രേരിപ്പിക്കാനാണ് ശ്രമം. അതിന് ഭാഷയെ ഹിംസാത്മകമാക്കി മാറ്റിയിരിക്കുന്നു. ജനാധിപത്യപരമായ ഭാഷാ ഉപയോഗം അട്ടിമറിക്കപ്പെടുന്നു. തെറിവിളികളും കൊലവിളികളും ഭീഷണികളും അയിത്താചരണ ഘോഷങ്ങളും പകയും വിവേചനവും വലിയതോതിൽ പൊതുമണ്ഡലത്തിൽ ഒഴുക്കിവിടുന്നു. ഗൗരവതരമായ സംവാദങ്ങളും സംവാദയുക്തികളും അസാദ്ധ്യമാക്കിയിരിക്കുന്നു.

വലിയ കേഡർപാർട്ടികൾ ഭയാനകമാംവിധം ശക്തവും ആപത്കരവുമായ വ്യാജപൊതുബോധം സൃഷ്ടിക്കാൻ പ്രാപ്തരാണ്. അസത്യത്തെ സത്യമാക്കാൻ, സത്യത്തെ തമസ്കരിക്കാൻ, കാണേണ്ടത് കാണാതിരിക്കാൻ, ചെറിയ കാര്യം വലിയ വിഷയമാക്കാൻ, വലിയ വിഷയം നിസ്സാരമാക്കാൻ, വിഭാഗീയമായി മാത്രം ചിന്തിക്കാൻ, ഹിംസാത്മകമായി ത്രസിപ്പിക്കാൻ, ഹീനമായ വാക്കിലേക്കും പ്രവൃത്തിയിലേക്കും പ്രേരിപ്പിക്കാൻ, സ്വകക്ഷിവാദത്തെ ഉന്മാദത്തോളമെത്തിക്കാൻ ഒക്കെയുള്ള ശ്രമത്തിൽ അവർ വിജയിക്കുന്നു. ഇത് ഒരു സമൂഹത്തിന്റെ നിലനിൽപ്പിനു തന്നെ കടുത്ത ഭീഷണിയാകുന്നു.

പുതിയമുതലാളിത്തം ലോകത്തെങ്ങും ജനതയെ കീഴടക്കുന്നത് ഭാഷയിൽ പിടിമുറുക്കിയാണ്. അധികാര രാഷ്ട്രീയം മേൽക്കോയ്മ സ്ഥാപിക്കുന്നതും അതേ രീതിയിലാണ്. സാമാന്യസമൂഹത്തെ എളുപ്പം വീഴ്ത്തി മേൽക്കോയ്മ സ്ഥാപിക്കാനാവുന്ന വിചാരങ്ങളും വികാരങ്ങളും ഉണർത്തി സജീവമായി നിലനിർത്താനും അധീശ താൽപ്പര്യങ്ങളുടെ സന്നദ്ധസേനകളായി യുവാക്കളെ ഉപയോഗപ്പെടുത്താനും അവർക്ക് കഴിയുന്നു. ഇതിനെതിരെ ഗൗരവതരമായ ആശയസമരം നടത്തുമെന്ന് നാം പ്രതീക്ഷിക്കുന്ന പാർട്ടികൾ ഇതിന്റെ പ്രധാന പ്രയോക്താക്കളും ഇരകളുമായി മാറിയിരിക്കുന്നു.

മിതവും നിഷ്പക്ഷവും ആദർശാത്മകവുമായി ഇടപെട്ടിരുന്ന ഒരു സ്വതന്ത്ര ധൈഷണിക സമൂഹം എക്കാലത്തും ഉണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയൊരു കൂട്ടരില്ല. ആ അഭാവം നമ്മുടെ സമൂഹത്തെ കുറച്ചൊന്നുമല്ല പിറകോട്ടടിപ്പിക്കുന്നത്. മിക്ക എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും ഭരണവർഗ രാഷ്ട്രീയത്തിന്റെ ജീർണതകളെയും ഹിംസോന്മാദങ്ങളെയും വിമർശനരഹിതമായി പിന്തുണക്കുന്നു! പകയും വൈരവും ഹിംസയും വളർത്താൻ സംഘടനാ ശക്തിയും കായികശേഷിയും മാധ്യമ പിന്തുണയുമുള്ള വലിയകക്ഷികളെ പിന്തുണയ്ക്കുകവഴി അവർ അസംഘടിതരോ ദുർബ്ബലരോ നിസ്സഹായരോ ആയ ജനതയെ ഒറ്റിക്കൊടുക്കുന്ന ഇടനിലക്കാരായി അധപ്പതിക്കുകയാണ്.

ശക്തിയുള്ളവരുടെ വാദത്തെ ശരിവെക്കാനല്ല, ആശയവ്യക്തത വരുത്താനുള്ള സംവാദങ്ങൾക്കും തീർപ്പുകൾക്കും ജനാധിപത്യപരമായ വഴി തുറക്കുകയും ജനങ്ങളെ അതിലേക്ക് നയിക്കുകയും ചെയ്യാനാണ് സ്വതന്ത്ര ധൈഷണിക പ്രവർത്തകർ തയ്യാറാവേണ്ടത്. വ്യക്തികൾക്കും സമൂഹത്തിനും ഭാഷയ്ക്കും ജനാധിപത്യമൂല്യങ്ങൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. അൽപ്പകാലവും കൂടി ഇങ്ങനെ പോയാൽ ഇനിയൊരു തിരുത്തലിന് ആർക്കും സാദ്ധ്യമായെന്ന് വരില്ല. തുറന്നുവിട്ട ഭൂതത്തെ തിരിച്ച് കുപ്പിയിലടയ്ക്കാൻ തുറന്നുവിട്ടവർക്ക് ഇനി സാദ്ധ്യമാവുകയുമില്ല.



**ഡോ.എം ഹരിപ്രിയ**

ഇന്ത്യൻ ജനതയുടെ പരമാധികാരത്തെ വിളംബരം ചെയ്യുന്ന ഭരണഘടന. മറ്റെല്ലാ മാനദണ്ഡങ്ങൾക്കും അപ്പുറം ഒരേ മൂല്യമുള്ള വോട്ടധികാരവുമായി ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ ജനത. മതേതര-ജനാധിപത്യ - സോഷ്യലിസ്റ്റ് ആശയങ്ങൾ സമസ്ത മേഖലകളിലെയും ജനജീവിതത്തെ സ്പർശിക്കുന്നു. പൗരന്റെ മൗലിക അവകാശങ്ങളെ സംരക്ഷിക്കുന്ന നീതിന്യായ വ്യവസ്ഥ. വ്യത്യസ്തതകളെ ചേർത്ത് പിടിയ്ക്കുന്ന ഫെഡറൽ സംമ്പ്രദായം. വെറുപ്പിന്റെ പ്രത്യയശാസ്ത്രത്തെ അഹിംസകൊണ്ടും ചേർത്ത് നിർത്തൽ കൊണ്ടും വകഞ്ഞ് മാറ്റുന്ന ഒരു ജനത. ഇന്ത്യൻ ജനാധിപത്യത്തെ കുറിച്ചും ഭരണഘടന നൽകുന്ന സുരക്ഷിതത്വത്തെ കുറിച്ചും **ഡോ.എം ഹരിപ്രിയ** എഴുതിയ ലേഖനം

# അതുല്യമായ ഇന്ത്യൻ ജനാധിപത്യം

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തു കൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

ഭരണഘടന തുടങ്ങുന്നത് തന്നെ ജനങ്ങളുടെ പരമാധികാരത്തെ വിളംബരം ചെയ്തുകൊണ്ടാണ്. ഇന്ത്യായിലെ വലിയ വിഭാഗം ജനത നിരക്ഷരരും ജനാധിപത്യത്തെയും രാഷ്ട്രതന്ത്രത്തെയും കുറിച്ച് അജ്ഞരും ആയിരുന്നിട്ടും മറ്റ് മാനദണ്ഡങ്ങൾ എല്ലാം മാറ്റി നിർത്തിക്കൊണ്ട് ഒരു പൗരന് ഒരു വോട്ട് അതിന് ഒരേ മൂല്യം എന്ന വിശാലമായ ജനാധിപത്യ ആശയമാണ് ഇന്ത്യ നടപ്പിലാക്കിയത്. വിലയേറിയ വോട്ടവകാശം നേടിയതിലൂടെ ഇന്ത്യൻ പൗരന്റെ സ്വാഭിമാനം വളരുകയും സ്വന്തം രാജ്യം കെട്ടിപ്പടുക്കുന്ന മഹത്തായ സംരംഭത്തിന്റെ ഇഴകൾ നെയ്തെടുക്കുന്നതിൽ സ്വയം സമർപ്പിക്കാനും ഉത്തരവാദിത്തം ഏറ്റെടുക്കാനും അവരെ പ്രേരിപ്പിച്ചു.

ഭരണഘടനയുടെ നാലാം അധ്യായമായ നിദേശക തത്വങ്ങ ളിൽ പ്രകടമായിരുന്ന ആശയമായിരുന്നു സോഷ്യലിസം. 1976 ൽ നാൽപ്പത്തിരണ്ടാം ഭേദഗതിയിലൂടെയാണ് ഈ പദം ഭരണഘടനയുടെ ഭാഗമായി മാറിയത്. 1954ൽ സോഷ്യലിസ്റ്റ് സാമൂഹിക ക്രമം എന്നത് ഒരു പ്രത്യേക പ്രമേയമായി അംഗീകാരം നൽകിയിരുന്നു. പൂർവ്വ യൂറോപ്യൻ രാജ്യങ്ങൾ വെച്ചുപുലർത്തിയ സർവ്വാധിപത്യ സോഷ്യലിസ്റ്റ് ഭരണമല്ല മറിച്ച് ജനാധിപത്യ സോഷ്യലിസമാണ് ഇന്ത്യ സ്വീകരിച്ചത്.

ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന മൂല്യമായി ഉയർത്തിക്കാണിക്കാൻ കഴിയുന്ന ഒന്നാണ് മതേതരത്വം. ഒരു മതവും രാജ്യത്തിന്റെ ഔദ്യോഗിക മതമല്ല. മതത്തിന്റെയോ ജാതിയുടെയോ വർഗ്ഗത്തിന്റെയോ പേരിൽ രാഷ്ട്രം യാതൊരു വിധ വിവേചനവും വെച്ചു പുലർത്തില്ല. ഇന്ത്യയുടെ മതേതര സങ്കൽപ്പം പാശ്ചാത്യ ലോകത്ത് നിന്ന് തികച്ചും വ്യത്യസ്തമാണ്. സ്വന്തം മത വിശ്വാസം പ്രസംഗിക്കാനും പ്രചരിപ്പിക്കാനും ആചരിക്കാനും ഉള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പ് നൽകുന്നുണ്ട്. ചുരുക്കത്തിൽ പൗരന്മാരോടുള്ള രാജ്യത്തിന്റെ ബന്ധത്തിൽ അവർ സ്വീകരിച്ചിരിക്കുന്ന മതം ഒരു തരത്തിലും സ്വാധീനിയ്ക്കുന്നില്ല. ഏതൊരിന്ത്യൻ പൗരനും രാജ്യത്തെ ഏറ്റവും ഉന്നതമായ പദവിയ്ക്ക് അർഹത നേടാൻ കഴിയുന്ന രാഷ്ട്രീയ സമത്വമാണ് ഭരണഘടന ഉറപ്പ് നൽകുന്ന മതേതര സങ്കൽപ്പത്തിന്റെ സാരാംശം.

രാജ്യത്ത് അപരിമിതമായ അധികാരങ്ങൾ ഏതെങ്കിലും ഒരു വിഭാഗം കൈയ്യടക്കി വെയ്ക്കാൻ തുടങ്ങിയാൽ ജനാധിപത്യത്തെ മറികടന്ന് സ്വേച്ഛാധിപത്യ വ്യവസ്ഥയുടെ സവിശേഷതകൾ ദൃശ്യമായി തുടങ്ങും. അതുകൊണ്ട് തന്നെയാണ് ഭരണാധികാരത്തിന്റെ കൈയ്യേറ്റങ്ങൾക്കെതിരെ ഭരണ ഘടനാപരമായി പൗരന്മാർക്ക് ചില അവകാശങ്ങൾ ഉറപ്പ് നൽകുന്നത്. മൗലികാവകാശങ്ങളുടെ മുകളിൽ പൗരന്റെ വ്യക്തിസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്ന നിയമനിർമ്മാണം നടത്താൻ നിയമനിർമ്മാണ സഭകൾക്ക് അധികാരമില്ല. എക്സിക്യൂട്ടീവിനെ

സംബന്ധിച്ചും ഇടപെടലുകളിൽ മൗലികാവകാശ ലംഘനം ഉണ്ടായില്ലെന്ന് ഉറപ്പ് വരുത്തേണ്ടത് ഉത്തരവാദിത്തമാണ്. അഭിപ്രായ സ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, നിയമത്തിനു മുന്നിൽ സമത്വം, നിയമത്തിന്റെ തുല്യമായ സംരക്ഷണം, മതവിശ്വാസത്തിനുള്ള സ്വാതന്ത്ര്യം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സ്വാതന്ത്ര്യം തുടങ്ങി ഒരു മനുഷ്യൻ എന്ന നിലയിൽ ആവശ്യമായ എല്ലാ അവകാശ അധികാരങ്ങളും മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നുണ്ട്.

എന്നാൽ വ്യക്തികളുടെ അവകാശങ്ങൾ രാജ്യത്തിന്റെ പൊതുരക്ഷയ്ക്കും ക്ഷേമത്തിനും എതിരാണെങ്കിൽ അവ അനുവദനീയമല്ല.

ഒരാളുടെ അഭിപ്രായസ്വാതന്ത്ര്യം മറ്റൊരാളെ അധിക്ഷേപിക്കാനുള്ള സ്വാതന്ത്ര്യമല്ല... സഞ്ചാരസ്വാതന്ത്ര്യം മറ്റുള്ളവരുടെ നേരെ കൈയേറ്റം നടത്താനുള്ള സ്വാതന്ത്ര്യവുമല്ല. അതായത് അവകാശങ്ങൾ ആസ്വദിക്കുമ്പോൾ കടമകൾ വിസ്മരിക്കാൻ കഴിയില്ല.

രാജ്യത്തിന്റെ സമ്പത്തും അധികാരവും ഏതെങ്കിലും വ്യക്തിയുടെയോ വ്യക്തികളുടെയോ കൈകളിൽ കേന്ദ്രീകൃതമാവാതിരിക്കാൻ ഭരണഘടന പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. ഗവൺമെന്റിന്റെ നയരൂപീകരണത്തിൽ ചില അടിസ്ഥാന തത്വങ്ങൾ പിൻതുടരണമെന്ന് ഭരണഘടന പറയുന്നു. ഇതാണ് നിർദ്ദേശകതത്ത്വങ്ങൾ. ഇത് രാജ്യത്തിന്റെ സമസ്ത മേഖലകളിലും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിപാലനം ഉറപ്പാക്കുന്നു.

ഇത് പ്രകാരം എല്ലാ പൗരന്മാർക്കും സ്ത്രീപുരുഷഭേദമെന്യേ, തൃപ്തികരമായ ഉപ ജീവനമാർഗത്തിന് അവകാശമുണ്ടായിരിക്കണം. സമൂഹത്തിലെ ഭൗതികവിഭവങ്ങളുടെ ഉടമാവകാശവും നിയന്ത്രണവും പൊതുനന്മയ്ക്ക് ഏറ്റവും പറ്റിയ രീതിയിൽ വിതരണം ചെയ്തിരിക്കണം.സാമ്പത്തികവ്യവസ്ഥയുടെ പ്രവർത്തനഫലമായി പൊതുനന്മയ്ക്ക് ഹാനികരമായ രീതിയിൽ സമ്പത്തിന്റെയോ ഉൽപ്പാദനോപകരണങ്ങളുടെയോ കേന്ദ്രീകരണം സംഭവിക്കരുത്. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യജോലിക്കു തുല്യവേതനം ലഭിക്കണം, സ്ത്രീപുരുഷന്മാരായ തൊഴിലാളികളുടെ ആരോഗ്യവും കായികശേഷിയും, അതുപോലെ കുട്ടികളുടെ ഇളംപ്രായവും ദുരുപയോഗപ്പെ ടുത്തിക്കൂടാ; സാമ്പത്തികമായ ഗതികേടുമൂലം തങ്ങളുടെ പ്രായ ത്തിനോ ശേഷിക്കോ നിരക്കാത്ത തൊഴിലുകൾ സ്വീകരിക്കാൻ പൗരന്മാരാരും നിർബന്ധിതരാകരുത്. കുട്ടികളും യുവതിയുവാക്കളും ചൂഷണത്തിൽനിന്നും ധാർമികവും ഭൗതികവുമായ അവഗണനകളിൽ നിന്നും സംരക്ഷിക്കപ്പെടണം.

നിദേശകതത്ത്വങ്ങൾ ഇന്ത്യൻ സമൂഹത്തിലെ അവശതയനുഭവിക്കുന്നവരുടെ മാഗ്നാകാർട്ട തന്നെയാണ്. രാജ്യത്ത് ആര് അധികാരത്തിൽ വന്നാലും തോന്നിയതു പോലെ പ്രവർത്തി ക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടാകില്ല. നിക്കയില്ല. അധികാര വിനിയോഗത്തിന് നിർദ്ദേശക തത്ത്വങ്ങളെ മറികടക്കാൻ അവർക്കാകില്ല. യാഥാസ്ഥിതിക ശക്തികൾ അധികാരം നേടുന്ന കാലത്ത് നിർദ്ദേശക തത്ത്വങ്ങളുടെ പ്രസക്തി തിരിച്ചറിയുമെന്ന അംബേദ്കറിന്റെ വാക്കുകൾ ഇന്ത്യൻ ജനാധിപത്യത്തിന് കാവലാളായി ഇന്നും നിലനിൽക്കുന്നു.

പൗരന്മാർക്ക് രാജ്യത്തെ നീതിന്യായ വ്യവസ്ഥയുടെ നിഷ്പക്ഷതയിൽ വിശ്വാസമില്ലെങ്കിൽ രാജ്യത്തിന്റെ പരമാധികാരം ചോദ്യം ചെയ്യപ്പെടും. എല്ലാവർക്കും ബാധകമായ നിയമത്തിന് കീഴിൽ ജീവിക്കാൻ വേണ്ടിയാണ് മനുഷ്യൻ ദീർഘകാല പോരാട്ടം നടത്തിയത്. തുല്യനീതിയാണ് അവർ ലക്ഷ്യമായി കണ്ടത്. പൗരന്റെ രാഷ്ട്രീയ മത സാമ്പത്തിക സാമൂഹിക അവസ്ഥകളോ. ഭരണം നടത്തുന്നവരുടെ യോ നീതി നിർവ്വഹണ മേഖലയുടേയോ താൽപ്പര്യങ്ങളോ കാരണം നീതിന്യായപാലനം നിഷ്പക്ഷമാവാതിരിക്കരുത്. ജനാധിപത്യ അവകാശ സംരക്ഷണത്തിന് സ്വതന്ത്രമായ സംവിധാനങ്ങൾ ഇല്ലാത്ത പക്ഷം നീതിന്യായ വ്യവസ്ഥ പക്ഷം ചേരുമെന്ന് ഭരണഘടനാ നിർമ്മാതാക്കൾക്കറിയാമായിരുന്നു. അതു കൊണ്ട് തന്നെയാണ് എക്സിക്യൂട്ടീവും ജുഡീഷ്യറിയും വ്യക്തമായി വേർതിരിച്ച് നിർത്തിയത്. ജഡ്ജി നിയമനത്തിൽ കർശന യോഗ്യതാ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അഴിമതിയ്ക്ക് വഴങ്ങാതിരിക്കാൻ ഉയർന്ന ശമ്പളനിരക്ക് നിശ്ചയിച്ചിരിക്കുന്നു. തെളിയിക്കപ്പെട്ട പെരുമാറ്റ ദൂഷ്യത്തിന്റെ അടിസ്ഥാനത്തിൽ, പാർലമെൻറിന്റ ഇരുസഭകളിലും ഹാജരായവരുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോട് കൂടിയും, ഇത് സഭയുടെ കേവല ഭൂരിപക്ഷമായിരിക്കയും ചെയ്താൽ മാത്രമെ അവരെ അധികാരത്തിൽ നിന്ന് നീക്കം ചെയ്യാൻ സാധിക്കുകയുള്ളൂ

സമീപകാലത്ത് ജുഡീഷ്യൽ ആക്ടിവിസം നാം പലതവണ കണ്ടിട്ടുണ്ട്. കോടതികളിൽ നിന്ന് ജഡ്ജിമാർ ഇറങ്ങി വന്ന് മാധ്യമങ്ങളെ അഭിമുഖീകരിക്കുന്നതും ഉണ്ടായിട്ടുണ്ട്. പല കോടതി വിധികളും ജനസമൂഹത്തിന്റെ വിമർശനത്തിനിടയായിട്ടുണ്ട്. എങ്കിലും നൂറ്റി നാൽപ്പത്തിയഞ്ച് കോടി ജനതയുടെ അവസാന അത്താണി ഇന്ത്യൻ ജുഡീഷ്യൽ സംവിധാനം തന്നെയാണ്.

ഇന്ത്യ പോലുള്ള ഒരു ബഹുസ്വര രാജ്യത്തിനകത്ത്, വൈവിധ്യങ്ങളെയും അതിൽ അന്തർലീനമായ ഐക്യത്തേയും നിലനിർത്തുക എന്നത് ഒരു വെല്ലുവിളിയായിരുന്നു. വംശപരവും ഭാഷാ പരവും മതപരവുമായ വ്യത്യസ്തതകൾ കൊണ്ട് സങ്കീർണ്ണമായ രാജ്യത്ത് ഭരണഘടനാപരമായി ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമായി സ്വീകരിച്ചത് ഫെഡറൽ സമ്പ്രദായം ആയിരുന്നു. കേന്ദ്ര-സംസ്ഥാന - പ്രാദേശിക ഗവൺമെൻറുകൾക്കിടയിൽ വ്യക്തമായി അധികാരം വിഭജിക്കുന്ന സമ്പ്രദായമാണിത്. രാജ്യത്തിന്റെ താൽപ്പര്യങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ കേന്ദ്ര അധികാരത്തിന് മേധാവിത്വം നൽകിക്കൊണ്ടാണ് ഭാവിയിൽ ഉണ്ടാവാനിടയുള്ള സംഘർഷങ്ങളെ പോലും നിയന്ത്രണത്തിലാക്കിയത്.

കേന്ദ്ര ഗവൺമെൻറിൽ മന്ത്രിസഭയുടെ തലവനായി പ്രവർത്തിക്കുന്നത് പ്രധാനമന്ത്രിയാണ്. മന്ത്രിസഭയിലെ അംഗങ്ങൾ വിവിധ ഭരണ വകുപ്പുകളുടെ തലവന്മാരാണ്. മന്ത്രിസഭ കൂട്ടുത്തരവാദിത്തമുള്ളതാണ്. നിയമനിർമ്മാണത്തിനായി പാർലമെൻറിന് മുന്നിൽ നയങ്ങൾ സമർപ്പിക്കുന്നത് മന്ത്രിസഭ കൂട്ടായിട്ടാണ്. ഒരു വശത്ത് ഭരണനിർവഹണവും നിയമനിർമാണവും നടത്തുന്നതിലും മറുവശത്ത് ജനങ്ങളുടെ പ്രാതിനിധ്യം വഹി ക്കുന്ന നിയമനിർമാണസഭയോട് ഭരണനിർവഹണസമിതിക്കുള്ള ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിനും ക്യാബിനറ്റ് സമ്പ്രദായം സഹായകമായിത്തീരുന്നു. മന്ത്രിസഭയുടെ ഐക്യവും കൂട്ടു ത്തരവാദിത്വവും സാധ്യമാവുന്നത് പ്രധാനമന്ത്രിയിൽ കൂടിയാണ്. ക്യാബിനറ്റ് സമ്പ്രദായത്തിന്റെ ആണിക്കല്ലാണ് പ്രധാനമന്ത്രി. മന്ത്രിസഭയിലെ അംഗങ്ങളെ ശുപാർശ ചെയ്യുന്നത് പ്രധാനമന്ത്രിയാണ്. അതുകൊണ്ട് തന്നെ നിർദ്ദേശിക്കുന്ന പ്രധാനമന്ത്രി അധികാരംത്തിലിരിക്കുന്ന കാലത്തോളമെ  മന്ത്രിമാർക്ക് തുടരാൻ കഴിയൂ.

ക്യാബിനറ്റ് സമ്പ്രദായത്തിൽ  ഭരണനിർവഹണവിഭാഗം നിയമനിർമാണ സഭയോട് സദാ ഉത്തരവാദിത്വമുള്ളതാകും. അതിനാൽ ഏറ്റെടുത്ത ഉത്തരവാദിത്വം നിറ വേറ്റുന്നതിന് അപ്രാപ്തമാകുന്ന ഘട്ടത്തിൽ  ഒരവിശ്വാസ പ്രമേയം അംഗീകരിക്കുക വഴി അതിനെ അധികാരഭ്രഷ്ടമാക്കാവുന്നതാണ്. ഇന്ത്യയിൽ ക്യാബിനറ്റ്ഭരണസമ്പ്രദായം കേന്ദ്രത്തിൽ മാത്രമല്ല, സംസ്ഥാനങ്ങളിലും തുടരുന്നു. ഓരോ സംസ്ഥാനത്തിലും മുഖ്യമന്ത്രി മന്ത്രിസഭയുടെ തലവനായി പ്രവർത്തിക്കുന്നു.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി ജനാധിപത്യ ഇന്ത്യയിൽ മതേതരത്വവും ഫെഡറലിസവും വെല്ലുവിളിക്കപ്പെട്ടുന്നു. വെറുപ്പിന്റെ പ്രത്യയശാസ്ത്രം രാഷ്ട്രീയ ആയുധമായി മാറുകയും തെരഞ്ഞെടുപ്പുകളെ സ്വാധീനിക്കുകയും ചെയ്തു. പൊതുമുതൽ അതിസമ്പന്നർക്ക് തീറെഴുതുന്നതിൽ റെക്കോർഡ് വർദ്ധനവ് ഉണ്ടായി. ഭരണഘടനയുടെ ആമുഖത്തിലെ സോഷ്യലിസം കേവല സങ്കല്പമായി മാറി. വിഭവങ്ങളുടെയും ഉൽപാദനോപാധികളുടെയും കേന്ദ്രീകരണം തടയാനും അസമത്വം അവസാനിപ്പിക്കാനുമായുള്ള, ഭരണഘടനയുടെ നാലാം ഭാഗത്തിലെ നിർദ്ദേശകതത്ത്വത്തെ ഭരണകൂടം നിഷേധിച്ചു.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും, സിബിഐയും മുതൽ ഡൽഹി പോലീസ് വരെ ഭരണകൂടത്തിന്റെ രാഷ്ട്രീയ ഉപകരണമാക്കപ്പെട്ടു. തെരഞ്ഞെടുപ്പ് കമ്മീഷൻ, മന്ത്രിസഭ, നിയമനിർമ്മാണ സഭകൾ എന്നിവ മാത്രമല്ല സർവകലാശാലകളും മനുഷ്യാവകാശ കമ്മീഷനും വരെ ഏകപക്ഷീയമായ രാഷ്ട്രീയ അധികാരത്തിന് കീഴിൽ അമർന്നു. ഇലക്ടറൽ ബോണ്ട് സംവിധാനത്തിലൂടെ രാഷ്ട്രീയത്തെ അതിസമ്പന്നർ നിയന്ത്രിക്കാൻ തുടങ്ങി.

ഇന്ത്യൻഭരണഘടനയുടെഅടിസ്ഥാനമൂല്യങ്ങൾക്ക്നേരെയുള്ളകടന്നാക്രമണത്തെനമുക്ക്ചെറുത്തോൽപ്പിച്ചേ മതിയാകൂ. കക്ഷി രാഷ്ട്രീയത്തിന് അതീതമായി നിയമവാഴ്ചയെ അംഗീകരിക്കാനും നിലനിർത്താനും കഴിയുന്ന ഒരു ഭരണഘടനാ സംസ്കാരം നാം രൂപപ്പെടുത്തി എടുക്കണം. വിയോജിപ്പുകളും സംവാദങ്ങളും വെറുപ്പിന്റെ പ്രസരണം അല്ല ഉണ്ടാക്കേണ്ടത്, മറിച്ച് ഈ അവ ജനാധിപത്യത്തിനുള്ള ഇന്ധനമായി മാറണം. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ജനാധിപത്യ - മതേതര സങ്കൽപ്പങ്ങളുടെയും രാഷ്ട്രീയത്തിന്റെ പാതയെ ജനം ചേർത്ത് പിടിക്കണം.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന് മുൻപും പിമ്പും സ്വതന്ത്രമായ രാജ്യങ്ങളിൽ ഭൂരിപക്ഷവും ഇന്ന് ഏകാധിപത്യ - മതാധിപത്യ രാജ്യങ്ങളായി മാറിയിട്ടും ഇന്ത്യൻ ജനതയ്ക്ക് ജനാധിപത്യത്തോടൊപ്പം സഞ്ചരിക്കാൻ കഴിയുന്നത് ഇഴകീറി പഠിച്ച ഒരു ഭരണഘടനയുടെ പിൻബലം ഉള്ളതുകൊണ്ട് മാത്രമാണ്. പൗരാവകാശങ്ങളെയും രാജ്യത്തിന്റെ കെട്ടുറപ്പിനെയും സംരക്ഷിച്ചു നിർത്തുന്ന ഇന്ത്യൻ ഭരണഘടന "നാം ഇന്ത്യയിലെ ജനങ്ങൾ " നൂറ്റാണ്ടുകൾ കൊണ്ട് നെയ്തെടുക്കുകയും സംരക്ഷിക്കുകയും ചെയ്തതാണ്. ഇനിയും അതിന്റെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്വവും ചുമതലയുമാണ്.

# കുന്നിൻ മുകളിലെ ഓർമപ്പൂക്കൾ



## *മഞ്ചേരി എം എൽ എ യും കേരളത്തിലെ പ്രഗത്ഭ അഭിഭാഷകനും മഞ്ചേരി എൻ എസ് എസ് കോളേജിലെ പൂർവ്വ വിദ്യാർത്ഥിയുമായ* ***അഡ്വ. യു എ ലത്തീഫ് എം എൽ എ*** *ഓർമ്മച്ചെപ്പ് തുറന്നപ്പോൾ*

കോളേജിലെ ആദ്യ ബാച്ച് സ്റ്റുഡന്റ് ആണ് ഞാൻ. 1965 ലാണ് ഈ കോളേജ് ഇവിടെ ആരംഭിക്കുന്നത്. അത് തുടങ്ങിയത് ഇന്നത്തെ എൻ എസ് എസ് സ്കൂൾ ഇല്ലേ, ആ സ്കൂളിലാണ്. അന്നത്തെ പ്രിൻസിപ്പാൾ ജെ ഡി നായർ ആയിരുന്നു. ശ്രീ മന്നത്ത് പദ്മനാഭൻ ആണ് അതിന്റെ ഉദ്ഘാടനം നിർവഹിച്ചത്. രണ്ടാമത്തെ വർഷം ഇത് അങ്ങോട്ട് പോയി, ഇപ്പോഴുള്ള സ്ഥലത്തേക്ക്. സെക്കന്റ് ഇയർ പ്രീ ഡിഗ്രി പഠിച്ചത് അവിടെയാണ്. അന്നൊക്കെ അധ്യാപകര് വളരെ കുറവാണ്. ഞങ്ങൾക്കൊക്കെ ഇന്ത്യൻ ഹിസ്റ്ററി, വേൾഡ് ഹിസ്റ്ററി, ഇക്കണോമിക്സ് ഒക്കെ ആണ് പഠിക്കാൻ. തേഡ് ഗ്രൂപ്പിൽ, ഇതിന് മൂന്നിനും ക്ലാസ് എടുക്കാൻ ഒരാൾ തന്നെ ആയിരുന്നു, രാധാകാന്ദൻ മാസ്റ്റർ. അദ്ദേഹം ഈയിടെ മരണപ്പെട്ടു. നിലമ്പൂർകാരൻ ആണെങ്കിലും മഞ്ചേരിയിൽ സ്ഥിര താമസമായിരുന്നു.

ആദ്യമായി കോളേജിൽ വരികയാണല്ലോ! അന്ന് ഫസ്റ്റ് ഗ്രൂപ്പ്കാരൻ എഞ്ചിനീയർ, സെക്കന്റ് ഗ്രൂപ്പ്കാരൻ ഡോക്ടർ, തേഡ് ഗ്രൂപ്പ്കാരൻ വക്കീലായി ഫോർത്ത് ഗ്രൂപ്പ് ആയാൽ പിന്നെ എല്ലാമായി എന്നാണ് കുട്ടികളുടെ വിചാരം.

സെക്കന്റ് ഗ്രൂപ്പിലെ കുട്ടികൾ ഈ കോക്രോച്ചിനെയും തവളയെയും ഒക്കെ പഠിക്കുമ്പോൾ വിചാരിക്കുന്നത് ഓപ്പറേഷൻ തിയറ്ററിൽ കയറിയ പോലെ ആണ്.

ഇത് മലപ്പുറം ജില്ലയിലെ ആദ്യത്തെ കോളേജ് ആണ്. ഈ വർഷം തന്നെയാണ് മമ്പാട്ടും കോളേജ് വന്നത്.

കോളേജിൽ എത്തിയപ്പോൾ ആണ് ആദ്യമായി തെരഞ്ഞെടുപ്പ് കാണുന്നത്. ഞാൻ മത്സരിച്ചില്ല. പക്ഷെ ഭയങ്കര വാശിയേറിയ മത്സരമായിരുന്നു അക്കാലത്ത് നടന്നത്. പക്ഷേ ksu sfi അതൊന്നും ഇല്ല. കുട്ടികൾ മത്സരിക്കുകയാണ് ചെയ്യുന്നത്. അന്ന് ഒരു കൂട്ടരുടെ പ്രധാന വാഗ്ദാനം ഞങ്ങൾ ജയിച്ചാൽ കോളേജിലേക്ക് ബസ് കൊണ്ട് വരും എന്നായിരുന്നു. അതിപ്പോഴും അങ്ങനെ തന്നെ. അന്ന് പക്ഷേ ബസ് ഇലക്ഷൻ മുമ്പേ തന്നെ കൊണ്ട് വന്നു. പിന്നെ അത് കയറിയിട്ടും ഇല്ല.

അന്നൊക്കെ ഭയങ്കര ഡിസിപ്ലിനാണ്. സമരം ഒന്നും ഇല്ല. അധ്യാപക വിദ്യാർഥി ബന്ധം വളരെ ശക്തമായിരുന്നു. അധ്യാപകരെ ബഹുമാനിക്കുന്ന കുട്ടികളും അധ്യാപകരെ സ്നേഹിക്കുന്ന കുട്ടികളും ഉള്ള നല്ല കോളേജ് അന്തരീക്ഷം ആയിരുന്നു ഉണ്ടായിരുന്നത്. 162 ആയിരുന്നു എന്റെ ക്ലാസ് നമ്പർ. 202 വരെയായിരുന്നു അന്ന് നമ്പർ ഉണ്ടായിരുന്നത്. 201 വനജ, 202 വസന്തകുമാരി അവിടെ നമ്പർ തീർന്നു.

രാധാകൃഷ്ണൻ മാഷാണ് നമ്പർ എടുക്കുക

അബ്ദുൽ ലത്തീഫ്

അബ്ദുസ്സലാം

ആൻഡ്രൂയിയൻ

ബാലഗോപാലൻ

ഭാസ്കരൻ

ചന്ദുട്ടി

ഗോവിന്ദൻ കുട്ടി

ഹരിഗോവിന്ദൻ

കാദർ കുട്ടി

കേശവദാസ്

കൃഷ്ണദാസ് അങ്ങനെ നീളുന്ന പട്ടിക.

അതുവരേ മലയാളത്തിൽ പഠിച്ചിടത്ത് നിന്ന് ഇംഗ്ലീഷ് മീഡിയത്തിലേക്ക് മാറുന്നു. വിജയന്മാഷ് ഹിസ്റ്ററിക്ക് ക്ലാസ് എടുത്തത് "അലി ഖുലി ഖാൻ" എന്നൊക്കെ ആയിരുന്നു.

കിടങ്ങഴി നിന്ന് നടന്ന് വരണം കോളേജിലേക്ക്. പക്ഷേ അന്ന് അതൊരു വലിയ പ്രശ്നമായിരുന്നില്ല. അതിലും ദൂരമുള്ള കാരാപ്പറമ്പ് നിന്നും ചെങ്ങര നിന്നും കുട്ടികൾ നടക്കും. ചെങ്ങര ഇളയൂരിൽ നിന്നൊക്കെ കുട്ടികൾ നടന്ന് വരാറാണ് പതിവ്.

അന്ന് വളരെ കുറഞ്ഞ ബസ്സേ ഒള്ളൂ. അച്യുതൻ നായരുടെ ഭാരത്, ഇന്ത്യൻ, മലബാർ ആർട്സ് ഫെസ്റ്റ് സ്പോർട്സ് എന്നിങ്ങനെ എന്തൊക്കെയോ നടന്നിരുന്നു. ഞാൻ അതിനൊന്നും പങ്കെടുത്തിരുന്നില്ല. അന്നൊക്കെ വലിയ കുട്ടികളും ഉണ്ടാവും കോളേജിൽ. ഞാൻ ഒക്കെ ചെറിയ കുട്ടിയായിരുന്നു അവർക്കിടയിൽ.

അന്ന് ഡയറക്ട് ഇലക്ഷൻ രീതി ആയിരുന്നു ഉണ്ടായിരുന്നത്. ഇന്നത്തെ പോലെ ക്ലാസ് പ്രതിനിധികൾ വഴി ആയിരുന്നില്ല. പിന്നീട് ഫറൂക്ക് കോളേജിലും എറണാകുളം ലോ കോളേജിലും ആയിരുന്നു എന്റെ പഠനം.



*മാജിക്കിന്റെ മായിക ലോകത്ത് നിന്ന് മഞ്ചേരി എൻ എസ് എസ് ലെ സ്വപ്നതുല്യ യൗവനത്തെ കുറിച്ച് ഗോപിനാഥ് മുതുകാട് ഓർത്തെടുത്തപ്പോൾ*

കുന്നിൻ നെറുകയിലാണ് എൻ.എസ്.എസ്.കോളേജ്. മഞ്ചേരി അങ്ങാടിയിൽ നിന്നുനോക്കുമ്പോഴാകാശംമുട്ടി നിൽ ക്കുന്ന വലിയ കെട്ടിടം കാണാം. വളഞ്ഞുപുളഞ്ഞ ചെമ്മൺ വഴി യിലൂടെയുള്ള മലകയറ്റത്തിനൊ ടുവിൽ പാറക്കൂട്ടങ്ങളും പുൽമേട്ടകളും കുറ്റിക്കാടുകളും പടർന്നുകിടക്കുന്ന പറമ്പിൽ തലയുയർ ത്തിനിൽക്കുന്ന ഒരേയൊരു കെട്ടിടം. അവിടെയായിരുന്നു പിന്നീടുള്ള മൂന്നു വർഷത്തേക്ക് എന്റെ പഠനം. മമ്പാട് കോളേജിൽ ലഭിക്കാതിരുന്ന പ്രോത്സാഹനത്തിന്റെ സുവർണ്ണ കവാടങ്ങൾ മഞ്ചേരി എൻ.എസ്.എസ്. കോളേജിൽ എന്നിലെ ഇന്ദ്രജാലക്കാരനു മുന്നിൽ തുറന്നുകിട്ടി. കലോത്സവങ്ങളിൽ മാന്ത്രികപ്രതിഭയ്ക്ക് തിളക്ക മേറിത്തുടങ്ങിയപ്പോൾ രാമ നാരായണന്റെ സാരോപദേശങ്ങൾക്ക് എന്റെ ജീവിതത്തിൽ കൂടുതൽ സ്ഥാനം ലഭിച്ചു. സ്വന്തമായൊരു വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാനായി ഞാൻ പല പരീക്ഷണങ്ങളും ചെയ്തുകൊണ്ടിരുന്നു. സംസാരത്തിലും നോട്ടത്തിലും വേ ഷത്തിലുമൊക്കെ രാമനാരായണ സൂക്തങ്ങൾ അന്വർത്ഥമാക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിക്കുകയും ചെയ്തു. ബസ് യാത്രയുടെ മടുപ്പും സമയനഷ്ടവും നികത്താനായി മഞ്ചേരി കോളേജിലെ പഠ നകാലത്ത് താമസത്തിനായി ഞാനൊരു ലോഡ്ജ് കണ്ടെത്തി. പുസ്തക പഠനവും മാജിക് പരിശീലനവും ശക്തമാക്കാൻ മരിയാ ലോഡ്ജിലെ വാസം എന്നെ ഏറെ സഹായിച്ചു. അക്കാലത്താണ് എന്റെ മാന്ത്രിക യാത്രയ്ക്ക് ആത്മവിശ്വാസത്തിന്റെയും പ്രതീക്ഷ യുടെയും പാതകൾ തീർത്ത ഒരു ഗുരുവിനെ എനിക്ക് കിട്ടിയത്. നാസർ മാസ്റ്റർ. എന്റെ സ്വന്തം ഇക്ക.

വിജ്ഞാനത്തിന്റെ ഭണ്ഡാഗാരമായിരുന്ന നാസർ മാസ്റ്റർ സ്നേഹവും നന്മയും മനസ്സിൽ സൂക്ഷിച്ചുപോന്ന വ്യ ക്തിയായിരുന്നു. എന്നെയദ്ദേഹം ഉണ്ണീ... എന്നു വിളിച്ചുപോന്നു. ഇക്കയ്ക്ക് ഇംഗ്ലീഷ് ഭാഷയിലുണ്ടായിരുന്ന പ്രാവീണ്യം അപാരമായിരുന്നു. ആദ്യകാലത്ത് ഒഴിവുദിനങ്ങളിൽ മുള്ളൻപാറയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ സ്ഥി രസന്ദർശകനായി. മുറികളിൽ മുഴുവൻ പുസ്തകങ്ങൾ കുത്തിനിറച്ച ചില്ലലമാരകൾ. ആ പുസ്തകശേഖരത്തിൽ നിന്നാണ് സാഹിത്യഗ്രന്ഥങ്ങളെ അടുത്തറിയാൻ എനിക്കവസരം ലഭിച്ചത്.

സമൂഹത്തോടുള്ള പ്രതിബദ്ധതയും കുട്ടികളോടുള്ള വാത്സല്യ വുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. എത്ര വൈകിയാലും വീട്ടി ലേക്കുപോകുംമുമ്പ് ഇക്ക എന്റെയരികിൽ വരും. മുറിക്കു പുറത്തു നിന്ന് പതുക്കെ വിളിക്കും: "ഉണ്ണീ...."

കൈയിൽ കരുതിയ കനം കൂടിയ പുസ്തകങ്ങളോടൊപ്പം എനി ക്കായുള്ള ഒരു കടലാസുപൊതിയുമുണ്ടാവും. ഉണ്ണിയപ്പം... ഇല യട... അതുമല്ലെങ്കിൽ ഒരു കടല മിഠായി പിന്നെ, ജീവിത സംബന്ധിയായ സിദ്ധാന്തങ്ങളെക്കുറിച്ച് പതിഞ്ഞ ശബ്ദത്തിൽ അദ്ദേഹം പറഞ്ഞ് തുടങ്ങും. അന്നത്തെ പത്രവാർത്തകളെ പറ്റി, അതുമായി ബന്ധപ്പെട്ട വിഷയങ്ങളെ പ്പറ്റി, അവയിൽ നിന്നു പഠിക്കേണ്ട പാഠങ്ങളെപ്പറ്റി...

ടോൾസ്റ്റോയിയുടെയും വേർഡ്സ്വർത്തിന്റെയുമൊക്കെ സാഹിത്യകൃതികളും രവീന്ദ്രനാഥടാഗോറിന്റെയും സ്വാമി വിവേകാ നന്ദന്റെയുമൊക്കെ ദർശനങ്ങളും നാസർ മാസ്റ്ററെ അത്രയേറെ സ്വാ ധീനിച്ചിരുന്നു. പാഠങ്ങൾ പകർന്നുതരുന്നതിനിടയിൽ ഒരു ദിവസം അദ്ദേഹം പറഞ്ഞു:

"ഉണ്ണീന്റെ ഒരു മാജിക് ഷോ മഞ്ചേരീല് നടത്താൻ പോണു. യു കാൻ ഇൻവൈറ്റ് യുവർ ഫ്രണ്ട്സ് ആൻഡ് ടീച്ചേഴ്സ്..." മനസ്സിൽ ഒരായിരം മുല്ലമൊട്ടുകൾ പൂത്തുലഞ്ഞു.

മാസ്റ്റർ തട്ടിക്കൂട്ടിയ സംഘാടകസമിതിയുടെ പോസ്റ്ററുകളിലും നോട്ടീസുകളിലും എന്റെ പേരും പടവും പതിഞ്ഞു. കോളേജിലേക്കുള്ള യാത്രകളിൽ, റോഡിനിരുവശവും പതിച്ച പോസ്റ്ററുകൾ കണ്ട് കൂട്ടുകാർ ചൊരിഞ്ഞ



അഭിനന്ദനങ്ങൾ ഞാൻ ഹൃദയത്തി ലേറ്റുവാങ്ങി. പരിശീലനത്തിന്റെ തിരക്കുപിടിച്ച ദിനങ്ങളിലൊന്നിൽ എന്റെ ആത്മവിശ്വാസത്തിന് ആക്കം കൂട്ടാനെന്നോണം ഒരു യൂണിവേഴ്സിറ്റിക്കാരൻ യുക്തിവാദി എന്നെ കാണാനെത്തി. ആ കൂടിക്കാഴ്ച എന്നെ കൊണ്ടെത്തിച്ചത് ചേളാരിയിലെ വർഗ്ഗീയവാദിക ൾക്കിടയിലാണ്.

യുക്തിവാദി സംഘത്തിനു വേണ്ടി ഒരു മാജിക് ഷോ അവതരിപ്പി ക്കാനായിരുന്നു എന്നെ ചേളാരിയിലേക്കു ക്ഷണിച്ചത്. അവർ അച്ചടിച്ച നോട്ടീസുകൾ പുസ്തകത്താളുകൾക്കിടയിലാക്കി ഞാൻ കൂട്ടുകാർക്കിട യിലെത്തിച്ചു. അന്ധവിശ്വാസങ്ങൾക്കെതിരെ മാജി ക്കിനെ ആയുധമാ ക്കാൻ കിട്ടിയ അവസരം വേണ്ടവിധത്തിൽ വിനിയോഗിക്കാൻ ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഫിസിക്സ് അധ്യാപകനായ ശ്രീധരൻ മാസ്റ്ററിൽ നിന്നും എനിക്ക് ലഭിച്ചു. എന്നെ ക്ഷ ണിക്കാൻ വന്ന യൂണിവേഴ്സിറ്റി ക്കാരൻ, യുക്തിവാദി സംഘം അനുശാസിക്കുന്ന തത്വസംഹിതകളെക്കു റിച്ച് വിശദീകരിച്ചു തന്നിരുന്നു. അവരുടെ ആശയങ്ങളുമായി ബന്ധപ്പെ ടുത്തി ഏതാനും ജാല വിദ്യകൾ ഞാൻ ആ വേദിയിലേക്ക് തയ്യാറാക്കി. സിദ്ധന്മാരെപ്പോലെ അന്തരീക്ഷത്തിൽ നിന്ന് ഭസ്മം സൃഷ്ടിക്കാനും ശിവലിംഗം ഛർദ്ദി ക്കാനും തീക്കനലിലൂടെ നടക്കാനും നാവിൽ ശൂലം കുത്തിക്കയ റ്റാനും കഠിന പരിശീലനം നേടി.

ചേളാരിയിലെത്തുമ്പോൾ കടത്തിണ്ണയിൽ മതവർഗ്ഗീയ ചിന്ത കളെ വിമർശിച്ചുകൊണ്ടുള്ള ഗംഭീര പ്രസംഗം നടക്കുകയായിരുന്നു. അതിന്റെ കാതൽ എന്തെന്നറിയാൻ ഞാൻ കാതോർത്തു. സുന്നി മുജാഹിദ് വിഭാഗങ്ങൾക്കി ടയിലെ ഉൾപ്പോരിനെത്തുടർന്ന് ആരോ കൊല്ലപ്പെട്ട സാഹചര്യത്തിൽ വർഗ്ഗീയ ചിന്തകൾക്കെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ചില പുരോഗമനവാദികൾ നടത്തുന്ന ശ്രമം. ഒടുവിലത്തെ പ്രാസംഗികനും വേദിവിട്ടു കഴിഞ്ഞപ്പോൾ മേശപ്പുറത്ത് നിരത്തിവച്ച മാന്ത്രിക സാമഗ്രികളുമായി ഞാൻ പീടികത്തിണ്ണയിലേക്ക് കയറി. മതത്തിനും ദൈവത്തിനുമെതിരെ ഞാനന്ന് വിളിച്ചു പറഞ്ഞതെന്തൊക്കെയായിരുന്നാവോ! ദിവ്യാത്ഭുതങ്ങളെ അനാവരണം ചെയ്തു കൊണ്ടുള്ള അവതരണവും അത്ഭുതങ്ങൾക്കു പിന്നിലെ ശാസ്ത്ര തത്വങ്ങളുടെ വിശദീകരണവും ആസ്വദിച്ചുനിന്ന കാണികൾക്ക് പക്ഷേ, മതവർഗ്ഗീയചിന്തകൾക്കെതിരെയുള്ള മൂർച്ചയേറിയ ആക്രോശങ്ങളെ പൊറുക്കാനായില്ല.

കാണികൾക്കിടയിൽ നിന്നും ചിലർ വേദിയിലേക്ക് ചാടിക്കയറി. സംഗതി പിശകിയെന്ന് മനസ്സിലായ ഞാൻ കടയുടെ തുറന്ന ജനലിലൂടെ ഇരുട്ടിലേക്കെടുത്തുചാടി. പിന്നാലെ കൂടിയ ഒരു സംഘം ആളുകൾ പിടിയെടാ അവനെ എന്ന് ഉറക്കെ വിളിച്ചു പറയുന്നത് എനിക്ക് കേൾക്കാമായിരുന്നു. നിലാവിന്റെ നേരിയ വെളിച്ചത്തിൽ പാടവരമ്പിലൂടെ സർവ്വശക്തിയുമെടുത്ത് ഞാൻ ഓടി. ചവിട്ടുവഴിയിലേക്ക് തിരിഞ്ഞപ്പോൾ ഞാൻ പുറകോട്ടു നോക്കി. രണ്ടാളുകൾ അപ്പോഴും എന്നെ പിന്തുടരുകയാണ്. പേടിച്ചരണ്ട ഞാൻ കമഴ്ന്നടിച്ച് വീണു. അവരുടെ കാൽ പെരുമാറ്റം എന്റെയരികിലെത്തിയതോടെ നിന്നു. രണ്ടുപേരും ചേർന്ന് എന്നെ എഴുന്നേൽപ്പിച്ചു നിർത്തികൊണ്ടു പറഞ്ഞു “പേടിക്കേണ്ട, ഞങ്ങൾ സംഘാടകരാണ്. നമ്മൾ യുക്തിവാദികൾ ഇങ്ങനെ പേടിച്ചാലോ?”

ആ രാത്രി യൂണിവേഴ്സിറ്റി ഗസ്റ്റ് ഹൗസിൽ ഞാനുറങ്ങി. കഴിഞ്ഞ ദിവസത്തെ സംഭവവികാസങ്ങളെ കാറ്റിൽ പറത്തിയ ലാഘവത്തോടെ മിഠായിപ്പൊതിയുമായി ഞാൻ കോളജിലെ കൂട്ടുകാർക്കിടയിൽ. അംഗീകാരങ്ങളും പ്രശംസാവാചകങ്ങളും കാഴ്ചക്കാർ ചൊരിഞ്ഞുവെന്ന് ഞാൻ കൂട്ടുകാരെ ധരിപ്പിച്ചു. ഉള്ളിൽ ലജ്ജയുടെ മുള്ളുകൊ ണ്ട് കോറുന്നുണ്ടെങ്കിലും ആ കപടനാട്യം ആടാതിരിക്കാൻ എനിക്ക് നിവൃത്തിയില്ലായിരുന്നു. വിദ്യാർത്ഥികൾക്കു നടുവിൽ നാസർ മാസ്റ്റർ നടത്തിക്കോണ്ടിരുന്ന പ്രചാരണ ത്തിലൂടെ ഇന്ദ്രജാലക്കാരനായി ഞാൻ ജ്വലിച്ചു നിന്ന സമയമായി രുന്നല്ലോ അത്. വർഷങ്ങളായി മനസ്സിൽ കൊണ്ടുനടക്കുന്ന സ്വപ്നമാണ് നാസർ മാസ്റ്റർ പൂവണിയിക്കാനൊരുങ്ങുന്നത്. ആവേശത്തിന്റെ അലകൾ സംഘർഷത്തിന്റെ വൻചുഴികളിൽ അകപെട്ടതും അപ്പോഴായിരുന്നു.



## ജീവിതത്തിലെ അവിസ്മരണീയ നിമിഷങ്ങൾ കടന്നു പോയ മഞ്ചേരി എൻ എസ് എസ് കോളേജിലെ ഔദ്യോഗിക ജീവിതകാലത്തെ കുറിച്ച് മുൻ കേരള യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളറും,സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ആയിരുന്ന ***ഡോ. എം.ടി സുലേഖ*** ഓർമ്മ പങ്കു വെച്ചപ്പോൾ

ചില സ്ഥലങ്ങൾ ചില വ്യക്തികളുടെ ജീവിതത്തിൽ ഭാഗധേയവുമായി വളരെ യേറെ ഇഴചേർന്നു കിടക്കാറുണ്ട്. എനിക്ക് അത്തരത്തിലൊരു സ്ഥലമാണ് മഞ്ചേരി. എന്റെ വ്യക്തിജീവിതത്തെയും ഔദ്യോഗിക ജീവിതത്തെയും രൂപീകരിക്കുന്നതിലും നിർണയിക്കുന്നതിലും ഈ ദേശത്തിനുള്ള പങ്ക് വളരെ വലുതാണ്.

മലയാളം എം.എ. പ്രശസ്തമായ രീതിയിൽ പൂർത്തിയാക്കി.കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ ചേർന്ന് എം. ഫിൽ പഠനം മുക്കാലും പൂർത്തിയാക്കിയ കാലം. നഗരത്തിലെ പ്രശസ്തമായ കോളേജിൽ ലീവ് വേക്കൻസിയിൽ നിയമനം ലഭിച്ചപ്പോൾ എം. ഫിൽ പഠനം ഉപേക്ഷിച്ച് പോകാൻ തയ്യാറായത് അവിടെ മൂന്നുമാസത്തിനു ശേഷമുണ്ടാകുന്ന വേക്കൻസിയിൽ സ്ഥിരം നിയമനം ലഭിക്കും എന്ന ഉറപ്പിന്മേലാണ്.ജോയിൻ ചെയ്ത് 3 മാസം കഴിഞ്ഞ ദിവസം ടെർമിനേറ്റ് ചെയ്യപ്പെട്ടതോടെ വല്ലാതെ അപമാനിതയായി, എം. ഫിൽ പഠനം പാതി വഴിയിൽ നിർത്തേണ്ടിവന്ന വേദനയോടെ ഞാൻ നാട്ടിലേക്ക് വണ്ടികയറി. അവിടെ എന്നെ കാത്തുകിടന്നത് എൻ. എസ്. എസ് മാനേജ്മെന്റിൽ ജോയിൻ ചെയ്യാനുള്ള അറിയിപ്പാണ്.മഞ്ചേരിയിലേക്കുള്ള പോസ്റ്റിങ്ങ് ഓർഡർ അങ്ങനെ എനിക്കു മൃതസഞ്ജീവനിക്കു തുല്യമായിരുന്നു.

1978 ഓഗസ്റ്റ് 25-ന് മഞ്ചേരി കോളേജിൽ ജോയിൻ ചെയ്ത ശേഷം സെക്കന്റ് ഡിസി ക്ലാസ്സിലെത്തിയ എന്നെ വരവേറ്റത് കുട്ടികളുടെ മ്ലാനമായ മുഖമായിരുന്നു. അതിസുന്ദരിയും വാചാലയുമായ സംസാരംകൊണ്ടും ഇടപെടൽ രീതികൊണ്ടും കുട്ടികളെ ഏറെ സ്വാധീനിച്ച എൽ. സുധ ടീച്ചറിന്റെ സ്ഥാനത്തേക്കുള്ള എന്റെ വരവ് പിള്ളേർക്ക് തീരെ ഇഷ്ടമായില്ല എന്ന് വേണം കരുതാൻ. എന്റെ ചിരകാല സുഹൃത്തായ സുധയുടെ ഏറെ പ്രസന്നാത്മകമായ വ്യക്തിത്വം അന്നേ എനിക്കറിയാവുന്നതുകൊണ്ട് കുട്ടികളുടെ മനസ്സ് എനിക്ക് വായിക്കാനായി. ഒന്നു രണ്ടു ദിവസം കഴിഞ്ഞതോടെ കുട്ടികൾ എന്നെയും ഏറ്റെടുത്തു എന്നറിഞ്ഞു എനിക്ക് സന്തോഷമായി. ആദ്യക്ലാസ്സിലെ കുട്ടികൾ, ഇന്ദിരയും ലേഖയും കൃഷ്ണയുമൊക്കെ ഇന്നും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നുണ്ട്.

മഞ്ചേരി ടൗണിലെ സമതലത്തിൽ, പ്രിൻസിപ്പൽ ക്വാർട്ടേഴ്സിന്റെ തൊട്ടടുത്തുള്ള ഹോസ്റ്റലാണ് അന്ന് താമസസ്ഥലം. അവിടെ നിന്ന് ഹെയർപിൻ വളവുകളുടെ ഓർമിപ്പിക്കുന്ന കുന്നിൻ പുറത്തെകോളേജിലേയ്ക്കുള്ള ജീപ്പ് യാത്രയുടെ ഓർമ്മ ഇന്നും എന്നെ ചിരിപ്പിക്കാറുണ്ട്. ഒരു പഴയ ജീപ്പും- അതിന്റെ മുൻസീറ്റിൽ ശാന്തഗംഭീര ഭാവത്തോടെ, ഇളം പുഞ്ചിരിയുമായി പ്രിൻസിപ്പൽ ഉണ്ണിത്താൻ സാർ. ഇപ്പുറത്ത്, അന്നുതന്നെ കാഴ്ചയിൽ എഴുപത്തഞ്ചു വയസ്സെങ്കിലും മതിക്കുന്ന ഒട്ടും ആരോഗ്യം തോന്നാത്ത ഗോവിന്ദൻ നായർ എന്ന ഡ്രൈവർ . പിൻസീറ്റിൽ ഹോസ്റ്റലിലെ മുതിർന്ന് ടീച്ചറായ ഇന്ദിരയേച്ചിയും, പുഷ്കല, മാലതി, ഞാൻ എന്നീ കൊച്ചു ടീച്ചർമാരും. മഞ്ചേരി ടൗൺവിട്ട് പോസ്റ്റ് ഓഫീസ് കെട്ടിടം കഴിയുന്നതോടെ ആടിയുലഞ്ഞു കാസരോഗിയെപ്പോലെ ജീപ്പ് മലകയറിത്തുടങ്ങും. ഉണ്ണിത്താൻ സാറിന്റെ ഇരിപ്പും ഗോവിന്ദൻ നായരുടെ വെപ്രാളവും ജീപ്പിന്റെ മുരന്ദ ശബ്ദവും കേട്ട്, നടന്നു കുന്നുകയറുന്ന വിദ്യാർത്ഥികൾ ചിരി തുടങ്ങും . അതുകാണുമ്പോൾ അവരെക്കാൾ ഉച്ചത്തിൽ ഞങ്ങളും പൊട്ടിച്ചിരിക്കും .മുന്നിലിരിക്കുന്ന പ്രിൻസിപ്പലിനെ ചൂണ്ടി അച്ചടക്കം പാലിക്കാൻ ആംഗ്യയത്തോടെ ആവ ശ്യപ്പെടുന്ന ഇന്ദിരടീച്ചറിന് സ്ഥിരം തലവേദനയായിരുന്നു ഞങ്ങൾ.



മഞ്ചേരി കുന്നിന്റെതുടക്കത്തിൽ സ്ഥിതി ചെയ്യുന്ന പോസ്റ്റ് ഓഫീസ് ആയിരുന്നു.

അന്ന് എനിക്കു പ്രിയപ്പെട്ട സ്ഥലം. വലിയ സഞ്ചിയും തോളിൽ തൂക്കി സുസ്മേര വദനയായി മലകയറുന്ന പോസ്റ്റ്മാൻ രാമചന്ദ്രന് ഞാനും മാലതിയും ചേർന്നിട്ട മനോഹരമായ പേരായിരുന്നു "പ്രിയദർശൻ". രാമചന്ദ്രന്റെ തോൾ സഞ്ചിയിൽ നിന്ന് ഉടമസ്ഥരുടെ കൈകളിലെത്താൻ വെമ്പൽകൊള്ളുന്ന എഴുത്തുകളോടുള്ള സ്നേഹം രാമചന്ദ്രനിലേക്കും പകർന്നു എന്നതാകും ശെരി. പത്തുനാൽപത്തഞ്ചു വർഷങ്ങൾക്കു ശേഷവും രാമചന്ദ്രൻ മനസ്സിന്റെ മുറ്റത്ത് ചിരിതൂകി നിൽക്കുന്നുണ്ട്.

നീളത്തിൽ പണിത് ,പട്ടിക കഷ്ണങ്ങൾ കൊണ്ട് അടച്ചുറപ്പും ഉറപ്പാക്കിയ ഒരു ഹാളായിരുന്നു അന്നത്തെ കോളേജ് ക്യാന്റീൻ. കുട്ടികളും അധ്യാപകരും ക്ലാസ് മുറികളിൽ നിന്നിറങ്ങിയാൽ സന്ദർശിക്കാനുള്ള ഒരേയൊരു സ്ഥലം. തേക്കുനിന്നു വന്ന എനിക്ക് ആ ക്യാന്റീനും അവിടത്തെ ഭക്ഷണവും ഒട്ടും സന്തോഷം തന്നില്ല എന്നതാണ് സത്യം.

നിഷ്കളങ്കരായ തികച്ചും ഗ്രാമീണരായ വിദ്യാർത്ഥികളായിരുന്നു അന്ന് കോളേജിലുണ്ടായിരുന്നത്.

എം.ടി. വാസുദേവൻനായരുടെ നോവലുകളിലെ നാടൻപെൺ കുട്ടികളെ ഓർമിപ്പിക്കുന്നവർ.ആൺകുട്ടികൾ അവരെ അപേക്ഷിച്ച് ഏറെ സാമൂഹ്യബോധവും രാഷ്ട്രീയ ബോധവും സിദ്ധിച്ചവരായിരുന്നു. എസ് എഫ് ഐ യും കെ. എസ്.യു വുമൊക്കെ അവർക്കിടയിൽ ഏറെ സ്വാധീനമുള്ള വിദ്യാത്ഥി സംഘടനകളുമായിരുന്നു. ശിവരാമൻ മഷുമാരുടെയും വേണുഗോപാൽ മാഷിന്റെയും ഒക്കെ പരിലാളനയിൽ അവർ കാമ്പസിനുള്ളിൽ അവർ ക്യാമ്പസിനുള്ളിൽ ചലനങ്ങൾ സൃഷ്ടിക്കുന്നതും എന്റെ ഓർമ്മയിലുണ്ട്. എങ്കിലും വിദ്യാർത്ഥികളുടെ പഠനത്തിന് മുൻതൂക്കം നൽകുന്ന കാര്യത്തിൽ അദ്ധ്യാപകരും സംഘടനകളിലെ വിദ്യാർത്ഥികളുംഏറെ ശ്രദ്ധിച്ചിരുന്നു എന്നത് ആ ഗ്രാമീണതയുടെ ശുദ്ധികൊണ്ടാണെന്ന് എനിക്കു തോന്നിയിരുന്നു.

കേരളത്തിലെ കാമ്പസുകൾ തിളച്ചു മറിയുന്ന കാലമായിരുന്നു 1978-79 കൾ എന്നത് പ്രത്യേകം ഓർക്കാവുന്നതാണ്.

അധ്യാപകസംഘടനകൾക്ക് നല്ലവളക്കൂറുള്ള മണ്ണായിരുന്നു അന്നും

മഞ്ചേരി കോളേജ്. നാട്ടിലെ അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റു കുടുംബത്തിൽ നിന്നു എത്തിയ എന്റെ രാഷ്ട്രീയം ഇടതോട്ടാണെന്ന് പലരും വിചാരിച്ചിരുന്നു. എനിക്കു അത് ഒട്ടും നിഷേ ധിക്കാനാവാത്ത സാഹചര്യമായിരുന്നു അന്നുണ്ടായിരുന്നത്. തിരുവനന്തപുരം വിടുന്ന കാലത്തോടടുപ്പിച്ചു ഞാനും അന്നത്തെ ksu പ്രസിഡന്റ് ആയിരുന്ന ജി കാർത്തികേയനും തമ്മിൽ ഇണ്ടായിത്തുടങ്ങിയ അടുപ്പം എന്റെ വീട്ടുകാർക്ക് പോലും അറിയുമായിരുന്നില്ല. (രക്ത പക്ഷവും ഹൃദയ പക്ഷവും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഹൃദയപക്ഷത്തോടു ചേർന്ന് നിന്നു ഞാൻ എന്റെ പ്രതിബദ്ധത പിന്നീട് വ്യക്തമാക്കി.)

കേരളം മുഴുവൻ ഓടിനടന്ന് വിദ്യാർത്ഥി സംഘടനാ പ്രവത്തനം നടത്തിയിരുന്നു ജി. കേ. മലപ്പുറം കോഴിക്കോട് ജില്ലകളിൽ തുടരെ ത്തുടരെ വരുമായിരുന്നെങ്കിലും അദ്ദേഹം എന്നെക്കാണാൻ മഞ്ചേരിയിൽ എത്തിയിട്ടുള്ളത് ഒരു വർഷത്തിനിടയിൽ ഒരു പ്രാവശ്യം മാത്രമാണ്. (എന്നിട്ടും ജി. കെ. കോളേജിലെ നിത്യസന്ദർശകനായിരുന്നു എന്നു പറയുകയും ഞങ്ങൾ കണ്ടു മുട്ടാ സ്പോട്ടുകൾ വരെ കൃത്യമായി നിർണയിക്കുകയും ചെയ്തിരുന്നവർ മഞ്ചേരി കോളേജിലുണ്ടായിരുന്നു എന്ന് പിന്നീട് ഞാൻ കേട്ടിട്ടുണ്ട്.)

വളരെ നിർണായകമായ ഒരു ഘട്ടത്തിൽ, G.K മഞ്ചേരിയിലെ ശ്രീ .എംപി ഗംഗാധരന്റെ വീട്ടിലെത്തി എന്നെയും വിളിപ്പിച്ച് രാത്രി വണ്ടിയിൽ തിരുവനന്തപുരത്തേക്ക് കൊണ്ടുപോവുകയും രജിസ്റ്റർ മാരേജ് ചെയ്യുകയും ചെയ്തു.

എംപി ഗംഗാധരൻ സാറിന്റെ വീട്ടിൽ നിന്ന് വണ്ടിക്കൂലിക്കുള്ള പൈസ പോലും കൈയ്യിലില്ലാതെ ഇറങ്ങിയ ജി . കെ യ്ക്ക് അവിടെ ഉണ്ടായിരുന്ന ശ്രീ ടി കെ ഹംസ അൻപത് രൂപ കൊടുത്ത് വിടുന്നത് ഇന്നും എന്റെ ഓർമ്മയിലുണ്ട്. ഞങ്ങളുടെ ദാമ്പത്യത്തിന്റെ ആദ്യത്തെ മൂലധനം ആ അൻപത് രൂപയായിരുന്നു.

മഞ്ചേരി കോളേജിൽ അരംഭിച്ച എന്റെ ഔദ്യോഗിക ജീവിതം പിന്നീടും പ്രിൻസിപ്പലും കേരളസർവ്വകലാശാലയുടെ പരീക്ഷാ കോൺട്രോളറും ആയി ഉയരങ്ങളിലേക്കാണ് പോയത്. എന്റെ വ്യക്തി ജീവിതത്തിൽ ഏറ്റവും സന്തോഷകരവും സൗഭാഗ്യകരമായ ജീവിതത്തിന് തുടക്കമായത് മഞ്ചേരി കോളേജിലെ ജീവിത കാലമാണ്.

പഠനശേഷം, ഒട്ടും താമസിക്കാതെ ഏറെ ആഗ്രഹിച്ചിരുന്ന ജോലി ബാദ്ധ്യതകളോ ഒന്നും ഉണ്ടാകാതിരിക്കുക... ഭാവിയുടെ ഭാരമില്ലാതെ, ഏറ്റവും അസ്വദിച്ച ജീവിക്കാൻ പറ്റുന്ന ആ കാലഘട്ടം എനിക്ക് ലഭിച്ചത് മഞ്ചേരി കോളേജിൽ ജോലി ചെയ്യുന്ന കാലത്താണ്. ചെറുപ്പക്കാരായ പുതിയ അധ്യാപകരെ ചേർത്തു പിടിക്കുന്ന കോളേജിലെ മുതിർന്ന അധ്യാപകരായിരുന്നു അവിടെയുണ്ടായിരുന്നത്. സരോജ ടീച്ചർ, സരസ്വതി ടീച്ചർ,വിലാസിനി ടീച്ചർ ,തുളസി ടീച്ചർ ഇവരെയൊക്കെ ഇന്നും നിറഞ്ഞ സ്നേഹത്തോടെ മാത്രമേ എനിക്ക് ഓർക്കാൻ കഴിയുന്നുള്ളൂ. കോളേജ് ഹോസ്റ്റലിന്റെ നടത്തിപ്പുകാരിയായിരുന്ന നാരായണിയമ്മയുടെ പോലും ശകാരങ്ങൾ ഏറ്റുവാങ്ങി അവരിൽ നിന്നും “കുട്ടികളെക്കാൾ ബഹളക്കാരായ ടീച്ചർമാർ” എന്ന ബഹുമതിയും നേടിയെടുത്ത മഞ്ചേരിക്കാലം സുഖദമായ ഓർമ്മയാണ് എനിക്ക് എന്നും.



# തരുമോ ഒരു ജന്മം കൂടി

*മഞ്ചേരി എൻഎസ്എസ് കോളേജ് എന്നും ഒരു പൂമരമായി - പൂന്തോട്ടമായി - പൂക്കാലമായി വിരിഞ്ഞു നിൽക്കുന്നു എന്ന് മുൻ മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യക്ഷ **ഡോ.എം ആർ പ്രസന്നകുമാരി** ഓർത്തെടുത്തപ്പോൾ*

മനുഷ്യജന്മത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ച് അറിവുള്ളവർ ഒരുപാട് കാര്യങ്ങൾ പറയുകയും സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്യാറുണ്ട്. പക്ഷേ അത്ര വിശാലമായി ചിന്തിക്കാൻ നിൽക്കാതെ നമ്മുടെ സമീപകാല ചുറ്റുപാടുകളും ആയി ഒത്തുചേർന്ന് കിട്ടുന്ന സുഖവും ദുഃഖവും ഒരു എതിർപ്പും പറയാൻ കഴിയാതെ അനുഭവിക്കുന്നവരാണ് നമ്മൾ. ഈ മനോഹര ഭൂമിയിൽ ജനിക്കാനും കൊച്ചു കൊച്ചു സന്തോഷങ്ങളും സങ്കടങ്ങളും അനുഭവിച്ച് ജീവിതത്തിന്റെ സായാഹ്ന വേളയിലേക്ക് കടക്കുമ്പോൾ ഒന്ന് തിരിഞ്ഞു നോക്കാതെ വയ്യ. ഓർമ്മകൾ അരുവികളായി തുടങ്ങി പുഴകളായൊഴുകുന്ന എൻറെ കഴിഞ്ഞുപോയ ജീവിതകാലം. അതിൽ തിളക്കമായി നിൽക്കുന്നതും എനിക്കൊരു മേൽവിലാസം ഉണ്ടാക്കി തന്നതുമായ മഞ്ചേരി എൻഎസ്എസ് കോളേജ് എന്നും ഓർമ്മിക്കാൻ ഒരു പൂമരമായി - പൂന്തോട്ടമായി - പൂക്കാലമായി മനസ്സിൽ നിറഞ്ഞു നിൽക്കുകയാണ്.

1995 നവംബർ 1 കേരളപ്പിറവി ദിനത്തിലാണ് മഞ്ചേരി എൻഎസ്എസ് കോളേജിൽ അധ്യാപികയായി ഞാൻ കടന്നുവന്നത്. അന്നുമുതൽ 2021 മെയ് 31 വരെയുള്ള കാലഘട്ടം കടന്നുപോയത് ഞാൻ അറിഞ്ഞില്ല കണ്ണുള്ളപ്പോൾ കാഴ്ചയുടെ വില അറിയില്ല എന്ന പഴഞ്ചൊല്ല് വിരമിച്ച ശേഷമാണ് ഞാൻ തിരിച്ചറിഞ്ഞത്. വലിയൊരു കുടുംബം പോലെയായിരുന്നു എനിക്ക് ആ കലാലയം. കുട്ടികളുടെ ആരവം കേൾക്കാതെ അവരുടെ കളി തമാശകൾ കാണാതെ ഉള്ള ഇന്നത്തെ ജീവിതം ഒരു നൊമ്പരമാണ്. മക്കളുടെ അടിപിടിയും വഴക്കും തീർക്കാൻ ഒരു അമ്മയെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും ശാസിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്നപ്പോൾ ഞാൻ ഏതോ അനിർവ്വചനീയമായ ഒരാനന്ദം അനുഭവിച്ചിരുന്നു എന്ന സത്യം ജീവിത സായാഹ്നത്തിലാണ് തിരിച്ചറിയുന്നത്.

കെട്ടിലും മട്ടിലുമല്ല എൻഎസ്എസ് കോളേജിന്റെ ഗാംഭീര്യം, മറിച്ച് അതിന്റെ ഉള്ളടക്കത്തിലാണ് പ്രൗഢി എന്ന് ഞാൻ തിരിച്ചറിയുന്നു. കോഴിക്കോട് സർവകലാശാലയിലെ മറ്റ് ഏത് കോളേജുമായും മാറ്റുരയ്ക്കാവുന്ന പ്രഗത്ഭരായ അദ്ധ്യാപകരുടെ ഒരു നിരയും അവരുടെ കൂട്ടായ്മയുമാണ് ഈ കലാലയത്തിന്റെ അടിസ്ഥാനം

ഇടത്തരവും ദുർബല വിഭാഗങ്ങളിലും പെട്ട വിദ്യാർത്ഥികളെ ഭാരതത്തിലെ ഒന്നാംകിട പൗരന്മാരാക്കി വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനത്തോടെ ഞാൻ ഓർക്കുകയാണ്. സമൂഹത്തിലെ ഏത് തുറയിൽ എത്തിയാലും സാമൂഹ്യ- സാംസ്കാരിക - അധികാര മേഖലകളിലെല്ലാം നമ്മൾ അറിവ് പകർന്നു നൽകി വളർത്തിയെടുത്ത യുവചേതനയുടെ കണ്ണികൾ "ടീച്ചർ" എന്ന വിളിയുമായി ഓടി വരുമ്പോൾ ഞാൻ ചെയ്ത ഒരു മുജ്ജന്മ പുണ്യത്തിന്റെ ഫലം അനുഭവിക്കാറുണ്ട്.

മലബാറിന് അഭിമാനമായി ഈ കലാലയം ഉടലെടുക്കാൻ കാരണഭൂതനായ മഞ്ചേരി കോവിലകത്തെ ശ്രീ പി എം തിരുമുൽപാടിനെ ഈ അവസരത്തിൽ ആദരവോടെ സ്മരിക്കുന്നു. ഇന്നും ആ കുടുംബം ഈ കോളേജിന്റെ ക്ഷേമകാര്യങ്ങളിൽ ശ്രദ്ധാലുക്കളാണ് എന്ന കാര്യം എടുത്തു പറയേണ്ടതാണ്.

ജാതിമത വർഗ്ഗ വർണ്ണ ഭേദമെന്യെ എല്ലാ വിദ്യാർഥികൾക്കും പഠിക്കാൻ അവസരം നൽകി ഇത്തരം ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയ മഹാനായ ഭാരത കേസരി മന്നത്തു പത്മനാഭന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ലക്ഷക്കണക്കിനു വിദ്യാർത്ഥികളെ ജീവിതവിജയത്തിലെത്തിക്കാനും ഞാനുൾപ്പെടെ ആയിരക്കണക്കിന് അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ നൽകാനും തയ്യാറായി പ്രവർത്തിക്കുന്ന എൻഎസ്എസ് മാനേജ്മെന്റിനും നിലവിൽ അതിന്റെ സാരഥിയായ ശ്രീ ജി. സുകുമാരൻ നായർ സാറിനും ആശംസകൾ അർപ്പിച്ചുകൊണ്ട് മഞ്ചേരി എൻഎസ്എസ് കോളേജിനെ കൂടുതൽ ശോഭനമായ വിജയവീഥികളിലൂടെ നയിക്കാൻ കഴിയട്ടെ എന്ന് നിറഞ്ഞ മനസ്സോടെ പ്രാർത്ഥിക്കുന്നു.



*ഈ കോളേജ് എനിക്ക് പൂർണ്ണ വൃത്തമായി മാറിയിരിക്കുന്നു - വിദ്യാർത്ഥിയിൽ നിന്ന് അധ്യാപികയിലേക്ക്, പഠിതാവിൽ നിന്ന് ഉപദേഷ്ടാവിലേക്ക്... ഓർത്തെടുക്കുകയാണ് കൊമേഴ്സ് വിഭാഗത്തിലെ **സരിത ടീച്ചർ..***

എന്റെ അധ്യാപനത്തിന്റെ നീണ്ട 10 വർഷങ്ങൾക്കിപ്പുറം തിരിഞ്ഞു നോക്കുമ്പോൾ ഒരുപാട് ഓർമകൾ അലയടിക്കുന്നു.

ഇന്ന് ഞാൻ എന്റെ വിദ്യാർത്ഥികൾക്ക് മുന്നിൽ നിൽക്കുമ്പോൾ, എന്റെ സ്വന്തം യാത്രയെക്കുറിച്ച്, ഒരിക്കൽ ഞാൻ ഈ കോളേജിൽ വിദ്യാർത്ഥിയായി നടന്ന പാതകളെകുറിച്ച് ഓർമ്മിക്കുന്നു.അതേ ക്ലാസ് മുറികൾ, അതേ ലൈബ്രറി, ഞാൻ എണ്ണമറ്റ മണിക്കൂറുകൾ പഠിച്ച സ്വപ്നം കണ്ട അതേ അന്തരീക്ഷം. അതേ ചോക്ക്ബോർഡ്, അതേ മേശകൾ, രൂപപ്പെടാൻ കാത്തിരിക്കുന്ന അതേ ആകാംക്ഷയുള്ള മനസ്സുകൾ. ഒരു അദ്ധ്യാപികയെന്ന നിലയിൽ എന്റെ യാത്ര ആരംഭിച്ചത് ഈ കലാലയത്തിൽ നിന്നാണ്.

എന്റെ ഉള്ളിൽ പഠിക്കാനുള്ള അഭിനിവേശം ജ്വലിപ്പിച്ച എന്റെ പ്രിയപ്പെട്ട പ്രൊഫസർമാരിലേക്ക് എന്റെ മനസ്സ് അലഞ്ഞുതിരിയുന്നു. അവരുടെ പാഠങ്ങൾ സിലബസിനപ്പുറത്തേക്ക് വ്യാപിച്ചു. വിലപ്പെട്ട ജീവിത നൈപുണ്യങ്ങൾ എന്നെ പഠിപ്പിക്കുകയും ലക്ഷ്യബോധം വളർത്തുകയും ചെയ്തു. ഞാൻ എന്റെ വിദ്യാർത്ഥികളെ നോക്കുമ്പോൾ, പ്രതീക്ഷയും വാഗ്ദാനവും നിറഞ്ഞ എന്നെ ഞാൻ കാണുന്നു. എന്നെത്തന്നെ കാണാൻ കഴിയാതെ വന്നപ്പോൾ എന്നിൽ സാധ്യതകൾ കണ്ടറിഞ്ഞ, എന്നെ വിശ്വസിച്ച അധ്യാപകരെ ഞാൻ ഓർക്കുന്നു. അവർക്ക് ആ അധ്യാപികയാകാൻ ഞാൻ ആഗ്രഹിക്കുന്നു - പ്രകാശത്തിന്റെ ഒരു വിളക്കുമാടം, പ്രോത്സാഹനത്തിന്റെ ഉറവിടം, വളർച്ചയ്ക്ക് ഉത്തേജനം.

ഏറെ വൈകിയുള്ള പഠന സെഷനുകളും സഹ വിദ്യാർത്ഥികളുമായുള്ള സൗഹൃദവും പ്രതിബന്ധങ്ങളെ തരണം ചെയ്തതിന്റെ വിജയവും ഞാൻ ഓർക്കുന്നു. ഈ കോളേജ് എന്റെ ഇൻകുബേറ്ററായിരുന്നു, എന്റെ വളർച്ചയെ പരിപോഷിപ്പിക്കുകയും എന്നെ ഇന്നത്തെ ഞാൻ എന്ന വ്യക്തിയാക്കി രൂപപ്പെടുത്തുകയും ചെയ്തു.

ഇപ്പോൾ, ഒരു അധ്യാപിക എന്ന നിലയിൽ, എന്റെ പ്രൊഫസർമാർ ഒരിക്കൽ ചെയ്തതുപോലെ, അതേ അന്തരീക്ഷം എന്റെ വിദ്യാർത്ഥികൾക്ക് പുനർനിർമ്മിക്കാൻ ഞാൻ ശ്രമിക്കുന്നു,അത് മുന്നോട്ട് കൊണ്ടുപോകാനും എന്റെ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാനും നയിക്കാനും ഞാൻ ശ്രമിക്കുന്നു. എന്റെ അധ്യാപകർ എന്റെ ജീവിതത്തിൽ അവശേഷിപ്പിച്ചതുപോലെ അവരുടെ ജീവിതത്തിലും മായാത്ത മുദ്ര പതിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ കോളേജ് എനിക്ക് പൂർണ്ണ വൃത്തമായി മാറിയിരിക്കുന്നു - വിദ്യാർത്ഥിയിൽ നിന്ന് അധ്യാപികയിലേക്ക്, പഠിതാവിൽ നിന്ന് ഉപദേഷ്ടാവിലേക്ക്.



*ഇരുപത്തിയെട്ടുവർഷത്തെ ബന്ധമുള്ള ഒരു സ്ഥാപനം...*
*ജീവനും ജീവിതവുമായി ആ ബന്ധം തുടരുന്നു... ചരിത്ര വിഭാഗ*
*ത്തിലെ ഡോ. പുഷ്പലത ടീച്ചറുടെഓർമ്മകൾ പൂത്തു നിൽക്കുന്നു.*

# ഞാനും എന്റെ വിദ്യാലയവും: ചില ഓർമ്മകൾ

മഞ്ചേരി എൻ. എസ്. എസ് കോളേജുമായി എന്റെ ബന്ധം തുടങ്ങുന്നത് ഏതാണ്ട് ഇരുപത്തെട്ട് വർഷങ്ങൾക്കു മുമ്പാണ്. 1996-ൽ പ്രീഡിഗ്രി മുതൽ 2024 വരെ ഇവിടുത്തെ അധ്യാപിക തസ്തികയിൽ ഇരിക്കുന്നതുവരെയുള്ള നീണ്ട 28 വർഷങ്ങൾ. മിന്നിമറിയുന്ന ചില ഓർമ്മകൾ. പത്താം തരം കഴിഞ്ഞ് പ്രീഡിഗ്രിയിലേക്ക് എൻ. എസ്. എസ് കോളേജിന്റെ ക്യാംപസിലേക്ക് കാലെടുത്തു വച്ച വർഷം. കാപട്യങ്ങൾ അറിയാത്ത നാട്ടിൻ പുറത്തിറകാരിയുടെ നാഗരികതയിലേക്കുള്ള ചുവടുമാറ്റം. സ്കൂൾ തലത്തിൽ നിന്നും ഏറെമാറിയുള്ള ഒരു ക്യാംപസ് അന്തരിക്ഷം ഒരു അത്ഭുതം തന്നെയായിരുന്നു. ഏറെ വ്യത്യസ്ഥമായ കോളേജ് ആർട്സ് ഫെസ്റ്റും അതി തീവ്രമായ രാഷ്ട്രീയ ഏറ്റമുട്ടലുകൾ എല്ലാം ചേർന്ന് ഒരു ക്യാമ്പസ്. അന്നത്തെ പ്രീഡിഗ്രി ഉൾപ്പെട്ട ക്യാമ്പസ് ഒരു ആഘോഷം തന്നെയായിരുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഉള്ള ഒരു ക്യാമ്പസ്. യൂണിഫോമുകളുടെ ലോകത്ത് നിന്നു വർണ്ണ ശമ്പളമായ ആടയാഭരണങ്ങളുടെ ക്യാമ്പസ്. വർഷങ്ങൾക്കു ശേഷം 2013-ൽ അധ്യാപികയായി തിരികെ എത്തുമ്പോൾ വരണ്ട് ഉണങ്ങിയതുപോലെ ഒരു പ്രതീതി .കാരണം പ്രീഡിഗ്രി കോളേജിൽ നിന്നും വേർപ്പെടുത്തി പ്ലസ്ടുകൾ ആരംഭിച്ചത് ക്യാംപസുകളുടെ ആ വർണ ശോഭ ഇല്ലാതാക്കി എന്നു തന്നെ പറയാം.ഒരുപാട് പ്രിയപ്പെട്ട ഗുരുനാഥന്മാർ.എല്ലാത്തിലും ഉപരി എന്നെ ഈ നിലയിൽ എത്തിച്ച എന്റെ പ്രിയ ഗുരുനാഥ വിജയലക്ഷ്മി ടീച്ചർ. ടീച്ചറുടെ ഒരു ക്ലാസ്സിന് വേണ്ടി മണിക്കൂറുകളോളം കാത്തിരിക്കുന്ന ഞങ്ങൾ വിദ്യാർത്ഥികൾ. നാലുമണിക്ക് ഞങ്ങൾ തന്നെ ഉണ്ടാക്കുന്ന കട്ടൻ ചായയും അതിന്റെ കൂടെ ഞങ്ങളു ടീച്ചർ വാങ്ങിവെച്ച ബിസ്കറ്റും കഴിച്ച് വൈകുന്നേരം ആറുമണിക്ക് ഞങ്ങൾ ടീചറുമൊത്ത് കുന്നിൻ ചുവട്ടിലേക്ക്. 2002 ൽ നമ്മുടെ കോളേജിനടുത്ത് സ്ഥാപിതമായ മഞ്ചേരി റേഡിയോ സ്റ്റേഷൻ അന്ന് ഞങ്ങൾ സുഹൃത്തുക്കൾ അത് കാണാനായി പോയതുമായ ഓർമ്മകൾ. എല്ലാം ഇന്നലെ പോലെ മനസ്സിൽ മിന്നിമറയുന്നു.

2004 മുതൽ ടീച്ചറുടെ കൈപിടിച്ച് ഇന്ത്യയിലെ പലസംസ്ഥാനങ്ങളിലേക്കും ചരിത്ര കോൺഗ്രസുമായി ബന്ധപ്പെട്ട യാത്രകൾ വിവിധ സംസ്കാരങ്ങൾ പല ജീവിതാനുഭവങ്ങൾ എല്ലാം എന്നിലേക്ക് എത്തുന്നത് ഈ ഇന്ത്യൻ ഗ്രമങ്ങളിലൂടെയും നഗരങ്ങളിലൂടെയുമുള്ള യാത്രകൾ ആയിരുന്നു. ജീവിതത്തിൽ പല കാര്യങ്ങളും ലാഘവത്തോടെ കാണാൻ പഠിപ്പിച്ച ജീവിതയാത്രകൾ. എല്ലാത്തിലും ഉപരിയായി എന്റെ നല്ലപാതിയെ സമ്മാനിച്ച എന്നെ ഞാനാക്കിയ എന്റെ പ്രിയ കലാലയം.



*തിരിഞ്ഞുനോക്കുമ്പോൾ എന്നെ ഞാനാക്കിയ ഈ കലാലയ മുത്ത ശ്ശിക്ക്, ഇന്നും എൻഎസ്എസ് ലെ ഗവേഷണ വിദ്യാർത്ഥിയായ ചരിത്ര വിഭാഗത്തിലെ **അനിത ടീച്ചർ** ആദരവർപ്പിക്കയാണ്*

## എന്നെ ഞാനാക്കിയ എന്റെ കലാലയം

2001 ജൂൺ മാസത്തിൽ അഛന്റെ കൈപിടിച്ച് ഈ കുന്ന് കയറിയ ഞാൻ...........ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ എന്നെ ഞാനാക്കിയ ഈ കലാലയ മുത്തശ്ശിക്ക് എന്റെ ആദരവ്. മൂന്ന് വർഷം പഠിച്ച റാങ്കോടുകൂടി പടിയിറങ്ങുമ്പോൾ ഇനി ഇങ്ങോട്ട് ഉണ്ടോ എന്ന സംശയം ബാക്കിയുണ്ടായിരുന്നു. ഈയൊരു അവസരത്തിലാണ് എന്റെ പ്രിയപ്പെട്ട ഗുരുനാഥരായ വിജയലക്ഷ്മി ടീച്ചറേയും ദേവദാസ് സാറിനെയും സുനിൽ സാറിനേയും ഞാൻ ഓർക്കുന്നത്. ഇവിടെത്തന്നെ പിജി പഠനം പൂർത്തിയാക്കണമെന്ന് വിചാരിച്ച് ഒറ്റക്കാലിൽ നിന്ന എന്നെ നിർബന്ധപൂർവം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പഠന വകുപ്പിലേക്ക് പറഞ്ഞയച്ചത് എന്റെ ഈ അധ്യാപകരായിരുന്നു. ആ ഒരു തീരുമാനം എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവായിരുന്നു.

കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് പിജി പഠനത്തിന് ശേഷം പിന്നീട് Nss College ഒറ്റപ്പാലത്ത് നിന്ന് ബി എഡ്. പഠനത്തിന് ശേഷം ഇനിയെന്ത് എന്ന വലിയരു ചോദ്യത്തിന്റെ ഉത്തരവായിരുന്നു അതിഥി അദ്ധ്യാപക നിയമന പരസ്യം.ഏറെ സന്തോഷത്തോടെ അതിലേറെ ആകാംക്ഷയോടെ വീണ്ടും എന്റെ കോളേജ് കുന്ന് ഞാൻ കയറി എന്റെ അധ്യാപകർ അവരോടൊപ്പം ചരിത്ര വിഭാഗത്തിൽ അതിഥി അദ്ധ്യാപികയെങ്കിലും ആയതിൽ വളരെസന്തോഷം.ജീവിതത്തിലെ ആദ്യ ജോലി നിയമനം. പഠന കാലത്ത് ഏറെ ആഗ്രഹിച്ചിരുന്നു ഈ കോളേജിൽ എന്റെ ക്ലാസ്സിൽ അധ്യാപികയായി വരണമെന്ന് . പിന്നീട് സ്ഥിരനിയമനതിനുള്ള അശ്രാന്ത പരിശ്രമം. ഇവിടെ ഇരുന്ന് ഇവിടുത്തെ ലൈബ്രറി ഉപയോഗിച്ച് NET നേടിയടുത്തു. 2010 മുതൽ 2012 വരെ ഇവിടെ അതിഥി അധ്യാപികയായ കാലം ഏറ്റവും സന്തോഷം നിറഞ്ഞ എന്റെ ജീവിതത്തിൽ ഇപ്പോൾ ഞാനിരിക്കുന്ന എന്റെ ഡിപ്പാർട്ട്മെന്റിലെ സൗഹൃദങ്ങൾ രൂപപ്പെട്ട കാലം.

വൈവാഹിക ജീവിതം ആരംഭിച്ച സമയം. അപ്രതീക്ഷിതമായി NSS കോളേജിൽ സ്ഥിര നിയമനത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ 2013 അച്ഛനും അമ്മയും അമ്മുക്കുട്ടിയും മണിയേട്ടനും എല്ലാവരും ചേർന്ന് ചെങ്ങനാശ്ശേരിയിൽ ഇന്റർവ്യൂ അറ്റൻഡ് ചെയ്യാൻ തലേന്ന് തന്നെ പോയി , കണ്ണൂർ ,എംജി, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റെർവ്യൂ അറ്റൻഡ് ചെയ്തു. 2013 ഫെബ്രുവരി 8 ന് കണ്ണൂർ പഴശ്ശിരാജ എൻ എസ് എസ് കോളേജിൽ സ്ഥിരനിയമനം. 3 വർഷത്തിന് ശേഷം എന്റെ സ്വന്തം തറവാട്ടിൽ 2016 ജൂൺ 2 ന തിരിച്ചെത്തി. ഇവിടെ തിരിച്ചെത്തിയപ്പോൾ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം.ഇന്നും എന്റെ അക്കാദമിക് പ്രയാണം തുടർന്നുകൊണ്ടേയിരിക്കുന്നു. സാജൻസാറിന്റെ കീഴിൽ ഗവേഷണം തുടർന്നു കൊണ്ടിരിക്കുന്നു. ഈ യാത്രയിൽ മറക്കാൻ പറ്റാത്ത കുറേ മുഖങ്ങൾ.

*വിദ്യാർത്ഥികളുടെ കലാവാസനകളെ പ്രോൽസാഹിപ്പിക്കുന്നതിൽ എന്നും കോളേജ് മുമ്പിൽ തന്നെ. ആർട്സ് ഫെസ്റ്റിവൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു ഉത്സവം തന്നെയായിരുന്നു. മധുരിക്കും ഓർമ്മകൾ പങ്കുവെയ്ക്കുന്നു കെമിസ്ട്രി ഡിപ്പാർട്ട്മെൻറിലെ*

***സ്മിത ടീച്ചർ***



മഞ്ചേരി എൻ.എസ്.എസ്. കോളേജ്. എൻറെ കലാലയ ജീവിതത്തിന് തുടക്കം കുറിച്ച കലാലയം. അന്ന് ഉച്ചയ്ക്ക് ഏകദേശം 3.00 മണിയോട് കൂടിയാണ് അച്ഛനുമൊത്ത് ഇവിടെ അഡ്മിഷൻ എടുത്തത്. അതുവരെ വന്ന വഴികളിലെ വ്യത്യസ്ത ആലോചിച്ചിട്ടാകണം മനസ്സിൽ തെല്ലൊരു ആശങ്കയുണ്ടായിരുന്നു, അതോടൊപ്പം കോളേജിൽ എത്തിയതിൻറെ സന്തോഷവും. രാവിലെയുള്ള കോളേജ് കുന്ന് കയറ്റവും തിരിച്ചുള്ള കുന്നിറക്കവും തുടക്കത്തിൽ ബുദ്ധിമുട്ടായി തോന്നിയിരുന്നെങ്കിലും പിന്നീട് കൂട്ടുകാരുമൊത്ത് കഥകൾ പറഞ്ഞുള്ള ആ നടത്തം ആസ്വാദനം ആയി മാറുകയായിരുന്നു.

പ്രീഡിഗ്രീ ആദ്യവർഷ പഠനാനുഭവങ്ങൾ നല്കിയത് കോളേജിലെ ഓൾഡ് ബ്ലോക്ക് ആയിരുന്നുവെങ്കിൽ രണ്ടാംവർഷ പഠനം പൂർത്തീകരിച്ചത് ന്യൂ ബ്ലോക്കിൽ വെച്ചായിരുന്നു. ഭൗതിക രസതന്ത്ര ജീവശാസ്ത്ര ഭാഷാ വിഷയങ്ങളിലെ വിദഗ്ധരായ അധ്യാപകരുടെ ക്ലാസ്സുകൾ വളരെയധികം സ്വാധീനിച്ച കാലമായിരുന്നു അന്ന്. ശാസ്ത്ര വിഷയങ്ങളിൽ രസതന്ത്രം കൂടുതൽ ആകർഷിക്കുകയും പിന്നീടത് ഐച്ഛിക വിഷയമായി എടുത്ത് മുന്നോട്ട് പോകാനുള്ള പ്രചോദനം ലഭിച്ചതും ഇവിടെ നിന്നായിരുന്നു. ആ പ്രചോദനം ജീവിതത്തിൽ വഴിത്തിരിവായി ഞാൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന രസതന്ത്ര വിഭാഗത്തിലെ അധ്യാപികയായി വീണ്ടും എന്നെ മഞ്ചേരി എൻ.എസ്. എസ്. കോളേജിൽ എത്തിച്ചു.

അന്നും ഇന്നും വിദ്യാർത്ഥികളുടെ കലാവാസനകളെ പ്രോൽസാഹിപ്പിക്കുന്നതിൽ കോളേജ് മുമ്പിൽ തന്നെ. ആർട്സ് ഫെസ്റ്റിവൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു ഉത്സവം തന്നെയായിരുന്നു. ഹൃദയത്തിൻറെ അകതട്ടിൽ ആഴ്ന്നിറങ്ങിയ കലയോടുള്ള ഇഷ്ടം അന്നത്തെ സിസോൺ മൽസരത്തിൽ പങ്കെടുക്കുന്നതിന് കാരണമായി. മികച്ച ചലച്ചിത്ര രചനകൾ കൊണ്ട് എവരേയും സ്വാധീനിച്ചിരുന്ന ശ്രീ ഗിരീഷ് പുത്തഞ്ചേരിയെ ആദ്യമായി കണ്ടതും പരിചയപ്പെട്ടതും അന്നത്തെ കോളേജ് ഡേ യിൽ വെച്ചായിരുന്നു. ഇതിനിടയിൽ കടന്ന് വന്ന കോളേജ് ഇലക്ഷൻ, സംഘർഷങ്ങൾ, സമരവിളികൾ എല്ലാം ഓർമകളിൽ മായാ ചിത്രമായി കിടക്കുന്നു.

അനുഭവങ്ങൾ ഇനിയും ഏറെ. കോളേജിൻറെ ഓരോ സ്പന്ദനവും അനുഭവിച്ച ആസ്വാദിച്ച രണ്ടു വർഷക്കാലം. പിന്നീട് അധ്യാപികയായി വീണ്ടും മഞ്ചേരി എൻ.എസ്.എസ്. കോളേജിൽ പ്രവർത്തിക്കുമ്പോൾ എൻറെ ജീവിതം തന്നെയായി ഈ കലാലയം മാറുന്നു. ഒരിക്കലും പിരിയാനാകാത്തവിധം ഈ കലാലയത്തോടുള്ള എൻറെ ബന്ധം ശക്തമാകുന്നു.



*പുരുഷ കേന്ദ്രീകൃത അധികാര വ്യവസ്ഥ കാലാകാലങ്ങളിലായി പിന്തുടർന്ന് പോയ രേഖപെടുത്തലുകളുടെ പ്രത്യയ ശാസ്ത്രങ്ങളെ ചോദ്യം ചെയ്ത നാടകാവതരണം ഓർത്തെടുക്കുകയാണ് ഇംഗ്ലീഷ് വിഭാഗത്തിലെ മുൻ അധ്യാപിക* ***ഡോ. ആതിര പ്രകാശ്***

പത്തു വർഷം മുൻപ് മഞ്ചേരി എൻ എസ് എസ് കോളേജിൽ അധ്യാപക-അനധ്യാപക സുഹൃത്തുക്കൾ ചേർന്ന് ഒരു നാടകം ചെയ്തു... സ്വപ്നങ്ങളും വെല്ലുവിളികളും മാറ്റുരച്ച ദിനരാത്രങ്ങൾ....കോളേജ് കുന്നിൽ ഇരുട്ടുവീഴും വരെ ആളൊഴിഞ്ഞ വരാന്തയിലും ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിലും ഇരുന്നു തിരക്കഥ എഴുതി...അവിടെനിന്നും നേരെ പോകുക ഇന്ത്യൻ കോഫി ഹൗസിലേക്ക്....ബാക്കി കഥയും സെറ്റിംങ്ങിനെ കുറിച്ചുള്ള ചർച്ചയും ഒരു വഴിയിൽ എത്തുമ്പോൾ....എന്നാപ്പിന്നെ അത്താഴം കൂടി കഴിച്ചു വീട്ടിൽ പോകാം എന്ന് തീരുമാനിചിട്ടുണ്ടാവും.... എല്ലാം ഒന്ന് ഒത്തു വന്നപ്പോൾ ചില അധികാരകേന്ദ്രങ്ങൾ നെറ്റിചുളിച്ചു... എന്തിനാ ഇപ്പോ ഇങ്ങനൊരു നാടകം... അതും അധ്യാപകർ... പക്ഷേ മുറിവേല്ക്കും തോറും ശൌര്യം കൂടുന്ന പെൺപുലികൾ ഉള്ള കോളേജ് ആയിരുന്നു മഞ്ചേരി എൻ എസ് എസ്.........

പുരുഷ കേന്ദ്രീകൃത അധികാര വ്യവസ്ഥ കാലാകാലങ്ങളിലായി പിന്തുടര്ന്ന് പോയ രേഖപെടുത്തലുകളുടെ പ്രത്യയ ശാസ്ത്രങ്ങളെ ചോദ്യം ചെയ്ത താടകയും , പൂതനയും, മഗ്ദലന മറിയവും ഹിഡുംബിയും, ശൂര്പണഖയും വേദിയിലെത്തിയത് തീവ്രവും സൂക്ഷ്മവുമായ പാർശ്വ വല്കരണ അനുഭവങ്ങളുടെ ആലയിലുരിക്കിഎടുത്ത കരുത്താർന്ന ചില പെൺ സ്വത്വചിന്തകളുമായാണ്.. ‘അവൾക്ക് ‘ ചരിത്രവും സാഹിത്യവും അധികാരവും കല്പിച്ചുകൊടുത്ത രൂപവും ഭാവവും ഇടങ്ങളും എല്ലാം തിരുത്തിയെഴുതപെടുകയായിരുന്നു. ദ്രാവിഡഗോത്രത്തിന്റെ സംസ്കാരവും ഭാഷയും ചരിത്രവും കലകളും ഒന്നും ആര്യവംശത്തിന്റെ അധിനിവേശത്തിന്റെ മുൻപിൽ അടിയറവു വെക്കാൻ കൂട്ടാക്കാഞ്ഞ രാജകുമാരിയായ താടക എന്ന സുന്ദരിക്കുട്ടിയായി കെമിസ്ട്രിയിലെ ബാഷ്പ.... ‘അവന്റെ’ കണ്ണിൽ രാക്ഷസിയും നിശാചരിയുമായ രാഷ്ട്രീയം അനാവരണം ചെയ്യപ്പെടുകയായിരുന്നു.’അവനെ’ അധികാരത്തിന്റെയും ‘അവളെ’ വിധേയത്വത്തിന്റെയും അച്ചിൽ വാർത്തെടുത്തതിന്റെ രാഷ്ട്രീയവും വിശകലനം ചെയ്യപ്പെടുകയായിരുന്നു വേദിയിൽ.

മനുഷ്യനുള്ളിടത്തോളം നാൾ ബാലഹത്യയുടെ പാപം പേറാൻ വിധിക്കപ്പെട്ട പൂതന ഓർമ്മപ്പെടുത്തിയത് ദ്വാപരയുഗത്തെയോ മധുരയിലെ കംസനെയോ അല്ലായിരുന്നു, മറിച്ച് അധികാരവർഗ്ഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി അന്നുമിന്നും ‘അവൾക്ക് ‘ പൂതനയാകേണ്ടി വരുന്ന വ്യവസ്ഥയുടെ മാറ്റമില്ലാത്ത നിലനില്പിനെയയിരുന്നു.....ഭരണഘടനയും സർക്കാരും തുല്യനീതിയുറപ്പു വരുത്തുന്ന ഇക്കാലഘട്ടത്തിൽ പോലും മറ്റാരുടെയോ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി ആയുധമാക്കപെടുകയും വിവാദങ്ങളിൽ കുടുങ്ങി സമൂഹത്തിന്റെ പുച്ഛത്തിനും പരിഹാസത്തിനും പാത്രീഭൂതരാകുകയും ചെയ്യേണ്ടി വരുന്ന പൂതനമാർ ഇന്നും കുറവല്ലല്ലോ. പൂതനയായി തകർത്താടിയത് ബോട്ടണിയിലെ സീമാ ദേവി.

മധ്യകാലഘട്ടത്തിൽ ‘അവൾ’ക്കുമേൽ സമൂഹം അടിച്ചേല്പ്പിച്ച അനാചാരങ്ങളെയും നിയമങ്ങളെയും ചോദ്യം ചെയ്തപ്പോഴാണ് മഗ്ദലന മറിയത്തിനെ വേശ്യ എന്ന് മുദ്രകുത്തി ഭ്രഷ്ട് കല്പിച്ചത്. ഇടതു കൈ ചെയ്യുന്നത് വലതു കൈപോലുമറിയാതെ ദാനം ചെയ്യുന്ന മറിയത്തിനെ തന്നിഷ്ടക്കാരിയെന്നും, യേശുവിന്റെ ശിഷ്യഗണത്തിലോരാളയി ലോകം വാഴ്ത്തണമെങ്കിൽ പുരുഷവേഷം ധരിക്കണമെന്ന് പറയുന്ന പത്രോസിനെയും കൂട്ടുകാരേയും ആട്ടിയോടിക്കുന്ന

മറിയത്തിനെ ധിക്കാരിയായും, സ്വഭവനത്തിൽ അനേകം സേവകരെ നിയമിച്ച അവരുടെ കുടുംബങ്ങൾ സംരക്ഷിക്കുന്ന മറിയത്തിനെ ആഡംബരക്കാരിയായും കാണാൻ സമൂഹത്തിനുണ്ടായിരുന്ന വ്യഗ്രത 'അവൾ'എങ്ങനെയായിരിക്കണം എന്തുചെയ്യണം എന്നതിനെകുറിച്ചുള്ള സമൂഹത്തിന്റെ മുൻവിധികളെയാണ് കാണിക്കുന്നത്. അവൾ യേശുവിനു അത്രമേൽ പ്രിയപ്പെട്ടവളായപ്പോൾ പോലും അവളെ വിശുദ്ധയാക്കാൻ സമൂഹത്തിന് അവളെ 'പശ്ചാത്തപിച്ച പാപി' എന്നു പറയേണ്ടിവന്നു..അവളെഴുതിയ സുവിശേഷത്തെ ജോണിന്റെ സുവിശേഷമായി മാറ്റിയെഴുതിയില്ലായിരുന്നെങ്കിൽ സഭയുടെ ചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു എന്ന് പറയേണ്ടിവരുന്നു. മറിയമായി ഞാനും കൂടെ നിൽക്കുന്ന സുഹൃത്തും തോഴിയുമായി കെമിസ്ട്രിയിലെ സ്മിത ടീച്ചറും വേഷമിട്ടത് മറക്കാനാവാത്ത അനുഭവമായിരുന്നു.

'അവളെ' പലപ്പോളും അധികാരം നിലനിർത്താനും അധികാരം സ്ഥാപിക്കാനുമൊക്കെ ആയുധമാക്കുന്നുമുണ്ട്....ഉന്മേഷത്തിന്റെയും ഉന്മാദത്തിന്റെയും പ്രതീകമായിരുന്ന, ആയിരമാനകളുടെ കരുത്തുള്ള ഹിഡുംബി പാണ്ഡവർക്കു വനവാസകാലത്ത് ഒരു ആവശ്യമായിരുന്നു....എന്നാൽ അവളൊരിക്കലും ദ്രുപദപുത്രിക്ക് സമാനമായ ഒരു സ്ഥാനം ഭീമൻ പോലും നല്കിയിട്ടുണ്ടാവില്ല...എന്നാൽ അർജ്ജുനനെ രക്ഷിക്കാൻ ആ ഹിഡുംബിയുടെ മകനെ അവർക്കൊ രാവശ്യമായി വന്നു .....നരഭോജിയും അപരിഷ്കൃതയെന്നും മാത്രം ഹിഡുംബിയെ മനസിലാക്കിവെച്ച നമുക്ക്....മര്യദയുടെയും ആത്മാഭിമാനതിന്റെയും കാര്യശേഷിയുടെയും പര്യായമായ ഹിഡുംബിയെ കാണിച്ചു തന്ന ഒരു കീഴാള വായന തന്നെയാരുന്നു നാടകം. ഫിസ്ക്സ് ഡിപ്പാർട്ട് മെന്റിലെ അനുപമ അതി മനോഹരമായി കഥാപാത്രമായി മാറി. ദ്രോണാചാര്യരുടെ ശിഷ്യന്മാരായ കൌരവരെ നേരിടാൻ പ്രാപ്തനാക്കി മകൻ ഘടോല്കചനെ വളര്ത്തി ...ധർമ്മ യുദ്ധത്തിൽ അവനെ നഷ്ടപെടുന്ന ഹിഡുംബിയെന്ന സ്വഭിമാനിയായ സ്ത്രീ കാണികളുടെ മനസിലവശേഷിപ്പിച്ച നൊമ്പരം ചെറുതല്ലായിരുന്നു.

മീനാക്ഷിയെന്ന രാവണ സോദരിയെ അറിയുന്നവർ ചുരുക്കമാണ്...എന്നാൽ സ്വന്തം പ്രണയവും കാമവും പുരുഷനോട് തുറന്ന് പറഞ്ഞതിന്റെ പേരിൽ......മൂക്കും മുലയും മുറിക്കപെട്ട ശൂർപ്പണഖയെ നമുക്കറിയാം. മൂന്നു വയസുള്ള പെണ്കുഞ്ഞിനെ പോലും നിഷ്കരുണ ഭോഗിക്കുന്ന പുരുഷ ലൈഗിക വൈകൃതങ്ങളെ പൊറുക്കുകയും ന്യായീകരിക്കയും ചെയ്യുന്ന, ഇര പ്രതികരിക്കാൻ പോലും പാടില്ലെന്ന് പറയുന്ന വൃത്തികെട്ട സമൂഹത്തിൽ 'അവളുടെ ' വസ്ത്രരീതിയെ കുറിച്ചും അവളുടെ സഞ്ചാര സ്വാതന്ത്ര്യത്തെകുറിച്ചും കുറ്റപെടുത്താൻ ആയിരം നാവുള്ള ഒരു കാലഘട്ടത്തിൽ...മീനക്ഷിയെന്ന ശൂർപ്പണഖ തൊടുത്തുവിട്ട ചിന്തകൾ ചർച്ച ചെയ്യേണ്ടതുണ്ട്. ഉപേക്ഷിക്കപ്പെട്ട സീതയെ കണ്ടുമുട്ടുന്ന ശൂർപ്പണഖയുടെ ചോദ്യങ്ങൾ ഉപേക്ഷിക്കപ്പെട്ട എല്ലാ സ്ത്രീകൾക്കും വേണ്ടിയുള്ളതായിരുന്നു. തുടക്കം മുതൽ ശൂർപ്പണഖയെ ഏറ്റെടുത്തത് വേദിയിൽ എത്തിച്ചത് ചരിത്ര വിഭാഗത്തിലെ ഹരിപ്രിയ ടീച്ചറാണ്.

അധികാരത്തിൽ അന്നും ഇന്നും സ്വത്വബോധമുള്ള 'അവളെ' ഭയമാണന്നുവേണം കരുതാൻ.. അവളുടെ കഥ എങ്ങനെ പറയണം എന്ന് പോലും സമൂഹത്തിനു ചില മുൻധാരണകളുണ്ട്. അധികാരത്തിന്റെ കണ്ണുകളും കാതുകളും അന്നുമിന്നും 'അവൾക്കു 'നേരെ തിരിയുന്നത് അതുകൊണ്ടാവാം... സാഹിത്യത്തിന്റെ മിത്തുകളുടെ ചരിത്രത്തിന്റെ സത്യനിർമ്മിതികൾ ചോദ്യം ചെയ്യപ്പെടേണ്ടതാണ് എന്നുറപ്പിക്കുന്നു നാടകം.

ചങ്ങലകൾ ഇഷ്ടമില്ലതവരുടെ ഹൃദയം കഴുകനെ കൊണ്ട് കൊത്തിമുറിക്കയും കഴുമരമൊരുക്കുകയും ചെയ്യുന്ന അധികാരത്തെ വെല്ലുവിളിക്കാൻ 'അവളുടെ' ചടുലമായ ചിന്തകള്ക്കും ജീവിതസമരങ്ങൾക്കും സദസ്സ് ഒന്നടങ്കം ഐക്യദാർഢ്യം പ്രഖ്യാപിക്കുമ്പോൾ.......എവിടെയൊക്കെയോ ചില പുരികങ്ങൾ ചുളിഞ്ഞു... അത് സാക്ഷ്യപെടുത്തുന്നത് അവളുടെ കഥയിലെ നേരിനെയാണ് എന്ന് ഞങ്ങൾ ആശ്വസിച്ചു .....'അവളെ' നിശബ്ദയാക്കേണ്ടത് എന്നും അരുടെയെങ്കിലുമൊക്കെ ആവശ്യമായിരുന്നിരിക്കും....എന്നാൽ 'അവൾ' വിപ്ലവത്തിന്റെയും സമരങ്ങളുടെയും പുതിയമുഖമായി ഉയര്തെഴനെല്ക്കേണ്ടത് കാലത്തിന്റെ ആവശ്യമായി മാറുന്നു.

ഇറോം ശർമിലയും, മലാലയും അങ്ങനെ എത്രയെത്ര സ്ത്രീകൾ ഫെനിക്സ് പക്ഷിയെപോലെ തങ്ങളുടെ പരിമിതികൾക്കും പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കും മേൽ ഉയരാനും.....തങ്ങളുടെ ചിന്തകളിലും വാക്കുകളിലും തുടിക്കുന്ന ആത്മവീര്യം ലോകത്തെ മാറ്റിമറിക്കാൻ മാത്രം ശക്തമാണെന്ന് തെളിയിക്കയും ചെയ്യുന്നു.ഈ സംഗീതനാടക നൃത്ത ശില്പം കോളേജിന്റെ ചരിത്രത്തിലെ ഒരു പുതിയ അധ്യായത്തിന്റെ തുടക്കമായി എന്നതിൽ തർക്കമില്ല. ശബ്ദമായി കൂടെ നിന്ന യമുന, രാജീവ്, ഒരുക്കങ്ങൾക്കായി സ്റ്റേജിന് പുറകിൽ സഹായമേകിയ സജീന്ദ്രേട്ടൻ, ഗോപൻ, ജീജ ടീച്ചർ, സന്ധ്യ ടീച്ചർ അങ്ങനെ നീളുന്ന പട്ടിക... സമത്വത്തിന്റെ, തുല്യ നീതിയുടെ, പരസ്പര ബഹുമാനത്തിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ , ഒരു പുതിയ ചുവടുവെപ്പായി ഇതു മാറണം എന്നുതന്നെയായിരുന്നു ഞങ്ങളുടെ സ്വപ്നം.... മധുരമുള്ള ഓർമ്മകൾ ജീവിതത്തിൽ കരുത്താവുന്നു. പെൺകരുത്ത്


N·S·D·C National Skill Development Corporation
TallyPrime
ഇനി നമ്മൾ Skilled Professionals
മഞ്ചേരിയിൽ നല്ല കരിയർ തിരഞ്ഞെടുക്കാം ഫിൻപ്രൂവിലൂടെ
Accounting
Banking
Digital Marketing
FINPROV
SKILL UP RISE UP®
89436 44444
Oasis Mall, Pandikkad Road, CH Bypass, Manjeri, Kerala


യാത്ര കളിലൂടെ
പുതുജീവൻ നേടാം
Dream · Travel · Explore
WANDERBEE
TOURS & TRAVELS
TOUR PACKAGES, INDUSTRIAL VISITS, ALL TYPE OF TOURIST VEHICLES, RESORT BOOKING, TRAIN FLIGHT TICKETS ETC...
Mukkam +91 8921 800 407 Manjeri +91 9567 335 337


Letter Head
Business Card
Envelopes
Brochure
Photo Frame & Gifts
Wedding Card
Notice
Calendar & Diary
T.Shirt Print
Poster
Die Cutting
Memento
File Folder
Photography
Stickers & Labels
Dangler
Laser Printing
Subliment
Adz BIG Prints®
Making Difference with creative ideas
Sky Tower Near Vyaparibhavan, Court Road, Manjeri-Kerala
Ph: 9744 896 660, 9895 896 660, 9495 089 600, E-mail: bigprintsmanjeri@gmail.com


ഓഫ് ലൈൻ ഡിസ്റ്റൻസ്,
ഓൺലൈൻ ഡിസ്റ്റൻസ്,
ഓൺലൈൻ റെഗുലർ,
ഓഫ് ലൈൻ റെഗുലർ.
ഇപ്പോൾ എല്ലാം
സിംസ് എഡ്യൂക്കേഷൻ
സെൻററിൽ ലഭ്യമാണ്
Book your seats today
MEd BEd MCA
BCA MBA MCom
MA MSc BA BCom
എല്ലാം ഒരു കുടക്കീഴിൽ
UGC, AICTE, DEB, NAAC, NCTE
Approved Programmes
SIMS
DISTANCE EDUCATION
Since 1999
SIMS Now @ Thiruvananthapuram | Kollam
Karunagappally | Kayamkulam | Adoor | Kottayam
Kochi | Thrissur | Ottappalam | Tirur | Perinthalmanna
Chemmad | Malappuram | Manjeri | Nilambur
Calicut | Kalpetta | Thamarassery | Sulthan Bathery
Kannur | Uppala
Help line: 93 49 89 89 89
www.simsindia.org
sims@simsindia.org

# Renova Students Union
## 2023-24



Haliya C K
**Chairman**



Ananya KK
**Vice Chairman**



Shabeeb Mohammed Sakir P
**General Secretary**



Afla T
**Joint Secretary**



Mohammed Habeeb OP
**Fine Arts Secretary**



Nafeesa Kambrath
**Chief Student Editor**



Abhishek E
**General Captain**



Ridha Hanan
**University Union Councillor**



Muhammed Shibli PK
**University Union Councillor**

# Association Secretary
## 2023-24



Fathima Nihala
**Mathamatics**



Hanna A
**History**



Shana Jismi
**Zoology**



Sivapriya
**Plant Science**



Shehin Shams
**Physics**



Nuzha CT
**Commerce**



Gowri Padmanabhan
**Chemistry**



Shijith MS
**English**

# UG/PG Representatives
## 2023-24



Fthima Rinsha KV
**I$^{st}$ DC**



Shibin Shan
**II$^{nd}$ DC**



Sabith
**III$^{rd}$ DC**



Arya M.P
**PG**

# Students Union Staff Advisors
## 2023-24



Smt. Neetha PC
**President**



Dr. Haripriya M
**Staff Advisor**



Dr. Sudheesh P
**Staff Editor**



Sri. Vineeth M
**Fine Arts Advisor**

# Elected Union Executive
## 2023-24



Shibin Shan



Fathima Nihala

# താളിയോലയിൽ നിന്നും ജീവിതത്തിലേക്ക്

**റോഷൻ**

ഒന്നാം വർഷം,
ബി എ ഇംഗ്ലീഷ്

ജീവിതത്തിൽ ഒരുപാട് മനുഷ്യ മുഖങ്ങൾ കണ്ടു അവയിൽ നിന്നെല്ലാം വ്യത്യസ്തമായ അനുഭവങ്ങൾ നേടിയെടുത്തത് എല്ലാം ഞാൻ എന്റെ വിവരണങ്ങളിൽ കുറിച്ച് വെക്കാറുണ്ട്. മനുഷ്യ- ജീവിയെ വിശ്വസിക്കരുത് എന്ന ആദ്യ പാഠം മുതലേ ഞാൻ അവയെ ഇഷ്ടപ്പെട്ടു പോന്നിരുന്നു. ജീവിത ശൈലിയിൽ നിന്നും അതിജീവനത്തിന് വേണ്ടി മനുഷ്യന്റെ ചെയ്തികൾ പലപ്പോഴും എന്നെ ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്, അവയെല്ലാം ഇപ്പോഴും ഞാൻ സൂക്ഷമതയോടെ നോക്കികാണാറുണ്ട്.

മനുഷ്യന്റെ താളിയോലകൾ പലതാണ്. അതു അവന്റെ കർമ്മത്തിന് അനുസരിച്ച് മാറി കൊണ്ടിരിക്കും. പേനയെ സ്നേഹിച്ചവന് അത് ഒരു പുസ്തകമായിരുന്നു, പെണ്ണിനെ സ്നേഹിച്ചവന് ഒരു കത്തായും, പണത്തെ സ്നേഹിച്ചവന് അത് രസീത് രൂപത്തിലും കാണാം. പ്രകൃതിയെ സ്നേഹിചവനോ അത് മരമായും മഴയായും മനമായും മയാലോകമായും മതിലില്ലാ പുഴയായും പുരയായും പൂവായും പൂനിലാവു പോൽ സുന്ദരമായും കാണുവാൻ സാധിക്കും.

എന്നാൽ അവയിലെ അവന്റെ വരികളിൽ ആണ് അവന്റെ മഹത്വം നമ്മൾ അന്വേഷിക്കുക. കൂടുതലായി പറഞ്ഞാൽ, പേനയെ സ്നേഹിച്ചവന്റെ കൃതികളെ നാം കാതോർക്കും, അവയിൽ ഈണവും താളവും നമ്മൾ കണ്ടില്ലയോ, അവന്റെ ജീവിതത്തെ നമ്മൾ മോശം കൊണ്ട് മുദ്ര കുത്തും, കാണാൻ ഇടയയാൽ മഹാ കാവ്യനായി ഉയർത്തുകയും ചെയ്യും. പെണ്ണിനെ സ്നേഹിച്ചവന് അവന്റെ പ്രണയ ലേഖനത്തിലൂടെ അവൾ കണ്ടറിയും. ഊർത്തോലികുന്ന അവന്റെ തേനിൽ അവൾ ഒടകുഴൽ വായിക്കണമെങ്കിൽ, അവന്റെ അക്ഷരങ്ങളിൽ പ്രണയം നിറയണം. കാമകേതുവിനെ ഉണർത്തും വിധം വാക്കുകൾ പ്രയോഗിക്കണം. അതിൽ വിശ്വാസം അർപ്പിക്കുകയും വേണം. അക്ഷരം പോലും മാറി പോയി എന്നിരുന്നാൽ അവൻ കത്തുകൾ എഴുതി കൊണ്ടിരിക്കും, അവനെ ഒരു കഴിവില്ലാത്തവനായി അവൾ മുദ്ര നൽകും.

പണത്തിലേക്ക് വരുമ്പോൾ, അവന്റെ താളിയോലയിലെ അക്കങ്ങൾക്ക് ആണ് മുൻകണന. അഞ്ചും ആറും അക്ക സംഖ്യകൾ ഉണ്ടെങ്കിൽ അവനെ പ്രഭു ആയി കാണും, അവന്റെ കാലടി വരെ നക്കും, അതിൽ കുറഞ്ഞാൽ ഒരു അടിമയെ പോലെയും. എന്നാൽ പ്രകൃതിയെ സ്നേഹിച്ചവന്, അവന്റെ വരികൾ വായിക്കാൻ സ്വൽപം ബുദ്ധിമുട്ട് അനുഭവപ്പെടും. അതിലെ അക്ഷരങ്ങൾക്ക് സാധാരണ അക്ഷരങ്ങളെക്കാൾ വ്യത്യാസം ഉണ്ട്. അതിന്റെ അർത്ഥങ്ങൾ വായിക്കുന്നതിലും ബുദ്ധിമുട്ട് തന്നെ. അവന്റെ ചെയ്തികൾ ആ വരികളിൽ കാണുവാൻ സാധിക്കില്ല. അവന്റെ ജീവിതം അതിലൂടെ നമുക്ക് വായിച്ചു എടുക്കുവാനും കഴിയില്ല. അവന്റെ കരങ്ങളുടെ കരുത്ത് അതിൽ പ്രതിഫലിക്കില്ല. അവന്റെ കയ്യെഴുത്ത് അതിന്റെ അവസാനം ഉണ്ടായിരിക്കില്ല. അതിന് നാമം നൽകിയതും അവൻ ആയിരിക്കില്ല.

അവന്റെ ജീവിതം അത് പേനയുടെ മുനയേക്കാൾ സൂക്ഷ്മത ഉണ്ടായിരിക്കും അതിലൂടെ അവൻ വിളിച്ച് പറയുകയും ചെയ്യും

" എന്റെ പേനയുടെ മഷിയോളം ഞാൻ ജീവിക്കും .. എന്റെ വരികളില്ലൂടെ ഞാൻ അവയെ കുറിച്ച് വെക്കും"

# അവൾ

**മുഷീറ**
രണ്ടാം വർഷം
ബി എ ഇംഗ്ലീഷ്

അവൾ അവളുടെ മൂടിവെച്ച ഓർമകളുടെ കെട്ടഴിച്ചു.....
സ്വയം താനല്ലാതായ നിമിഷത്തെ പഴിച്ചു.
കളിയാക്കലുകളും അട്ടഹാസങ്ങളും അവളുടെ മനസ്സിൽ ഇരമ്പി കേൾക്കാം.
മറ്റുള്ളവരുടെ പരിഹാസം അവളെ നോക്കി നെടുവീർപ്പിട്ടു.
അവളുടെ കരച്ചിൽ കേൾക്കാം.
പതിയെ അത് മഴയായ് തിമിർത്തു പെയ്തു.
പ്രകൃതി പോലും അവളുടെ മുമ്പിൽ നിശ്ചലമായി.
എന്തു കൊണ്ട് അവളെ ആരും പരിഗണിച്ചില്ല, സ്നേഹിച്ചില്ല?



# പെണ്ണേ നീ....

**റോഷൻ**
ഒന്നാം വർഷം,
ബി എ ഇംഗ്ലീഷ്

പെണ്ണേ നീ വളരുക,
നാളെക്കായി നീ വളർത്തുക നിന്നിലൂടെ,
കടലും നീ നീന്തി കടക്കുക പെണ്ണേ
നീ മധുരം ആയി തീരുക
വസന്തം വരവേറ്റീടുക പെണ്ണേ
നീ വസന്തം ആയിത്തീരുക,
മല മുകളും നീ കയറുക പെണ്ണേ
നീ കൊടുമുടിയും കീഴടക്കുക
ഭരണം നീ നേടുക പെണ്ണേ
നീ ഭരിച്ചീടുക
നിന്ദ്യയില്ലാതെ വളർന്നീടുക പെണ്ണേ
നീ ഐക്യം ഇവർക്ക് കാണിച്ചീടുക
നിന്നിലൂടെ..



# വിദ്യാർത്ഥി രാഷ്ട്രീയം : ഒരു ഓർമ്മപ്പെടുത്തൽ

**മുഹമ്മദ് മിദ്‌ലാജ്**

രണ്ടാം വർഷം
ബി എസ് സി ഫിസിക്സ്

നാസി ജർമ്മനിയെ നടുക്കിയ സോഫി ഷോളിനെ അറിയില്ലേ ? ... 1934 ൽ പരമാധികാരിയായി സ്വയം അവരോധിക്കപ്പെട്ട അഡോൾഫ് ഹിറ്റ്ലറും നാസി ചാര സംഘടനയായ ഗസ്റ്റപ്പോയും വിറങ്ങലിച്ച നാളുകൾ !...പ്രതിഷേധങ്ങളെയും, എതിർപ്പുകളെയും ആയുധങ്ങളും, നുണകളുമുപയോഗിച്ച് മുളയിലേ നുള്ളാൻ അതിവിദഗ്ധനായ ഹിറ്റ്ലർ ശ്രമിച്ചുകൊണ്ടേയിരുന്നു.അപ്പോഴാണ് സർവ്വകലാശാലകൾ ഉണർന്നത്.അങ്ങനെ മ്യൂണിക് സർവ്വകലാശാലയിൽ പഠിച്ചുകൊണ്ടിരുന്ന സോഫി ഷോളും സഹോദരൻ ഹൻസ് ഷോളും അടങ്ങുന്ന അഞ്ചംഗ സംഘം അമരത്തിരുന്ന് വൈറ്റ് റോസ് പംലെറ്റ്സ് എന്ന ചരിത്രം കൊണ്ടാടിയ ആന്റി നാസി മഹാ പ്രസ്ഥാനം രൂപംകൊണ്ടു. നാസി അടിത്തറയെ ചോദ്യം ചെയ്യുന്നതും ,ചെറുത്തുനിൽപ്പിന് ആഹ്വാനം ചെയ്യുന്നതുമായ വെൺപനീർ ലഘുലേഖകൾ ക്യാമ്പസുകളിൽ നിന്ന് ക്യാമ്പസുകളിലേക്ക് അതുവഴി പ്രവഹിച്ചു. അതിന്റെ കോപ്പികൾ ജർമ്മനിയിൽ പടർന്നു. “ഹിറ്റ്ലറുടെ വായിൽ നിന്ന് വരുന്ന ഓരോന്നും നുണകളാണ്, ഞങ്ങൾ നിശബ്ദമാവുകയില്ല, ഞങ്ങൾ നിങ്ങളെ അസ്വസ്ഥപ്പെടുത്തി കൊണ്ടേയിരിക്കും... “എന്ന് പം ലെറ്റുകളിലൂടെ സർവ്വകലാശാല വിദ്യാർത്ഥികൾ പറഞ്ഞു കൊണ്ടേയിരുന്നു. “പടിപടിയായി നിങ്ങളെ കൊള്ള ചെയ്യുന്ന, കേവലം കുറ്റവാളികളാൽ വിളയാടുന്ന ഒരു യന്ത്രവൽകൃത ഭരണകൂടത്തെ നിങ്ങൾ, നിങ്ങളെ ഭരിക്കാൻ അനുവദിക്കുകയാണോ?.. “എന്ന് അവർ ജർമ്മൻ ജനതയോട് ചോദിച്ചു.. പൊറുതിമുട്ടിയ ഗസ്റ്റപ്പോ 1943 ൽ ഷോളിനെ പിടികൂടി.ആ 21 കാരി കഴുത്തറത്ത് കൊല്ലപ്പെടുമ്പോഴും കുറ്റപത്രത്തിന്റെ പിൻഭാഗത്ത് സ്വാതന്ത്ര്യം എന്നെഴുതുകയും, ആയിരക്കണക്കിനാളുകൾ വിമോചനത്തിലേക്ക് എത്തുമെങ്കിൽ ഞാൻ ഒരാൾ മരിച്ചാൽ എന്ത്? എന്ന് ചോദിക്കുകയും ചെയ്തു. രണ്ടു വർഷത്തിനു ശേഷം ഹിറ്റ്ലർ ആത്മഹത്യ ചെയ്ത് നാസിസം കടപുഴകി...

ലാറ്റിൻ അമേരിക്കയിലെ വിദ്യാർത്ഥി മുന്നേറ്റങ്ങളും സമാനമായിരുന്നു. വിയറ്റ്നാമിലെ വിദ്യാർത്ഥികൾ അമേരിക്കൻ കോളനിവത്കരണത്തിനെതിരെ കർഷകർക്കും മറ്റു തൊഴിലാളികൾക്കുമൊപ്പം പോരാടി.മറ്റുള്ളവർ പണിയായുധങ്ങൾ കൊണ്ട് ചെറുത്തു നിന്നപ്പോൾ അവരുടെ ആയുധം ധിഷണയായിരുന്നു. അവർ കൊണ്ടുവന്ന ‘നമ്മൾ പോരാടുകയാണ് ‘ എന്ന പാട്ട് ആ നാടിന്റെ വികാരമായി മാറി. മിഷേൽ ഫൂകോയുടെ വാക്കുകൾ ശ്രദ്ധേയമാണ്: “ വിദ്യാർത്ഥികൾ വിപ്ലവം നയിക്കുകയല്ല , വിദ്യാർത്ഥികൾ തന്നെയാണ് വിപ്ലവം “ എന്നദ്ദേഹം പറയുകയുണ്ടായി. ആ വാക്കുകളുടെ പ്രകാശനമായിരുന്നു ഈ വിജയഗാഥകളെല്ലാം ...

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വിദ്യാർത്ഥികൾ വഹിച്ച പങ്കം വിസ്മരിക്കാനാകില്ല.ദേശീയ നേതാക്കൾ പറഞ്ഞതു പോലെ ക്ലാസ് മുറികൾ ബഹിഷ്കരിച്ച് ന്യൂനാൽ ന്യൂനപക്ഷമെങ്കിലും സ്വാതന്ത്ര്യ സമരത്തോട് ചേർന്നുനിന്നു .ഈയടുത്തായി 2019 ൽ പൗരത്വ ഭേദഗതി നിയമത്തിനെതിരെ വിദ്യാർത്ഥികൾ സമരമുഖത്ത് സജ്ജമായതും വിസ്മൃതിയുടെ കയത്തിലേക്ക് ആഴ്ത്താനാകില്ല ...

എന്നാൽ ഇന്നത്തെ ക്യാമ്പസുകളിലെ വിദ്യാർത്ഥി രാഷ്ട്രീയം കേവലം പാർട്ടികളിലെ ഭാവി നേതാക്കളെ വാർത്തെടുക്കുന്ന അംഗനവാടികൾ മാത്രമായി മാറിയോ ? എന്ന ചോദ്യം പ്രസക്തമാണ്..പഴകി പുളിച്ച മുദ്രാവാക്യങ്ങളും ,എഴുത്തിലും വാക്കിലും മാത്രം ഒതുങ്ങുന്ന മൂല്യങ്ങളും , കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിലുള്ള ഗുണ്ടായിസവും ,പരസ്പര കൊലവിളികളും ചോരക്കളികളും , മർക്കടമുഷ്ടി പ്രകടനവുമല്ലാതെ വേറെ എന്താണ് ഇന്ന് വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കാണാനുള്ളത് ?... കൈയ്യിൽ തൂലികയും പേപ്പറും കൊടുക്കുന്നതിനു പകരം കഠാരയും മാരകായുധങ്ങളും കൊടുക്കുമ്പോൾ ഏത് വിദ്യാർത്ഥി രാഷ്ട്രീയത്തെയാണ് ഇവർ പ്രതിനിധീകരിക്കുന്നത്?...കേവലം ക്രിമിനൽ സങ്കേതങ്ങളായി മാത്രം മാറുന്ന കലാലയങ്ങളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും എങ്ങനെ നല്ലൊരു രാജ്യത്തെ കെട്ടിപ്പടുക്കും ?.. ക്ലാസിനകത്ത് നിന്ന് ആർജ്ജിച്ചെടുക്കേണ്ട മൂല്യവത്തായ വിദ്യ കൊണ്ട് രൂപപ്പെടുന്ന ചിന്തകളെയും ,പ്രവർത്തനങ്ങളെയും വലിച്ചെറിഞ്ഞ് ,ക്ലാസ്സ് കട്ട് ചെയ്ത് വെളിയിൽ വിന്യസിക്കുമ്പോൾ കയ്യിൽ കടാര കരുതുന്ന നേതാക്കന്മാരെയല്ലാതെ ആരെയാണ് സൃഷ്ടിക്കപ്പെടുക ?...

മാതൃ സംഘടനകൾ അതിന് വളം വച്ചു കൊടുക്കുന്നതും നിരാശാജനകമാണ്.ആശയങ്ങൾക്ക് മൂർച്ചയുണ്ടെങ്കിൽ ആയുധങ്ങളെ കീഴ്പ്പെടുത്താനാകുമെന്ന വാക്യം ഓർമ്മപ്പെടുത്താതതിന്റെ ബാക്കിപത്രങ്ങളാണിവ. പ്രതിരോധത്തിനാണെങ്കിലും ഹിംസ ഫാസിസത്തിന്റെ മിനിയേച്ചറാണെന്നോർക്കണം..

പ്രത്യേകിച്ച് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ മതേതരത്വ രാജ്യമായിരുന്ന നമ്മുടെ ഇന്ത്യയുടെ ഭരണഘടനയുടെ കടക്കൽ കത്തി വെക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ ഉപരിസൂചിത ചരിത്രങ്ങളെ സ്മരിച്ചുകൊണ്ട്, അതിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് മുന്നേറേണ്ടത് അത്യന്താപേക്ഷിതമാണ്. ചരിത്രം പ്രഹസനമായി ആവർത്തിക്കുമല്ലോ (കാൾ മാർക്സ് )...ഈ ചരിത്രങ്ങളെ ഓർമപ്പെടുത്താൻ നിദാനവും അത് തന്നെയാണ്. ഇത്തരത്തിൽ വർഗീയതയും ഫാസിസവും ജനാധിപത്യവിരുദ്ധതയും കളം നിറയുമ്പോൾ കലാലയങ്ങളിലാണ് പ്രതീക്ഷ..ആ പ്രതീക്ഷയെ കൈയ്യൊഴിഞ്ഞ് കൂടാ ..ഇവിടുന്ന് പ്രകാശിപ്പിക്കപ്പെടുന്ന നുറുങ്ങുവെട്ടങ്ങൾ അവരെ അസ്വസ്ഥപ്പെടുത്തുക തന്നെ ചെയ്യും.. തീർച്ച..

ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനികളുടെ ലിസ്റ്റിൽ നിന്ന് ചില പേരുകൾ ഒഴിവാക്കുക, ചരിത്രത്തെയും ശാസ്ത്രത്തെയും അവരുടെ ഇംഗിതത്തിനനുസരിച്ച് വളച്ചൊടിക്കൽ  വിദ്യാഭ്യാസ ലോകത്തെ ക്രൂരമായി ഹിംസിക്കുന്നതിനു സമാനമാണ്. ഇത് വിദ്യാഭ്യാസ വിചക്ഷണരുടെ കൂടെ പിൻബലത്തോടെ അരമനയിൽ ചുട്ടെടുക്കുമ്പോൾ പ്രതികരിക്കേണ്ടത് പ്രബുദ്ധരായ വിദ്യാർത്ഥികൾ തന്നെയാണ്. ജർമനിയിൽ വെൺപനീർ പൂക്കളിലൂടെ ഉന്നയിക്കപ്പെട്ട ഉള്ളുലയ്ക്കുന്ന ചോദ്യശരങ്ങളെ പോലെ, ശക്തമായ ചോദ്യങ്ങളെ തൊടുത്തു വിടേണ്ടതും, ബൗദ്ധിക വ്യവഹാരങ്ങളെ ജനകീയമാക്കേണ്ടതും അവർ തന്നെയാണ്. ചുരുക്കത്തിൽ തീവ്ര വലതിന്റെ പള്ളിക്കൂടമായ അരാഷ്ട്രീയതയെ തുത്തെറിഞ്ഞ് വിദ്യാഭ്യാസ പ്രക്രിയയുടെ സൗന്ദര്യത്തെ പ്രകടമാക്കുന്ന സംഘാടനങ്ങളുണ്ടാവണം.ക്യാമ്പസുകൾ തമ്മിൽ ആരോഗ്യകരമായ സംവാദങ്ങൾ നടക്കണം.കാല്പനിക മുദ്രാവാക്യങ്ങൾക്ക് പകരം സർഗാത്മകതയെ കൊണ്ടുവരണം. രാഷ്ട്രീയ ശരികളെ കണ്ടെത്താനും അതിൽ ഉറച്ചുനിൽക്കാനുമുള്ള കെൽപ്പുണ്ടാവണം. അതിലൂടെ നിലപാടുള്ള സമൂഹത്തെ കെട്ടിപ്പടുക്കാനാകണം. മറ്റുള്ള എല്ലാത്തിനേക്കാളും പഠനത്തിനാവണം മുൻഗണന..എന്നാലേ കലാലയം നന്നാകൂ ...രാജ്യം നന്നാകൂ...

ഒരിറ്റ് ജനാധിപത്യത്തിനായി രാജ്യം കേഴുന്ന ഒരു ദിനം വരും. അന്നത്തേക്കായി രൂപപ്പെടാനാണ് രാജ്യം ആവശ്യപ്പെടുന്നത്...

# ഒരു തിരിഞ്ഞുനോട്ടം

**ഫാത്തിമ നിഹാല**

മൂന്നാം വർഷം

ബി എസ് സി മാത്തമാറ്റിക്സ്

എന്താ എഴുതേണ്ടത്തെന്നൊന്നും അറിയില്ല... പക്ഷെ ഒന്നറിയാം ഇന്ന് ഞാൻ എഴുതിയിലെങ്കിൽ ഞാൻ എന്നാ ആൾ ഇവിടെ പഠിച്ച് പോയതിന് എന്താ ഒരു തെളിവുള്ളത്...എനിക്ക് ഇപ്പോഴും മനസിലാവാത്ത കാര്യം എന്താണെന്ന് വച്ചാൽ എങ്ങനെ ഇത്ര പെട്ടെന്ന് എന്റെ മൂന്ന് വർഷം കഴിഞ്ഞു എന്നതാണ്... പെട്ടന്നാണെങ്കിലും എന്നെ ഈ ക്യാമ്പസും ഇവിടുത്തെ അന്തരീക്ഷവും ഒരുപാട് മാറ്റി കളഞ്ഞു... ഇനി ഇവിടെ കുറച്ച് നാൾ കൂടെ ഉണ്ടാവുകയുള്ളൂ എന്നാലോചിക്കുമ്പോൾ എവിടെയോ ഒരു നീറ്റൽ പോലെ... രാവിലത്തെ കുന്ന് കയറ്റം കഴിഞ്ഞു ഇവിടുത്തെ കാറ്റ് കൊള്ളുന്നതിന്റെ സുഖം അതൊന്നു വേറെയാ... ചിലർ വിചാരിക്കും ഈ പറയുന്ന എനിക്ക് വട്ടാണെന്ന്... പക്ഷെ ഒപ്പം കത്തിയടിക്കാനും ഓരോന്നു പറഞ്ഞു തല്ല്കൂടാനും ആൾകാരുണ്ടെങ്കിൽ ഇതും ഇതിന്റെ അപ്പുറവും നമ്മൾ കേറും.

ഈ കുന്നൊക്കെ കേറി വരുന്നത് എങ്ങനെ ഫ്രീ പീരിയഡ് തരാതിരിക്കാം എന്ന് ഗവേഷണം നടത്തുന്ന മിസ്സ്മാരുടെ മുന്നിലേക്കാണ്, അവരെ പറഞ്ഞിട്ടും കാര്യല്ല ഞങ്ങൾക്ക് സില്ലബസ് കൂടിയതോണ്ടാണെന്ന് പറയും. പക്ഷെ ഇത്ര വലിയ സില്ലബസ് ഉണ്ടായിട്ട് പോലും അതിൽ ഐ. വി ഇല്ല അവിടെയും ഞങ്ങൾക്ക് നിരാശ . എല്ലാരും ടിപ്പ് പോകുമ്പോൾ നോക്കി നിൽക്കേണ്ടി വരുന്നത് വല്ലാത്ത ഒരു അവസ്ഥയാണ്.എങ്കിലും ഡിപ്പാർട്മെന്റ് എന്നും എനിക്കൊരു ഹരമായിരുന്നു, എന്ത് വേണമെങ്കിലും ചോദിക്കാനും പറയാനും എനിക്ക് എപ്പോഴും അവസരം തന്നിരുന്നൊരിടം,

പക്ഷെ ഒരു കാര്യം എനിക്ക് ഉറപ്പാണ് ഈ വർഷം കോളേജ് വിട്ട് പോകുന്നവരിൽ ഏറ്റവും കൂടുതൽ നേരം ക്ലാസ്സിൽ ഇരുന്നത് ഞങ്ങളാണ് , എല്ലാ തവണയും അങ്ങനെ തന്നെ ആണ്.അതുകൊണ്ട് ക്ലാസ്സിൽ കുറെ ഓർമകൾ ഉണ്ട്, ടീച്ചറിന്റെ കണ്ണ് വെട്ടിച്ച മിട്ടായി തിന്നൽ, ഉറക്കം വന്നാൽ ഒന്നും നോക്കാതെ ഉറങ്ങൽ, ക്ലാസ്സിൽ ക്ലാസ്സെടുക്കുന്നതിന്റെ ഇടയിൽ പ്ലൈൻ ഉണ്ടാക്കി കളി, പിന്നെ സ്പെഷ്യൽ കൊണ്ട് വരുന്ന ദിവസങ്ങളിലെ ക്ലാസ്സിലെ ഒച്ചയും വിളിയും, തന്റെ കറിയെക്കാൾ എല്ലാവരുടെയും കറികൾ ശേഖരിക്കാൻ ഇഷ്ട്ടപെടുന്ന ചിലർ, സത്യമാണ് ഞങ്ങളങ്ങനെ ഒരുമിച്ച് പുറത്ത് പോയതൊക്കെ വളരെ വിരളമാണ് എങ്കിലും ഓർക്കാൻ എന്റെ ഉള്ളിൽ ഒരുപാട് ഓർമ്മകൾ ഉണ്ട്.

എന്റെ ക്ലാസ്സ് എനിക്ക് ഇത്ര പ്രിയപെട്ടതാവാൻ കാരണം അവിടെ ഓരോരുത്തരും എനിക്ക് ഒരു സ്ഥാനം തരുന്നതുകൊണ്ടാണ്, ഞങ്ങളുടെ കൂടി ഇരുന്നുള്ള 'കമ്പയിൻ സ്റ്റഡി', ഡിപ്പാർട്മെന്റിൽ ഒക്കെ സൂപ്പർഹിറ്റ് ആണ്. ഇന്നിപ്പോൾ എല്ലാം തീരാറായി, ക്ലാസ്സിൽ മാത്രമല്ല കോളേജിൽ ഇപ്പോ എനിക്ക് ഒരുപാട് പരിചയകാരുണ്ട്. എങ്ങനെയോ പരിചയപെട്ടതാവും, ചിലരുടെ പേര് ഓർമയില്ല... പേര് പഠിക്കാൻ ഞാൻ ആദ്യമേ കുറച്ച് പിന്നോട്ടാണ് അതുകൊണ്ട് മാത്രം.

എങ്കിലും ഈ എൻ. എസ്. എസ് കോളേജിന്റെ പടിയിറങ്ങുമ്പോൾ ഇവിടം സുന്ദരമാക്കി തന്ന എല്ലാവരോടും ഞാൻ ഹൃദയത്തിൽ തൊട്ട് എന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. ഇവിടെ എന്നെ ഞാൻ ആക്കി മാറ്റിയ ബന്ധങ്ങൾ ഉണ്ട്, അതെന്നും ഒരു മാറ്റവും ഇല്ലാതെ നിലനിൽക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു .

# മടക്കം

**ഫാത്തിമ ജെന്ന**

രണ്ടാം വർഷ

ബി എ ഇംഗ്ലീഷ്

അവൻ കൂടെത്തന്നെയുണ്ടായിരുന്നു,
എപ്പോഴും ഒരു നിഴൽ പോലെ,
കൂടെക്കൊണ്ടുപോകാൻ അവൻ എപ്പോഴും വല്ലാത്ത തിടുക്കമായിരുന്നു.
അവനവളെ ഗാഢമായി സ്നേഹിച്ചു,
ഒരുറ്റ സുഹൃത്തെന്ന പോലെ അവന്റെ നേരിയ തലോടലുകൾ,
അവളൊരിക്കലും അറിഞ്ഞതേയില്ല.
ഒരുനാൾ ഒട്ടും നിനക്കാതെ അവനവളെ തേടിയെത്തി.
അന്നേരമവളതറിഞ്ഞു,
അവൻ മരണമായിരുന്നെന്ന് !





# ചരിഞ്ഞ മരം

**ബവിഷ**
ഒന്നാം വർഷം,
ബി എസ് സി മാത്തമാറ്റിക്സ്

ചാഞ്ഞ മരം ഉയരില്ല
ഉയർന്നാലും നിവരില്ല
നിവർന്നാലും കഷ്ടപ്പെട്ടും
മാനം നോക്കാൻ....
പിന്നെയും വളരും
ചരിവ് കാത്ത്
ഓർത്ത് പരിപാലിച്ച്....
പിന്നെയും വളരും
താങ്ങായ്... തണലായ്..



# മനുഷ്യൻ

**റോഷൻ**

രണ്ടാം വർഷം,
ബി എ ഇംഗ്ലീഷ്

ചിലരുടെ സമീപനം ജീവിതം നമ്മൾക്ക് നൽകുന്ന ഒരുപാട് പാഠങ്ങൾ ആയിരിക്കും. അവരിലൂടെ ഒരുപാട് ജീവിതസത്യങ്ങൾ അത് നമ്മളെ പഠിപ്പിക്കുകയും ചെയ്യും. പല സുഹൃത്തുക്കളും വന്ന് പോയിട്ടുണ്ടാവും അവരിൽ നിന്നും എല്ലാം നമ്മളെ നമ്മൾ തിരിയുകയും ചെയ്യും. നഷ്ടപ്പെട്ട എന്തിനോ വേണ്ടി കരയുന്ന കുഞ്ഞിനെ പോലെ നമ്മളും വിങ്ങി കരയുകയും, എന്തോ ലഭിച്ചതിൽ സന്തോഷിക്കുന്ന കുഞ്ഞിനെപോലായി മാറാറും ഉണ്ട്.

അവയിൽ നിന്നും എല്ലാം നമ്മൾ ഉയർത്ത് എഴുന്നേൽക്കും, കൊഴിഞ്ഞ് പോയ ഭൃത കാലത്തെ അറുത്തെറിഞ്ഞ് പുതിയ ഒരു ഭാവി നമ്മൾ കണ്ട് പിടിക്കും അതിലൂടെ നമ്മൾ അതിര് വരച്ച് നടക്കും. അവ ആരും കടക്കുകയുമില്ല കടത്തുകയുമില്ല.

തുടരെ വേദനിപ്പിച്ച മുഖങ്ങൾ മറക്കാതെ മനസ്സിൽ സൂക്ഷിക്കും. സഹായിച്ച കരങ്ങൾ മറക്കുകയും ചെയ്യും. പുണ്യം മറന്ന് പെണ്ണിനും പൊന്നിനും പിന്നാലെ പാഞ്ഞടുക്കും. ചോറ് തന്നെ ഭക്ഷിക്കും. വെള്ളം തന്നെ കുടിക്കും. കൗമാരങ്ങൾ വഴി തെറ്റി സഞ്ചരിക്കും, അതിനെ വികസനം എന്ന് ചൂണ്ടി കാണിക്കുകയും ചെയ്യും.

കാമം തലയ്ക്ക പിടിച്ചിരിക്കും, അത് രണ്ട് വിധത്തിൽ തീർക്കുകയും ചെയ്യും. ജീവിതത്തിന്റെ പല വഴികളിലൂടെയും നമ്മൾ ഓടി നടക്കും

ഒടുവിൽ നമ്മൾ നമ്മളാണ് എന്ന് മനസ്സിലാവുന്നിടം എത്തുമ്പോൾ നമ്മൾ നിൽക്കും, എന്നിട്ട് ഉറക്കെ വിളിച്ച് പറയും "ഞാൻ മനുഷ്യനാണ്". അപ്പോഴേക്കും ഞാൻ മരിച്ചിട്ടുണ്ടാവും. വിട.



# കാഴ്ച

**മുഹമ്മദ് ഷിബിലി പി കെ**

രണ്ടാം വർഷം

ബി.കോം

ആമയും മുയലും തമ്മിൽ മത്സരിച്ചു.

തന്റെ മുത്തച്ഛന് പറ്റിയ അമളി തനിക്കും സംഭവിക്കരുതെന്ന് മുയൽ മനസ്സിലുറച്ചു.

അവൻ ചുറ്റും ശ്രദ്ധിക്കാതെ ശരംകണക്കിന് ഓടി ലക്ഷ്യത്തിലെത്തി.

മണിക്കൂറുകൾക്ക് ശേഷം പതിയെ എത്തിയ ആമയെ നോക്കി വിജയകിരീടം അണിഞ്ഞ മുയൽ പരിഹാസത്തോടെ പറഞ്ഞു.

''അല്ലയോ ആമച്ചാരേ എന്റെ മുത്തച്ഛനെ പോലെ ഞാനും ഉറങ്ങികിടക്കുമെന്ന് കരുതിയോ, നിനക്കു തെറ്റി.'' ഇത് കേട്ട് ആമ ഒന്ന് പിഞ്ചിരിച്ചുകൊണ്ട് പറഞ്ഞു ശെരിയാണ് നീ ഉറങ്ങിയില്ല പക്ഷെ നീ ഉറങ്ങിയവനെപോലെയാണ്.

വിജയത്തിലേക്കുള്ള നിന്റെ കുതിപ്പിൽ നീ ചവിട്ടിയരച്ച പ്രാണികളെ നീ കണ്ടില്ല. നീ കടന്നുവന്ന വഴിയിലൂടെയുള്ള കാഴ്ചകളെ നീ കണ്ടില്ല. സത്യത്തിൽ വിജയത്തിനുവേണ്ടി നീ പിന്നിട്ട വഴികളെ കുറിച് നീ അജ്ഞനാണ്.

എന്നാൽ എനിക്ക് പിന്നിട്ട വഴികളെ കുറിച് എല്ലാം പറയാനാകും. അവിടെ ജീവന്റെ തുടിപ്പുകളും വേദനയും സന്തോഷങ്ങളും നിറഞ്ഞ കഥകൾ ഞാൻ കേട്ടു.

നീ നേടിയത് പൊൻകിരീടവും ഞാൻ നേടിയത് ജീവന്റെ സത്യവും.




# മാർക്ക്

**റിദ ഹനാൻ**
രണ്ടാം വർഷം
ബി എ ഇംഗ്ലീഷ്



നിഷേധിക്കപ്പെട്ട പൗരത്വം
പോലെയാണത്രേ!
നിരോധിക്കപ്പെട്ട നോട്ടുകൾ പോലെയും
ഒരിക്കൽ വിലപ്പെട്ടത്തായിരുന്നിട്ടും
പെട്ടെന്നൊരിക്കൽ
വിലകെട്ടുപോയവ
മാർക്ക്....
എന്റെ വിലയളക്കാൻ
മാനവിക ലോകം നിശ്ചയിച്ച
തുലാസുകളാണവ

# പെയ്തൊഴിയാതെ

**അഭിനവ്**
രണ്ടാം വർഷം
ബി എസ് സി സുവോളജി

ഓർമകളിൽ നിന്നുള്ള
ഒളിച്ചോട്ടം ആയെന്നിരിക്കണം
എനിക്ക് നീയും
നിനക്ക് ഞാനും പ്രിയപ്പെട്ടതാവാൻ കാരണം...
ഒരിക്കൽ പോലും കാണാത്തയാൾ
പിന്നെങ്ങനാണ് മറ്റൊരാളുടെ
പ്രിയപ്പെട്ടയാളാവുക...
അകലങ്ങളിൽ ആണെങ്കിലും
ഒരു ഹൃദയസ്പന്ദനത്തിനരികെ
നീ കൂടെയുണ്ട് എന്ന വിശ്വാസം ഉണ്ട്..

പതിയെ പറന്ന്
വെള്ളിമേഘങ്ങൾ പോലെ,
എന്റെ അരികിൽ
വരുന്ന ഒരു അപ്പൂപ്പൻ താടി...
അതു നീയാണെന്ന്
കരുതാനാണിഷ്ടം....
കാറ്റ് വന്ന് വിളിക്കുമ്പോൾ എന്നെ തനിച്ചാക്കി
പോകരുത് നീ...

ജീവിതത്തിൽ ഒരിക്കൽ
പോലും കാണാത്ത
ഒരു കൂട്ട് വേണം...
സ്നേഹത്തിന്റെ കനലുകൾ
ഹൃദയത്തിൽ
എരിയുന്ന പോലൊന്ന്..

കഴിഞ്ഞ ജന്മങ്ങളിലെവിടെയോ
നീയെന്റെ പ്രിയപ്പെട്ടയാൾ
ആയെന്നിരിക്കണം..
സ്വപ്നങ്ങൾ പൂമ്പാറ്റകളെ പോലെയാണ്...
അതെന്റെ ചുറ്റിലും
വലം വയ്ക്കുന്നുണ്ട്..
അതിൽ നിന്റെ
പൂമ്പാറ്റകളും ഉണ്ടായിരുന്നെങ്കിൽ..

നീ ആഗ്രഹിക്കുന്ന ശലഭമായി നിന്റെ
വസന്തങ്ങളിൽ ഞാൻ എന്നും ഉണ്ടാവും..
പറന്ന് ക്ഷീണിക്കുമ്പോൾ
നിനക്കായ് മാത്രം ഞാൻ വിരിയും...
എന്നിലെ വസന്തം
നിന്നിലേക്ക് പകരും...

നീ വായിക്കാൻ മറന്ന താളുകളിൽ
അക്ഷരങ്ങളായി ഞാൻ ഉണ്ടാകും...
ഞാനിപ്പോഴും  ആകാശത്തിലെ
താരകളെ നോക്കി കിടക്കുന്നുണ്ട്...
നിന്നെയോർത്ത് കൊണ്ട്...

പെയ്തൊഴിയുന്ന മഴയെ
സാക്ഷിയാക്കി...
മഴചാറ്റലുകളിൽ
നിന്നോടൊപ്പം നനഞ്ഞു കൊണ്ടങ്ങനെ....
നിന്റെ കൈകൾ കോർത്തു പിടിച്ചു കൊണ്ട്
ഒരിക്കലെങ്കിലും ഈ മഴ നനയണം...

കോരിച്ചൊരിയുന്ന മഴയിൽ
നമ്മൾ മാത്രം...
കോടമഞ്ഞിറങ്ങുന്ന താഴ്വരയിലൂടെ
മഴ നനഞ്ഞു
നമ്മൾ...
നിനക്ക് തണുക്കുമ്പോൾ
കൂടുതൽ ചേർന്ന് ഒന്നായി...

നനഞ്ഞു കുതിർന്നു
നമ്മളാ വള്ളിപടർപ്പിൽ എത്തുമ്പോൾ
നിന്നെ ചേർത്ത് നിർത്തണം
നിന്റെ ഗന്ധം എന്നിൽ
അലിയും വരെ എന്നെ
ചേർത്ത് പിടിക്കണം...
എന്റെ ഓർമകൾക്ക്
കൂട്ടായി  എന്നുംവേണമെനിക്ക്..

നിലാമഞ്ഞ് പെയ്തിറങ്ങിയ
ഈ രാത്രി മുഴുവൻ
നീ എനിക്കൊപ്പം ഉണ്ട്....
ഈ നിലാ കുളിരിൽ
നീയെന്ന പുതപ്പിനാൽ മൂടിപുതച്ച്
കിടക്കാൻ നേരം കുറെ അപ്പൂപ്പൻ താടികൾ
എന്റെ ചുറ്റിലും നൃത്തം ചെയ്യുന്നു..

ഒരു ചുംബനം വേണം ...
നിന്റെ പ്രണയം ചാലിച്ചത്..
നിന്റെ വികാരങ്ങൾ പെയ്തിറങ്ങിയത്...
അതിൽ നനഞ്ഞിറങ്ങുമ്പോൾ
ഒരു പെരുമഴ പെയ്തൊഴിഞ്ഞത്
പോലെ തോന്നണം...
എന്നിൽ ആഴ്ന്നിറങ്ങി വേണം അത്
അവസാനിപ്പിക്കേണ്ടത്..

എന്റെ ഏകാന്തതയിൽ
നീ പെയ്തിറങ്ങുന്നുണ്ട്..
പെയ്തൊഴിഞ്ഞ നിന്റെ കണ്ണുകളിൽ
ഞാൻ മഴവില്ല് തേടും...
മഴ പുഴയിൽ എന്ന
പോലെ നമ്മൾ ഒന്നാവും.
പുഴ പോലെ നമ്മൾ
ചേർന്ന് ഒഴുകും...

തമ്മിൽ കാണാതെ... സംസാരിക്കാതെ...
ഇരുന്നാലോ....
അങ്ങനുള്ളവരും
ഉണ്ടാവില്ലേ ഈ ലോകത്തിൽ...
ഒരിക്കൽ പോലും കാണാതിരുന്നാൽ
ഒരു പക്ഷെ അതൊരു
കെടാവിളക്ക് പോലെ
നെഞ്ചിൽ കിടന്നു
കനലു പോലെ എരിഞ്ഞാലോ..

മഴ നാട് നനച്ച് പെയ്യുമ്പോൾ മൂടിപുതച്ച് ഉറങ്ങാതെ
നിദ്രാ വിഹീനയായ് ഞാൻ..
എന്നിലൂടെ നീ പെയ്തിറങ്ങുന്നത്
സ്വപ്നം കാണുന്നു....
നമ്മൾ ഈ ഭൂമിയിൽ ഉള്ളിടത്തോളം കാലം
കാണുന്ന ചില സ്വപ്നങ്ങൾ,
കാത്തിരിപ്പിന്റെ
സുഖം പകരുന്നവ....

ചില സ്വപ്നങ്ങൾക്ക്
എന്ത് മധുരമാണ്...
നിന്നെ പോലെ....
നിന്റെ സ്നേഹത്താൽ
ഞാനിപ്പോ ലോകത്തിന്റെ നെറുകയിലായാണ്...
ഇവിടിപ്പോൾ മഴ
പെയ്തു തുടങ്ങി...

എനിക്ക് നീ മഴയാണ്...
എന്നെ സ്നേഹത്താൽ നനയ്ക്കുന്ന മഴ....
മുൻ ജന്മ ബന്ധം പോലെ
എന്നെ ചുറ്റി നിൽക്കുന്ന
സ്നേഹം...
നിലാമഞ്ഞ്
പെയ്തിറങ്ങുന്ന ഒരു രാത്രി എങ്കിലും
നിനക്കൊപ്പം ജീവിക്കണം...

കാത്തിരിപ്പിന്റെ
വേദനകൾക്കപ്പുറം
നീയുണ്ട്
എന്ന വിശ്വാസം
മാത്രമാണ്
എനിക്കെന്റെ
പ്രണയം....
അതെന്നും ഉണ്ടാവും...
മരിക്കുവോളം

# നിള

**സുഭനി**
രണ്ടാം  വർഷ
എം എ ഇംഗ്ലീഷ്

**നിളയുടെ തീരങ്ങളിലൂടെ**
**ഏകാന്തതയും തേടിയുള്ള യാത്രയിൽ**
**ഞാൻ കണ്ടെത്തി,**
**കവിത എന്ന കാമിനിയെ...**



# കരിമ്പ്

**സാന്ദ്ര**

രണ്ടാം വർഷം

ബി എസ് സി കെമിസ്ട്രി

കൊട്ടും വേനലിൽ തണൽ തേടി
അവരാമരച്ചുവട്ടിലെത്തി
ശാഖകൾ വെട്ടി മാറ്റിയെങ്കിലും ആ
മരം അവർക്കു തണലേകി
ആ സൂര്യാഗ്നിയിൽ അവൻ
അവളെ നെഞ്ചോട്ടു ചേർത്തു
അവൻ്റെ കൈകൾ അവളുടെ
മെയ്യെ വരിഞ്ഞുമുറുക്കി
വളർന്നുനിന്ന അവൻ്റെ താടിരോമങ്ങൾ
അവളുടെ മുഖത്തെ കുത്തിനോവിച്ചു
അവൻ്റെ കൈകൾ അവളുടെ
മാറിടത്തെ ലക്ഷ്യമാക്കി നീങ്ങിത്തുടങ്ങി
എല്ലാമറിഞ്ഞുകൊണ്ട് അവൾ മൂകയായി നിന്നു
സ്നേഹം നിറഞ്ഞ തലോടലോ
കാമം നിറഞ്ഞ ആണിൻ്റെ കരങ്ങളോ
തന്നെ പുൽകുന്നതെന്നറിയാതെ
അവൾ സ്തബ്ധയായി നിന്നു.
ആണിന് മുന്നിലെ കളിപ്പാവയായ
അടിമയായ വെറും ഒരു
പച്ചയായ സ്ത്രീയെ പോലെ



# കണ്ണീരിനാൽ നശിച്ച ജീവിതം

**നന്ദന**

രണ്ടാം വർഷം

ബി എസ് സി പ്ലാന്റ് സയൻസ്

മഴയെപോലെ തോരാതെയാണെന്റെ കണ്ണീർ
വെയിൽ പോലെ ചായാതെയാണെന്റെ മനസ്സ്
പുഴപോലെ ഒഴുകാതെയാണെന്റെ ജീവിതം
നിഴൽ പോലെ മറയാതെയാണെന്റെ ചിന്ത
സ്വപ്നങ്ങൾ ഓരോന്നുമുണ്ട് പക്ഷെ, കണ്ണീർ
കടലിന്റെ ചുഴിയിൽ വീണു ഞാൻ
മരണത്തെ ഭയക്കാതെ വീണ്ടും
നിറയുന്ന മനസ്സോടു കൂടി
സങ്കടം മനസ്സിന്റെ മലയാൽ ഞാൻ
കാണാതെ പോയി സ്നേഹം
സങ്കടത്തിനടിമയായ് നിന്നു ഞാൻ
ആരാരും കാണാതെ ഒളിവിൽ
പുഴപോലെ ഒഴുകുന്ന കണ്ണീർ
കടൽ പോലെ നിറയുന്ന ദുഃഖം
ആവില്ല നല്ല ജീവിതത്തിനായി
ഈ കണ്ണീരിന്റെ കടലിനാൽ
നശിക്കുന്നു ഞാൻ ഈ കണ്ണീരുകൊണ്ട്
ഇനിയൊരു ജീവിതം വേണ്ട
മഴപോൽ തോരാതെയാണെന്റെ കണ്ണീർ
നശിച്ചുപോയി ഞാൻ ഈ കണ്ണീർക്കടലിൽ

# റൂം നമ്പർ.102

**അരുൺ**

ഒന്നാം വർഷം

ബി എ ഇംഗ്ലീഷ്

“അന്നാ..” അവളുടെ ശബ്ദം മുഴങ്ങി. കനത്ത ഇരുട്ടിലും ഞാനവളെ തേടിനടന്നു. ശൂന്യതയിലും ഞാൻ തേടിയലയുന്ന വെളിച്ചമാണ് അവളെന്ന് കൊഞ്ചിച്ചുകൊണ്ട് ഞാൻ പറഞ്ഞു. മറുപടിയുണ്ടായില്ല. ഒരിറ്റ് വെളിച്ചം പോലും എന്നെത്തേടിയെത്തിയില്ല.

മുറിയിൽ പലതരം മരുന്നുകളുടെ ഗന്ധം നിറഞ്ഞിരുന്നു; വിരഹത്തിന്റെയും. ഇവിടെ ആദ്യമായി വന്ന നാൾ, ഭ്രാന്താശുപത്രിയിലെ 102ആം നമ്പർ മുറി മാത്രമായിരുന്നുവെങ്കിൽ ഇന്ന് ഇതെന്റെ ലോകമായിത്തീർന്നിരിക്കുന്നു. എനിക്കു മുന്നേ ആരോ മരിച്ചു തീർന്നിടം.

അയാളുടെ അവശേഷിപ്പുകളായിരുന്നു, ഓർമകളും ജീവിതവുമായിരുന്നു ഈ മുറി നിറയെ. ആദ്യനാളുകളിൽ അയാളുടെ, ഈ മുറിയുടെ ചരിത്രം ഞാൻ ഉറക്കമിളച്ചു തിരഞ്ഞിരുന്നു. ഏറെ നാളുകൾക്ക് ശേഷമാണ് മനസ്സിലായത്, ഭ്രാന്തിന്റെയല്ല, വേദനയുടെയും നശിച്ചുതീർന്ന പ്രതീക്ഷകളുടെയും കഥകളാണ് ഇവിടെയോരോ മുറികൾക്കും പറയാനുള്ളതെന്ന്..

ഞാൻ ചുറ്റുമൊന്ന് കണ്ണോടിച്ചു. മറ്റൊരാൾക്ക് ഈ മുറിയിൽനിന്നും എന്നെ അറിയുന്നതിനേക്കാൾ കൂടുതൽ എന്റെ പ്രിയതമയെ അറിയാൻ കഴിയും. ഈ മുറിയിലും എന്റെ മനസ്സിലും അവളുടെ ഓർമകളെ മായാതിരിക്കാൻ കോറിയിട്ടിട്ടുണ്ട്. ഭ്രാന്തിന്റെ തോന്നിവാസങ്ങളായി തോന്നാമെങ്കിലും അവളെന്നിൽ നിറഞ്ഞിരിക്കുന്നുവെന്ന് പറയാൻ ഞാൻ മടിക്കില്ല.

അവളെന്നെ കാണാൻ വരുമ്പോഴൊക്കെ വെളുത്ത ലില്ലിപ്പൂക്കൾ സമ്മാനിച്ചിരുന്നു. വാടിത്തുടങ്ങിയെങ്കിലും അവയിപ്പോഴും പ്രണയം പരത്തുന്നു. അവയുടെ സുഗന്ധം ആസ്വദിച്ചു ദിവസങ്ങളോളം ഞാനീ മുറിയിൽ കഴിയും. അതെന്റെ ഭ്രാന്താണെന്ന് മറ്റുള്ളവർ പറയും. നിങ്ങളവരുടെ വാക്കുകളെ കാര്യമാക്കിയെടുക്കേണ്ടെന്നാണ് അന്ന പറയാറുള്ളത്. ഒരിക്കൽ, ഇതുപറഞ്ഞ് കരഞ്ഞപ്പോൾ മുടിയിഴകളിലൂടെ വിരലോടിച്ച് ആശ്വസിപ്പിച്ചുകൊണ്ടവൾ പറഞ്ഞു: “ഭ്രാന്താണെന്ന് മറ്റുള്ളവരെക്കൊണ്ട് പറയിക്കാത്ത ഒരു പ്രണയവും ഈ ഭൂഗോളത്തിലുണ്ടായിട്ടില്ല, അന്നാ.. അവർക്ക് അസൂയയാണ്. അവർ ഭ്രാന്തിനെയും പ്രണയത്തെയും ചികിത്സിച്ചുമാറ്റാൻ ശ്രമിക്കും. എന്തിന്?”

ആ നിമിഷത്തിലാണ് പഴയ ആ പത്തുവയസ്സുകാരിയിൽനിന്നും അവളെത്ര വലുതായിരിക്കുന്നുവെന്ന് ഞാൻ ചിന്തിച്ചത്. മനസ്സ് വായിച്ചതുപോലെ അവൾ പറഞ്ഞു, “അന്നാ, നീയെന്റെ ജീവനായിരിക്കുന്നു. നമ്മളാദ്യമായി കണ്ടത് നീ ഓർക്കുന്നുണ്ടോ? പിന്നീട് എന്റെ നിഴലായി കൂടെ ഉണ്ടായിരുന്നതും, കരഞ്ഞുകൊണ്ടിരിക്കുമ്പോൾ ഓരോ തമാശ പറഞ്ഞ് ചിരിപ്പിക്കുന്നതും, എനിക്കായി മിഠായി കൊണ്ടുവരുന്നതും..” അവൾ ചിരിച്ചുകൊണ്ട് തുടർന്നു, “നീയെന്നോട് പ്രണയം തുറന്നുപറഞ്ഞതും, ഉമ്മവച്ചതും, നഗരായതും.. അങ്ങനെയങ്ങനെ..”

അവളെന്നെ നോക്കി. “പറഞ്ഞുവന്നത് അതല്ല. ഞാൻ അന്ന് ജീവനോടെയിരിക്കാൻ കാരണമായത്

നീയായിരുന്നു. നീയേറെ കഷ്ടപ്പെട്ടു, നമ്മുടെ പ്രണയം കാരണം. നിന്റെയിപ്പോഴത്തെ അവസ്ഥ നോക്ക്, പ്രേമം കാരണം നിനക്കിപ്പോൾ ശുദ്ധവായു പോലും നിഷിദ്ധമായിരിക്കുന്നു. അവർ നിന്നെ തടവിലാക്കിയിരിക്കുന്നു. വീട്ടുകാർക്ക് അഭിമാനമായിരുന്ന നീ ഇപ്പോഴവർക്ക് അപമാനമാണ്. പ്രണയം വലിയ തെറ്റാണ് അന്നാ.. അത് പെണ്ണും പെണ്ണും തമ്മിലാണെങ്കിൽ പൊറുക്കാൻ കഴിയാത്ത തെറ്റാണ്."

ഞാൻ അത്ഭുതത്തോടെ അവളെ നോക്കി.

"നീയൊരു വായാടിയായി മാറിക്കഴിഞ്ഞിരിക്കുന്നു ലൈലാ..

നീയിപ്പോൾ മുതിർന്നവരെപ്പോലെ സംസാരിക്കുന്നു."

അവൾ പൊട്ടിച്ചിരിച്ചു. അത് കാണാനെന്ത് ഭംഗിയാണെന്നോ! വേദനയിലും നിറഞ്ഞുനിൽക്കുന്ന മധുരമാണ്.

എനിക്കിപ്പോഴും ഓർമയുണ്ട്. കോരിച്ചൊരിയുന്ന മഴ. നാലിൽ നിന്നും അഞ്ചിലേക്ക്, ചെറിയൊരു സ്കൂളും വളരെ കുറച്ച് കുട്ടികളും. പുതിയ ചുറ്റുപാടുകളായിരുന്നുവെങ്കിലും ഞാൻ പെട്ടെന്നുതന്നെ പൊരുത്തപ്പെടുമെന്ന് എനിക്ക് ഉറപ്പായിരുന്നു. അവിടെയെല്ലാ കുട്ടികളും അച്ഛനമ്മമാരുടെ കൂടെയായിരുന്നു വന്നത്, സന്തോഷം നിറഞ്ഞ മുഖങ്ങൾ. തിരക്ക് കാരണം അവസാനനിമിഷമായിരുന്നു എന്റെ അപ്പയോ അമ്മയോ വരില്ലെന്ന് പറഞ്ഞത്. അവരെപ്പോഴും അങ്ങനെയായതുകൊണ്ട് ഒറ്റയ്ക്കുള്ള ജീവിതം ശീലമായിരുന്നു..

ചുറ്റുമുള്ള മനുഷ്യരെ പഠിക്കുന്നതിനിടയിലാണ് അവളെ കണ്ടത്; കണ്ണ് നിറച്ച്, കൂടെ വന്ന വൃദ്ധയുടെ സാരിത്തുമ്പ് പിടിച്ച് പോവല്ലേ എന്ന് പറഞ്ഞുകൊണ്ടിരുന്ന പെൺകുട്ടി. അവർ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും അവൾ കൂടുതൽ പൊട്ടിക്കരയുകയാണുണ്ടായത്. ഞാൻ അവരെത്തന്നെ നോക്കിയിരുന്നത് കൊണ്ടാവാം, എന്റെയടുത്ത് വന്നു ചോദിച്ചു:

"മോളെ, ഈ 5-ബി എവിടെയാ?"

"ഞാനും ആ ക്ലാസ്സിലാണ്. അവിടേയ്ക്ക് ആണെങ്കിൽ എന്റെ കൂടെ വന്നോളൂ."

ഞാൻ അവളെ ഒന്നുകൂടെ നോക്കി. സുന്ദരിയാണ്. ഏതൊക്കെയോ ചരടുകൾ ഞങ്ങളുടെയിടയിൽ അപ്പോഴേക്കും കെട്ടുപിണഞ്ഞിരുന്നു.

കൂട്ടാവാനുള്ള ശ്രമമായിരുന്നു അടുത്തത്.

"നിന്റെ പേരെന്താ?"

എന്നെ ഒന്ന് നോക്കിയിട്ട് അവളുടെ നോട്ടം വീണ്ടും നിലത്തേക്കായി. ഞാൻ മുഖം വീർപ്പിച്ചുനടന്നു.

എന്റെ പിണക്കം കണ്ട് അവരവളുടെ കൈയിലൊന്ന് തട്ടി, അവളെ നോക്കി ചിരിച്ചു.

"പേര് പറഞ്ഞുകൊടുക്കെടി."

അവൾ മുഖം തിരിച്ചുകൊണ്ട് അവരുടെ കാലിൽ ചുറ്റിപ്പിടിച്ചു. അവളെ ക്ലാസ്സിലാക്കിയതിനുശേഷം അവരെന്നോട് പറഞ്ഞു,

"ഒന്നും തോന്നരുത് മോളെ..

അവളെങ്ങനെയാരോടും മിണ്ടാറില്ല. ഞാനവളുടെ അച്ഛമ്മയാണ്. അവൾക്ക് ഞാനേയുള്ളൂ.. അച്ഛനും അമ്മയുമൊക്കെ അവള് ചെറുതായിരിക്കുമ്പോ തന്നെ ഒരു ആക്സിഡന്റിൽ.."

ഒന്നുനിർത്തി, എന്റെ കണ്ണുകളിലേക്ക് നോക്കി. നിറം മങ്ങിയ കണ്ണുകളിലെന്തൊക്കെയോ പറയാൻ ബാക്കി വച്ചതുപോലെ, കണ്ണുനീരും കഷ്ടപ്പാടും കുമിഞ്ഞുകൂടിയിരിക്കുന്നു, കൂടെ അളവറ്റ സ്നേഹവും. അവരുടെ കണ്ണുകൾ വേദനയിലും തിളങ്ങിയിരുന്നു; പിന്നീടാണ് ലൈലയുടെ കണ്ണുകൾ അവരിൽനിന്നു കിട്ടിയതാവാം എന്നെനിക്ക് മനസ്സിലായത്.

"അവളെ വളർത്താൻ ഞാൻ നല്ലതുപോലെ കഷ്ടപ്പെടുന്നുണ്ട്. ഒന്ന് ശ്രദ്ധിച്ചേക്കണേ മോളെ.. അവള് നന്നായി പഠിച്ച് വളരുമെന്ന് അറിയാം. എന്നാലും.., പാവം കുട്ടിയാണ്.."

"ഞാൻ അവളെ നോക്കിക്കോളാം അച്ഛമ്മേ, അച്ഛമ്മ പേടിക്കണ്ട. ഞാൻ എന്നും അവളുടെ കൂടെ ഉണ്ടാവും."

സ്നേഹത്തോടെയായിരുന്നു അവരെന്റെ കവിളിൽ തലോടിയിരുന്നത്. അന്ന് കൊടുത്ത വാക്ക് ഞാൻ ഇന്നും കാത്തുസൂക്ഷിക്കുന്നു. പക്ഷെ, ഏറെനാൾ കഴിഞ്ഞ് അച്ഛമ്മ തന്നെ എന്നോട് പറഞ്ഞിരുന്നു അവളെ മറക്കണമെന്ന്,

അവളെ അവർക്ക് വിട്ടുകൊടുത്ത് സമാധാനത്തോടെ ജീവിക്കാൻ അനുവദിക്കണമെന്ന്.

പഠനവും ജീവിതവും മുന്നോട്ട് പോയി. എന്റെ ചിന്തകൾ പലപ്പോഴും അവളെക്കുറിച്ച് മാത്രമായിത്തീർന്നിരുന്നു. മിണ്ടാൻ ശ്രമിച്ചെങ്കിലും മറുപടിയിലെ വിദ്വേഷം എന്റെ ധൈര്യത്തെ കെടുത്തി. എങ്കിലും അവൾക്ക് എന്ത് ആവശ്യമുണ്ടെങ്കിലും ആദ്യം എന്നോട് ചോദിക്കാൻ കഴിയുന്നൊരു ബന്ധം അവളിൽ ഞാൻ ഉണ്ടാക്കിയെടുത്തിരുന്നു. അതിൽ ഒതുങ്ങിയിരുന്നു ഞങ്ങളുടെ സംഭാഷണം. ചെറിയൊരു പുഞ്ചിരിയോ നോട്ടമോ മതിയായിരുന്നു എനിക്ക് എന്തെന്നില്ലാത്ത സന്തോഷമുണ്ടാവാൻ.

അവൾക്കായിരുന്നു ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക്. എങ്കിലും ക്ലാസ് ടീച്ചർക്ക് എപ്പോഴും പരാതിയായിരുന്നു; അവളാരോടും മിണ്ടാറില്ലെന്നും അവസാന ബെഞ്ചിൽ ഒറ്റയ്ക്ക് ഇരിക്കുകയാണെന്നും.

അങ്ങനെയാണ് ബഹളമുണ്ടാക്കി നടക്കുന്ന എന്നെ അവളുടെ അടുത്ത് ഇരുത്തിയത്.

ലോകം കീഴടക്കിയ സന്തോഷമായിരുന്നു അപ്പൊഴെനിക്ക്.

ഞാൻ അടുത്ത് ചെന്നിരുന്നിട്ടും അവളെന്നെ നോക്കിയില്ല. എപ്പോഴും നിലത്ത് കണ്ണുംനട്ടിരിക്കും. വിഷയങ്ങളില്ലാതാകുന്നത് വരെ ഞാനവളോട് സംസാരിക്കും. മറുപടി അവളൊരു മൂളലിൽ ഒതുക്കും. അപ്പോൾ ഞാനവളെ നോക്കിയിരിക്കും; അവളുടെ ഭാഷയും അതായിരുന്നല്ലോ. ചുരുണ്ട മുടിയായിരുന്നു അവൾക്ക്. കണ്മഷിയിട്ട് കറുപ്പിക്കാറുള്ള നീണ്ട കണ്ണുകളും. അവളെ സ്വപ്നം കണ്ട് നടന്നുതീർത്ത ഇടവഴികൾ .

ഒരു ദിവസം, ഞാൻ വീട്ടിലെ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണെന്ന് തോന്നുന്നു, അവൾ പൊടുന്നനെ എന്നോട് പറഞ്ഞു: "എന്റെ പേര് ലൈല..."

"അതെനിക്ക് അറിയാലോ.. എന്തെ ഇപ്പൊ പറയാൻ?"

"അന്ന് ഞാൻ പറഞ്ഞില്ലല്ലോ."

"എന്ന്..?"

"നമ്മളാദ്യം കണ്ടപ്പോ, നീ എന്റെ പേര് ചോദിച്ചില്ലേ.."

അപ്പോഴത്തെ അവളുടെ നോട്ടത്തിന്റെ തീവ്രതയിൽ സിനിമയിലൊക്കെ കാണുന്നതുപോലെ ഞങ്ങൾ ചുംബിക്കുമെന്നെനിക്ക് തോന്നി. കുറച്ചുകൂടെ വലുതായപ്പോൾ അന്ന് തോന്നിയത് തെറ്റാണെന്ന് ഞാൻ സ്വയം പഠിപ്പിച്ചു; എനിക്കെന്തോ കുഴപ്പമുണ്ടെന്നും.

കാലം മാറിമാറി വന്നു. ഞങ്ങൾ കൂടുതൽ അടുത്തു. കൈകൾ കോർത്ത് ഏറെ ദൂരം നടന്നുതീർത്തു. സങ്കടം വരുമ്പോൾ ഓടിവന്നണയാനും കെട്ടിപ്പിടിച്ച് ആശ്വസിക്കാനും ഞങ്ങളിരുവർക്കും ചുമലുകളൊരുക്കി. സന്തോഷം പങ്കുവയ്ക്കാനും കൂടെനിൽക്കാനും ഞങ്ങളെത്തന്നെ തേടിനടന്നു. ഇരുവീട്ടുകാർക്കും ഞങ്ങൾ മക്കളെപ്പോലെത്തന്നെയായിരുന്നു. പറ്റിച്ചേർന്ന് കിടന്ന് ഒരുപാടൊരുപാട് കഥകൾ പറഞ്ഞ് കഴിയുമ്പോഴും സ്നേഹം കൂടുമ്പോഴും അവൾ കവിളത്ത് ഒരുമ്മ തരും; നിറയെ വാത്സല്യത്തോടെ.

പത്താം ക്ലാസിലെ അവസാന ദിവസം. പരീക്ഷ കൂടെ കഴിഞ്ഞാൽ അവളെ കാണുമോ എന്നുതന്നെ സംശയമായിരുന്നു. അവൾക്ക് പത്ത് കഴിഞ്ഞ് എവിടെയെങ്കിലും ജോലി നോക്കി അച്ഛമ്മയെ സഹായിക്കാനായിരുന്നു ആഗ്രഹം; അപ്പയ്ക്ക് എന്നെ പുറത്തെവിടെയെങ്കിലും വിട്ട് പഠിപ്പിക്കാനും.

ക്ലാസ്സ് കഴിഞ്ഞ് വീട്ടിലേക്ക് നടക്കുന്ന വഴി, അവളോട് പറയണോ വേണ്ടയോ എന്നാ സംശയമായിരുന്നു ഉള്ളിൽ. പറഞ്ഞില്ലെങ്കിൽ എന്നോട് തന്നെ ചെയ്യുന്ന തെറ്റാവും. പറഞ്ഞാൽ അവളത് എങ്ങനെ എടുക്കുമെന്ന് അറിഞ്ഞുകൂടാ. ഇത്രയും വർഷങ്ങൾകൊണ്ട് എനിക്ക് അവളോട് തോന്നുന്ന വികാരം പ്രേമമാണെന്ന് ഉറപ്പായിരുന്നു; മറ്റുള്ള സൗഹൃദങ്ങളിലൊന്നും തോന്നാത്ത എന്തോ ഒന്ന്.. കഥകളിലൊക്കെ നായകന് നായികയോടും തിരിച്ചും തോന്നുന്ന അതേ വികാരം. തെറ്റാവുമെന്ന് അറിഞ്ഞിട്ടും ഞാൻ പറയാൻ തീരുമാനിച്ചു. പ്രണയത്തെ സൗഹൃദമാണെന്ന് പറഞ്ഞ് ഇത്രയും നാൾ അവളെ കബളിപ്പിച്ചു, ഇനിയും അത് പാടില്ല.

ഞാനവളുടെ കൈ പിടിച്ച് നിർത്തി. ധൈര്യം മുഴുവൻ സംഭരിച്ച് പറയാൻ തുടങ്ങി.

"എടോ, എനിക്ക്.."

നിന്ന് പരുങ്ങുന്നത് കണ്ട് അവൾ ചോദിച്ചു, "എന്താ അന്നാ, പ്രേമം ആണെന്ന് പറയാനാണോ?" അവളെന്നെ കളിയാക്കിയതാണെന്നാ ഞാൻ ആദ്യം വിചാരിച്ചത്.

"എനിക്കും നിന്നെ ഇഷ്ടാണെടോ.. വെറും ഇഷ്ടം അല്ല, പ്രേമോം മറ്റുപലതും കൂടിച്ചേർന്നത്. ഇടയ്ക്ക് നിന്നെ

കാണുമ്പോ, ഉമ്മ വച്ച് കടിച്ച് തിന്നാൻ തോന്നും അന്നാ."

"സത്യം?!"

"അല്ല കള്ളം."

ഞങ്ങൾ പൊട്ടിച്ചിരിച്ചുകൊണ്ട് നടത്തം തുടർന്നു.

അന്ന്, ഞാനും ലൈലയും എന്റെ മുറിയിലായിരുന്നു. പരീക്ഷക്ക് പഠിക്കാനാണെന്ന് അമ്മയോട് കള്ളം പറഞ്ഞു. പ്രണയവും വാത്സല്യവും ഒരുപോലെ നിറഞ്ഞു നിന്ന ആ നേരത്തായിരുന്നു ഞങ്ങളുടെ ആദ്യ ചുംബനം. ജീവിതത്തിൽ എടുത്ത ഏറ്റവും മോശം തീരുമാനമായിരിക്കും അത്. പലപ്പോഴും ചിന്തിച്ചിട്ടുണ്ട്, കരഞ്ഞുതീർത്തിട്ടുണ്ട്.. കൗമാരത്തിന്റെ എടുത്തുചാട്ടം അന്ന് ഇല്ലായിരുന്നുവെങ്കിൽ..

പെട്ടെന്നായിരുന്നു അമ്മ മുറിയിലേക്ക് കയറിവന്നതും ഞങ്ങളെ അങ്ങനെ കണ്ടതും. അമ്മ ദേഷ്യപ്പെട്ടു, ഒരുപാട് തല്ലി, അവളെ വീട്ടിൽനിന്നും ഇറക്കിവിട്ടു. മുറിയിൽനിന്ന് അന്ന് പുറത്തിറങ്ങിയതേയില്ല. പിന്നീട് അമ്മയോ അപ്പയോ എന്നോട് മിണ്ടുകയുണ്ടായില്ല. പരീക്ഷ കഴിഞ്ഞു, അവളെ ഇതിനിടക്ക് കണ്ടില്ല. പേടിയായിരുന്നു. എല്ലാം നഷ്ടപ്പെട്ട വേദനയും. അവളോട് മിണ്ടണമെന്നുണ്ടായിരുന്നു, ഒരു നോക്ക് കാണണമെന്നും. നടന്നില്ല. ദിവസങ്ങളേറെക്കഴിഞ്ഞപ്പോൾ അവൾ ജീവനോടെ ഉണ്ടെന്നെങ്കിലും അറിഞ്ഞാൽ മതിയെന്നായിരുന്നു. ഒരാഴ്ചക്കാലം വേദന കടിച്ചുതിന്നുകൊണ്ടായിരുന്നു ജീവിച്ചത്.

പിന്നീടൊരു ദിവസമാണ് അറിഞ്ഞത് ഞാൻ ചുംബിച്ച നനച്ച ചുണ്ടുകൾ നീലിച്ചിരിക്കുന്നുവെന്നും, ഹൃദയം നിശ്ചലമായിരിക്കുന്നുവെന്നും. അമ്മയും അപ്പയും ചേർന്നാണ് അച്ചമ്മയോട് ഞങ്ങളുടെ പാപത്തിന്റെ കാര്യം പറഞ്ഞതും ലൈലയെ മാത്രം മോശക്കാരിയാക്കിയതും. പ്രണയം രണ്ടുപേർക്കിടയിൽ ഉണ്ടാകുന്നുവെങ്കിൽ അവർ രണ്ടുപേരും ഒരുപോലെ പാപം ചെയ്യുന്നവരല്ലേ?

ഞാൻ വർത്തമാനത്തിലെത്തി. അവളെ കെട്ടിപ്പിടിച്ചിരിക്കാൻ കഴിയുന്നതിൽ സന്തോഷിച്ചു. ഞാനവളുടെ മൂക്കിൻതുമ്പത്ത് ഉമ്മവച്ചുകൊണ്ട് ചോദിച്ചു, "മരിച്ചുപോയ മനുഷ്യർക്കൊക്കെ എന്ത് സംഭവിക്കും?"

"എന്നെക്കുറിച്ച് ഓർത്തിട്ടാണോ?"

"ആണെന്ന് കൂട്ടിക്കോ.. പറയ്."

"അവരുടെ ഓർമകളൊക്കെ പതിയെ ഓരോ മനുഷ്യരുടെ മനസ്സിൽനിന്നും മായും. ശരീരം പുഴക്കൾക്ക് ഭക്ഷണമാവും, അല്ലെങ്കിൽ ചാരമാവും."

"അപ്പൊ മനസ്സോ?"

"മനസ്സ്.. അതിങ്ങനെ സ്നേഹിക്കുന്നവരുടെ കൂടെ കറങ്ങിനടക്കും."

അവളെന്റെ നെറ്റിയിൽ ചുംബിച്ചു. മുടിയിഴകളിലൂടെ കൈയിട്ടു തലോടി. ഞാനവളുടെ അധരങ്ങളിൽ ചുംബിച്ചു, ഗാഢമായി പുണർന്നു. കൈകൾ ശരീരത്തിലൂടെ ഓടിനടന്നു, ചുണ്ടുകളും. നഗ്നരായി സ്വപ്നം കാണുമ്പോൾ അവയ്ക്ക് എന്ത് നിറമായിരുന്നു? വയലറ്റ്.. അല്ല, അവയ്ക്ക് വാടിയ ലില്ലിപ്പൂക്കളുടെ നിറമായിരുന്നു. സ്വപ്നത്തിൽ ഞങ്ങൾ പാപബോധമില്ലാതെ പ്രണയിച്ചു. ലില്ലിപ്പൂക്കൾ വിതറിയ മെത്തയിൽവച്ച് നിഷേധിക്കപ്പെട്ട ഇടങ്ങളിൽ കവിതകളെഴുതി. ഇംഗ്ലീഷ് പ്രണയനോവലിൽ നിന്നിറങ്ങിവന്ന കഥാപാത്രങ്ങളെപ്പോലെയുണ്ടായിരുന്നു ഞങ്ങളെക്കാണാൻ. ഹാ, അവിടെയെങ്കിലും ജീവിക്കുക സാധ്യമല്ലോ!

അന്നയും ലൈലയും, അവർ പ്രണയിനികളായിരുന്നു. അവർ പ്രണയിച്ചിരുന്നു, പ്രണയിക്കുന്നു, പ്രണയിച്ചുകൊണ്ടേയിരിക്കട്ടെ.



# വിരഹം അന്യം നിൽക്കുന്ന സുദൃഢമായ ബന്ധം ....

**മുഹമ്മദ് മിദ്‌ലാജ്**
രണ്ടാം വർഷം
ബി എസ് സി ഫിസിക്സ്

നശ്വര ബന്ധമേ ആകൂ എന്നറിയാം ...
എങ്കിലും, അവൻ ഒന്നു രുചിച്ചു നോക്കി ...
ജീവിതമാം നൗകയുടെ ആടിയുലച്ചലുകൾ അറിഞ്ഞു ...
ലോകം മാറിമറിഞ്ഞു .... നായകന്മാർ മൂതിയടിഞ്ഞു .. വിസ്മൃതിയുടെ കയത്തിലാണ്ടു...
അസഹ്യമായ വേദന ...
അപ്പോഴും ഒരാൾ വിങ്ങുന്നത് അവൻ കണ്ടതേയില്ല ...
ഹൃദയം നുറുങ്ങുമ്പോൾ മാത്രമായിരുന്നു അവൻ ആ നുറുങ്ങലുകളിലേക്ക് ശ്രദ്ധിച്ചിരുന്നത് .....
ആ ഹൃദയ ഭേദകങ്ങളാണ് മറ്റു ഭേദകങ്ങളേക്കാൾ കഠിനം എന്നവൻ അറിഞ്ഞതേയില്ലായിരുന്നു ...
അവസാന മാത്രയിൽ അവന് അനുഭവത്തിലൂടെ ബോധ്യമായി ...
അനശ്വര ബന്ധം അതു മാത്രമാ....
വിരഹം അന്യം നിൽക്കുന്ന സുദൃഢമായ ബന്ധം .....



# അഭിനയം......

**ജസ്നി**
രണ്ടാം വർഷം
ബി എസ് സി ഫിസിക്സ്

കാണുന്നു നിന്നെ ഞാൻ
കണ്ണാടിയായി,
ഉണ്ടക്കണ്ണും കറയിൽ ഉതിർന്നൊരു പല്ലും,
സ്ഥലമത്രയും നിറഞ്ഞ തൻ മൂക്കും,
പ്രതിബിംബമായി വിരിയുന്നു നിന്നിൽ ഞാൻ....

അച്ചടി പോൽ പരന്ന നിൻ മുഖം
വിടരുന്നു, പൂക്കുന്നു,
കരയുന്നു, ചിരിക്കുന്നു,
ഫിൽറ്ററെന്ന പേരിൽ....

ഹാസ്യമാം ദ്രുപേണ കാണുന്നു നിന്നെ ഞാൻ,
ഹാസ്യമല്ലാതായി  തോന്നുന്നതും എനിക്ക്!
മനുഷ്യരിലെ മാറ്റം പോൽ തോന്നുന്നു സ്വയം...
ഒരൊറ്റ ക്ലിക്കിൽ,
ശലഭം പറക്കുന്നു,
കണ്ണീരുറ്റുന്നു, ഭൂതമാവുന്നു, പേടിയാവുന്നു,....
വീണ്ടും അവന്റെ വരവ്...ഫിൽറ്ററായി തന്നെ...!!

കാലങ്ങൾ മായ്ക്കുന്ന  ഓർമ്മകൾ തട്ടുന്നു,
മിഴിനീരായി...
കാണുന്ന തൻ മുഖം കൂട്ടുന്നു,പഴയകാലത്തിലേക്കായി...!
ഊറുന്ന മധുരത്തിൻ തുള്ളിയായി തോന്നുന്നു..
താനെന്ന ആ മുഖം തട്ടുന്നു കണ്ണീരിനെ തളമായി.....

തുടരുന്നു ഇന്ന് നാം സെൽഫിയായി,
ചർമത്തിൻ ചുളിവറിയിക്കാതെ,
ഫിൽറ്ററിൽ മുങ്ങിക്കുളിച്ച്,
അക്കങ്ങൾ വെറും അക്കമെന്നതിൽ
തെളിവായി ഫിൽറ്റർ...
ചുണ്ടിന്റെ ചോപ്പും കരി നീലകണ്ണും
ആകർഷകമാം ലോകത്തിന്..
ഞാൻ തന്നെ മാറിപ്പോകും വിധം
ആകർഷകമാം ഒന്ന്.....
അഭിനയമാം ലോകത്ത്
അഭിനയമാം മറ്റൊന്ന്...!!!



# പെണ്ണുടൽ

**അഞ്ജന**

രണ്ടാം വർഷ

ബി എസ് സി സുവോളജി

നഗ്നമാം മേനിയോടാ തെരുവീഥികളി-
ലലമുറയിട്ടു കരഞ്ഞു തളർന്നവൾ
നിന്ദനമൊന്നാകെ കർണ്ണം തുളയ്ക്കുമ്പോ-
ളുരിയാടുവാൻ മറന്നാകെ തളർന്നവൾ
ചോരമിഴികളിൽ കാമം ജ്വലിക്കുമാ
ഭ്രാന്തനു മുന്നിലായ് പേടിച്ചരണ്ടവൾ
ദുഃഖത്തിനാഴത്തിൽ ഗതിയില്ലാതലയുന്ന
മരണം കൊതിച്ചിട്ടും പെണ്ണുടലിന്നവൾ

ഒരു തായ നൊന്തുപെറ്റുമക്കിടാവവൾ
മറ്റൊരു തായ പെറ്റവനോട്ടു കേൾപ്പുണ്ടതു,
നിൻ കരം ചെയ്തിട്ടും പാപകർമ്മങ്ങൾക്കു,
ഒഴുകിയിറങ്ങുമെൻ ചുടു കണ്ണുനീരിനു,
മൂതിനയപുൽകിയ എന്റെ സ്വപ്നങ്ങൾക്കു
മറുപടി നീ നൽകിടേണ്ടതു നിശ്ചയം!
വിസ്മരിക്കരുതു നീ സോദരം നിന്നെയും
ഉദയത്തിലേറിയതുമൊരു സ്ത്രീ ജന്മം.
ജയിക്കുവാനിനിയെന്തു വേണം, നിനക്കീ
ജഡമായി മാറിയൊരൻ ഹൃദയമല്ലാതെ?

ഒരു കണികയെങ്കിലും ജീവനെൻ ഹൃദയത്തി-
ലവശേഷിപ്പുണ്ടെങ്കിൽ കരുതിയിരിക്ക നീ
നിന്നന്ത്യമല്ലാതെ മറ്റൊന്നുമില്ലലകിലി-
കൊടും പാപത്തിനുത്തരമാകുവാൻ
ഇനിയൊരു നാളുമാ കണ്ണുകൾ നീളരുതിനിയൊരു------
ഇനിയൊരു പെണ്ണുടലുമുയിരിനായ് കേഴരു-
തിനിയിവിടെയബലർ നിർഭയരായി വാഴണം.
ശിരസ്സറുത്തു മാറ്റണമാ വൃകമുഖമാന്റെ
കണ്ണുകളിൽ ഭയമുടലെടുത്തീടനം.
മർത്യനല്ല, അവൻ അസുരനായ് ഭുവിന്നു
ശാപമായ്ത്തീരുവാൻ പിറവിയെടുത്തവൻ



# കാലം

**റിദ ഹനാൻ**
രണ്ടാം വർഷം
ബി എ ഇംഗ്ലീഷ്

കാലമേ നീ
ഒഴുകുക
നിൻ്റെ ഓളങ്ങൾ
മരണമാം തീരത്തെ
തഴുകും വരെ....
മാറാനിടമില്ലെങ്കിലും
മായാനിടമില്ലെങ്കിലും
മാഞ്ഞിടുന്നൊരാനന്ദം
മാർത്ത്യനാർജ്ജിച്ച
തൊക്കെയും..
മണ്ണായ്
തീർക്കുന്നൊരാ

സമാപ്തി...
അവകാശം മാത്രമല്ല
നിൻ നാദം
കടബാധ്യതയെ
കുറിച്ചോർക്കുക നീ..
യാതനയാൽ
ലാളിച്ച വളർന്ന
നിൻ മനം
നേർത്ത പൂവിനാൽ
അശുദ്ധമാക്കി നീ...
വളർന്നെങ്ങു പോകിലും
പുറകേക്ക്
നോക്കാതെ നീ..
ചുവടുവെപ്പിൻ
പാതയിൽ പതറാതെ
മുന്നേറി നീ...
മാറ്റണം നാടിൻ
നേട്ടുവീർപ്പിനെ നീ



# ജീവിതമേ., നീയെന്തൊരു മധുരമാർന്ന കളവാണ്.....

**മുർഷിദ**

രണ്ടാം വർഷം

ബി എ ഹിസ്റ്ററി

ഐഹിക ജീവിതം നിന്നെ വശ്യമായി വന്ന് വഞ്ചിക്കുന്നു ...
ഉന്മാദത്തിൻ രമ്യതയിൽ
നീ വഞ്ചിക്കപ്പെടുകയാണെന്നറിയുന്നേയില്ല ....
ജീവിതമേ., നീയെന്തൊരു മധുരമാർന്ന കളവാണ് .....
ഇതറിഞ്ഞിട്ടും, ...അനശ്വരമായ ബന്ധത്തിനായി തുടിക്കുന്നു ജീവിതം ..
യാഥാർത്ഥ്യമോ, മരണമെന്ന കയ്പാർന്ന സത്യത്തെ രുചിക്കേണ്ടവനല്ലേ നീ ...
നശ്വരം തന്നെ ....
എന്നാൽ ഇവിടെ തന്നെ അനശ്വര ജീവിതത്തിനും വഴികളുണ്ട് ...
എല്ലാവർക്കും നന്മ ചെയ്ത് കൊണ്ടേയിരിക്കുക ...
അനശ്വര പ്രണയത്തിൻ ഭാജനത്തെ തൃപ്തിപ്പെടുത്തി കൊണ്ടേയിരിക്കുക ...
എന്നാൽ നീ അനശ്വരനായി ....



# വഴികാട്ടി

**അഭിൻ നാഥ്**

ഒന്നാം വർഷം,

എം കോം

അതെ , ഞാൻ കറുത്ത മഷിയുടെ ഉടമയാണ്.
കള്ളങ്ങൾ കണ്ണിൽ തട്ടി വിനയായി മാറിയ കവിയുടെ കൈയിൽ നിന്നും ഇറ്റുവീണ കറുത്തമഷി.
വെളുത്ത തുണ്ടിൽ എന്നെ അയിത്തമായി
കൊണ്ടാടിയ, മുഷിഞ്ഞ നാവിനു ചുവന്ന നീരിലും കരിയുടെ പൊട്ടുണ്ടായിരുന്നു.
ഇരുട്ടു കുത്തി നിലമറന്ന രാത്രിയെ
ആരോ വെളുത്ത അമ്പിളിയുടെ പേരിനൊപ്പം. വിളിക്കുന്നത് കേട്ടു.
വഴി മറഞ്ഞ ഇടവഴിയിലെ ഇടതൂർന്ന
തേക്കിന്റെ നിറം മങ്ങിയ ഇലകളേ ചവിട്ടി
തെറിച്ചു നിന്ന ആ വളവിലെ വിളക്കിനു മാത്രം നല്ലപേര്; 'വഴികാട്ടി'.

ലോകം എത്ര സുന്ദരമായ ആരാച്ചാരാണ് ...
പിടഞ്ഞു വീണ എന്റെ വരികളെ വായിച്ചു രസിക്കുന്നതിനു പകരം മാറിലെ നിറത്തിന്റെ
ഉപ്പു രസം നോക്കിയ കൊടും ക്രൂരനായ ആരാച്ചാർ...
വെളുത്ത ഇതളിന്റെ മുഖത്തെ വിയർപ്പ്
ഒപ്പിയ കയറുകൊണ്ട്
വേർതിരിച്ചു നിർത്തിയ രാത്രിയും പകലും
മഷിയും കടലാസും ഞാനും നീയും
അപരിചിതർ ആണത്രേ....

# ഉള്ളിൽ ഇടം പിടിച്ചവർക്കുവേണ്ടി

**സുനിൽ കുമാർ**

മൂന്നാം വർഷം

ബി എ ഹിസ്റ്ററി

ക്യാമ്പസ് ജീവിതം പലപ്പോഴും മനോഹരമായ ഓർമ്മകൾ സമ്മാനിക്കുന്നത് തന്നെയാണ് അതിൽ തർക്കമില്ലതാനും.ഓർമ്മകൾ തണലിട്ട മരുപ്പച്ചകളും കൂടിയിരുന്ന് ചിരിച്ച സായാഹ്നങ്ങളും മറന്നു തുടങ്ങിയ സുന്ദര നിമിഷങ്ങളുടെ ഓർമ്മപ്പെടുത്തൽ കൂടിയാണ്.

ഒരു കൂട്ടം ചിരിക്കുന്ന മുഖങ്ങൾ ഒത്തുകൂടുമ്പോൾ 'വിഷയക്ഷാമം' അതിനവിടെ ഇടമുണ്ടാവണമെന്നില്ല. പ്രായത്തിന്റെ ചുറ്റുചുറ്റുക്കുകൾ വിരൽ മുമ്പിലൂടെ ഒരു തോളിൽ നിന്നും മറ്റൊരു തോളിലേക്ക്. കൈകളാൽ പരസ്പരം ഉരുമ്മി നീങ്ങുന്ന സൗഹൃദമെന്ന സൗന്ദര്യവും അത്ഭുതകരവുമായ കൂട്ടിച്ചേർക്കലിനെ രൂപപ്പെടുത്തുന്നതിൽ ക്യാമ്പസിന്റെ മരത്തണലുകൾക്കും ക്യാന്റീനുകൾക്കും എന്തിനേറെ പറയുന്ന ക്ലാസ്സുറികളിലെ പഠന സമയങ്ങളിൽ ഒപ്പം പോലും ചോർന്നു പോവാതെ പേരുകൾ എഴുതിച്ചേർത്ത മരബെഞ്ചുകൾക്കും ഉള്ള പ്രാധാന്യം ചെറുതൊന്നുമല്ല.

ദേ...ഇതുപോലൊരു കലാലയജിവിതത്തിന്റെ ഓരോ ചെറിയ നിമിഷങ്ങളെയും അണുവണുവായി മധുരമുള്ള നല്ല കടുപ്പമേറിയ ഒരു ചായകുടിയ്ക്കുന്ന അതേ ആസ്വാദനത്തിൽ കുടിച്ചു തീർക്കുമ്പോൾ ഒരായുസ്സിലെ ഏറ്റവും മനോഹരമായ നിമിഷങ്ങൾ എന്നന്നേക്കുമായി അവസാനിക്കുകയാണെന്ന് നമ്മൾ തിരിച്ചറിയുമ്പോൾ അതിന്റെ പിടച്ചിലിൽ അറിയാതെ ഒന്ന് കണ്ണ് നനഞ്ഞ് പോയിട്ടുണ്ട്. അത് ഒരിക്കലും കലാലയ ജീവിതത്തിന്റെ അവസാനത്തിൽ നടന്നു നീങ്ങിയ നടപ്പാതകളെയും. ഇടനാഴികളെയും പിന്നിട്ടതു കൊണ്ടല്ല. മറിച്ച് അതിനുള്ള കാരണം ചില മനുഷ്യരാണ് . ഇടനാഴികളിലൂടെ, വരാന്തയിലൂടെ ഒപ്പം നടന്ന ജീവിതത്തിൽ ഏറ്റവും മനോഹരമായ നിമിഷങ്ങൾ സമ്മാനിച്ച് ജിവിതിത്തിന്റെ ഒരു ഭാഗമായി മാറിയ പ്രിയപ്പെട്ട ഒരുപാട് ഹൃദയങ്ങളാണ്.

ഇനി പറയാൻ പോവുന്നത് അവരെക്കുറിച്ചാണ്. ഈ കുന്നിൻമോളിൽ എന്റെ കൂടെ നിന്നവർ എന്നിൽ കൊത്തു പണികൾ നടത്തിയവർ  എന്റെ പ്രിയപ്പെട്ട മനുഷ്യർ.

പറഞ്ഞു തുടങ്ങിയാൽ കുറച്ചുപേരിൽ മാത്രം ഒതുക്കുവാൻ കഴിഞ്ഞെന്നു വരില്ല അല്ലെങ്കിൽ തന്നെ സൗഹൃദം എന്ന കുളിർവാക്ക് കുറച്ചുപേരിൽ മാത്രം തൊട്ടു തലോടി പോവുകയില്ലല്ലോ.പ്രിയമുള്ളവരുടെ പേരുകൾ പറഞ്ഞ് ചൂണ്ടിക്കാണിച്ചുകൊണ്ട് അവരെ ഓരോരുത്തരേയും കുറിച്ച് പറയാനുള്ള ആഗ്രഹം ഉള്ളിൽ നിന്നും ശബ്ദമുയർത്തുന്നുണ്ടെങ്കിലും അതിനു കഴിയുന്നില്ല. കാരണം അവർതന്നെയാണ് ഓരോരുത്തരും .എന്റെ ജീവിതത്തിലേക്ക് കടന്നുവന്നിട്ടുള്ളത് എന്തിനായിരിക്കാമെന്ന് ഞാൻ വെറുതെ ആലോചിച്ചു പോകുന്നു. ഉത്തരം കിട്ടാത്ത പാഴ്ചിന്തകളാണവ, വെറും നേരമ്പോക്കുകൾ .അവരിൽ കൂടപ്പിറപ്പുകളുണ്ട്,പാട്ടുകാരുണ്ട് ,ചിത്രകാരനുണ്ട്, ഫോട്ടോഗ്രാഫറുണ്ട് .ഇവരെ കൂടാതെ "പ്രിയപ്പെട്ട ചില ഹൃദയങ്ങളും"

ജീവിതത്തിൽ അവരെ മനോഹരമായ ചിത്രങ്ങളായി നിർത്തുന്നത്

അവർ നമ്മളിൽ തീർത്ത മാറ്റങ്ങളും നമുക്ക് വേണ്ടി മാറ്റിവെച്ച നല്ല നിമിഷങ്ങളും കൊണ്ടാണ്.

പ്രണയത്തിന്റെയും,സൗഹൃദത്തിന്റെയും,സാഹോദര്യത്തിന്റെയും, കളിയാക്കലിന്റെയും ,കുറ്റപ്പെടുത്തലുകളുടെയും, ഒറ്റ പ്പെടുത്തലുകളുടെയും ,പൊട്ടിച്ചിരികളുടെയും നേർത്ത കടന്നു വരവില്ലാതെ ഏത് ക്യാമ്പസ് ജീവിതമാണ് അവസാനിച്ചിട്ടുള്ളത്. ആദ്യമായി ഇവിടെ  വന്നപ്പോൾ പറഞ്ഞുകേട്ടിട്ടുള്ള ഒരു കാര്യം എത്രയാഥാർത്ഥ്യമാണെന്ന് ഞാൻ തിരിച്ചറിയുന്നു.

"ഈ കലാലയത്തിന്റെ സൗന്ദര്യം ഇവിടുത്തെ കെട്ടിടങ്ങളോ ക്ലാസ്സുറികളെ ചുറ്റിയുള്ള പ്രകൃതിയോ ഒന്നുമല്ല. മറിച്ച്  ഇവിടെ കലാലയത്തിൽ നമുക്ക് ചുറ്റുമുള്ള മനുഷ്യരാണ് .അവരെ നമ്മളായും നമ്മളെ അവരായും പരസ്പരം ബന്ധിപ്പിക്കുന്ന സ്നേഹത്തിന്റെ അദൃശ്യമായ ഒരു ബന്ധനമാണ്.

ഈ അദൃശ്യമായ നൂലിനെ വേർപെടുത്തി അവരോടൊപ്പമുള്ള ഓരോ നിമിഷങ്ങളേയും ഓർമകൾക്കെറിഞ്ഞു കൊടുത്ത് പടിയിറങ്ങുന്ന ഒരു നിമിഷമുണ്ട്. ഒന്ന് തിരിഞ്ഞു നോക്കി ആ കലാലയത്തിൽ വന്ന അന്നു മുതൽ ഇന്നു വരേയുള്ള ഓരോ നിമിഷങ്ങളെയും  ഓർത്തുകൊണ്ട് നിസ്സഹായമായ പുഞ്ചിരിക്ക്  ഇടം നൽകേണ്ടി വരുന്ന ഒരു നിമിഷം.

ഏതൊരു പൂർവ്വ വിദ്യാർത്ഥിയും ആഗ്രഹിച്ചുപോകുന്നത് പോലെ ഞാനും ആഗ്രഹിക്കുന്നുണ്ട് ഓർമ്മക്കൾക്ക് വിട്ടുകൊടുക്കേണ്ടി വന്ന ഈ നിമിഷങ്ങൾക്കൊപ്പം ഒരിക്കൽ കൂടി ജീവിക്കാൻ.

എന്റെ പ്രിയപ്പെട്ട അധ്യാപകരെ കാണാൻ മുരളിയേട്ടന്റെയും ചേച്ചിയുടെയും കസ്കസിട്ട സർബത്ത് കുടിക്കാൻ അലിയാക്കാനോട് വഴക്കിടാൻ നടുമുറ്റത്ത് ചുറ്റി നടക്കാൻ പിന്നെ പ്രിയമുള്ള എന്റെ ഹൃദയങ്ങളോടൊപ്പം ചേർന്ന് സൊറ പറഞ്ഞ് എല്ലാം മറന്നൊന്ന് ചിരിക്കാൻ

"മനുഷ്യരെ...നിങ്ങളൊരിക്കൽ
എന്റെ ഈ ചുണ്ടിൽ പുഞ്ചിരി വിടർത്തി
ഇതാ നിങ്ങൾ തന്നെ
എന്റെ കണ്ണുകളെ ഈറനണിയിക്കുന്നു."



# മാത്സ് ക്ലാസ്

**മുഹമ്മദ് മിഥ്‌ലാജ് എം. പി**

രണ്ടാം വർഷ

ബി എസ് സി മാത്സ്

ഇടർച്ചയായ രണ്ട് ഹവർ കണക്ക് ആയതിനാൽ അവസാനമായപ്പോഴേക്ക് ഒരുപാട് പേർ ടീച്ചർക്ക് മുമ്പിൽ തല കുനിച്ച് നിൽപ്പുണ്ടായിരുന്നു. കൃത്യമായി പറഞ്ഞാൽ ഉറങ്ങിയിട്ടുണ്ട് എന്ന്.. ബെല്ലടിക്കാൻ പത്ത് മിനുട്ട് ബാക്കിയുണ്ട്. ദീർഘനേരമായി ടീച്ചർ ആവർത്തിച്ച് കൊണ്ടിരിക്കുന്ന പോർഷൻ തീർന്നപ്പോൾ ക്ലാസിൽ ആശ്വാസത്തിന്റെ നെടുവീർപ്പ് കേട്ടു.. ഇനി അറ്റൻഡൻസ് എടുക്കാൻ കൂടി ബാക്കിയുണ്ട്.. പലരും ക്ലാസിൽ ഇരിക്കുന്നത് തന്നെ ഹാജർ കിട്ടാനാണ്..

ഒന്ന് വാച്ചിലേക്ക് നോക്കിയ ടീച്ചർ ദേ അടുത്ത ടോപ്പിക്കിലേക്ക് പോകുന്നു..

“ഒരു വാല്യൂ സുപ്രീം ആവാനുള്ള കണ്ടീഷൻ രണ്ടെണ്ണമാണ്. നമ്പർ വൺ...

“പ്രസന്റ്”

തുടങ്ങിയത് ടീച്ചർ ആണെങ്കിലും പൂർത്തിയാക്കിയത് സ്റ്റുഡന്റ്സ് ആയിരുന്നു ..

“ടു,ത്രീ, ഫോർ, ഫൈവ്..... ട്വന്റിസിക്സ്”

ല്ലാരും പ്രസന്റ് ആണ്.

ഇഞ്ചുറി ടൈം ഗോൾ ശ്രമം നടത്താൻ ശ്രമിച്ച ടീച്ചർക്കെതിരെ വിദ്യാർത്ഥികളുടെ ടാക്റ്റിക്കൽ കൗണ്ടർ അറ്റാക്ക്..!!



# ഗുൽമോഹർ

**അഞ്ജന**
രണ്ടാം വർഷം
ബി എസ് സി സുവോളജി

നിദാഘത്തിനിത്രമേലഴകേകിയത് നീ
നിനയ്ക്കാതെയെന്നുള്ളിൽ പ്രണയം വിതച്ചതും നീ
ചുരുൾ മുടിക്കുള്ളിൽ മുഖം മറച്ചുന്നു നീ
ജ്വാലയായ് ഭുവിനു മോടി കൂട്ടിയതും നീ
ജ്വലിക്കുന്ന പ്രണയത്തിനേക സാക്ഷിയും നീ
ആദ്യാനുരാഗത്തിൻ കാവ്യം രുചിച്ചുകൊ -
ണ്ടാഴത്തിലാത്മാവിൽ വേരുറച്ചതും നീ



# നിർമ്മിത ബുദ്ധി നിർബന്ധിതമാകുന്നുവോ?

**ഫാത്തിമ ജന്ന**

രണ്ടാം വർഷം

ബി എ ഇംഗ്ലീഷ്

ലോകം അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്.കണ്ണടച്ചു തുറക്കുന്ന വേഗത്തിലാണ് ഓരോ മാറ്റങ്ങളും വന്നുകൊണ്ടിരിക്കുന്നത്. നൂതന സാങ്കേതിക വിദ്യകളും കണ്ടുപിടുത്തങ്ങളും മനുഷ്യജീവിതത്തെ മറ്റൊരു തലത്തിലേക്ക് എത്തിച്ചിരിക്കുന്നു. മനുഷ്യബുദ്ധിയിൽ ഒട്ടനവധി അത്ഭുതപ്രതിഭാസങ്ങളാണ് വിരിഞ്ഞു കൊണ്ടിരിക്കുന്നത്. ഇന്ന് വർത്തമാനകാലത്തെ  കയ്യടക്കിയിരിക്കുന്ന ഒരു വിപ്ലവകരമായ പ്രതിഭാസമാണ് 'നിർമ്മിത ബുദ്ധി' അഥവാ ആർട്ടിഫിഷൽ ഇന്റലിജൻസ്.'AI' എന്ന വിളിപ്പേരിൽ ഈ നിർമ്മിത ബുദ്ധിയുടെ കൈയെത്താത്ത മേഖലകൾ  വിരളം. മനുഷ്യജീവിതത്തെ ഒന്നാകെ  നിർമ്മിത ബുദ്ധി അടക്കിവാണുകൊണ്ടിരിക്കുകയാണ്. മനുഷ്യ ബുദ്ധിയിൽ ഉദിച്ച ഈ ആശയം മനുഷ്യ ബുദ്ധിക്ക് തന്നെ വിനയാകുന്ന രൂപത്തിലേക്ക് കാര്യങ്ങൾ അടുത്തുകൊണ്ടിരിക്കുകയാണ്.Chatgpt യും AI camera കളും തുടങ്ങി Meta AI വരെ നിർമ്മിത ബുദ്ധിയുടെ സംഭാവനങ്ങളാണ്.നിർമ്മിത ബുദ്ധിയെങ്കിലും മനുഷ്യബുദ്ധിയെ വരെ വെല്ലുന്ന രൂപത്തിലുള്ള പ്രവർത്തനക്ഷമതയും പ്രതികരണശേഷിയും ഈ സാങ്കേതികവിദ്യയെ ആളുകൾക്ക് കൂടുതൽ പ്രിയങ്കരമാക്കുന്നു.

ഏതുതരം സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉടനടി മറുപടി നൽകുന്നതിനാൽ തന്നെ ആളുകൾ എന്തിനും ഏതിനും നിർമ്മിത ബുദ്ധിയെ ആശ്രയിക്കുന്ന പ്രവണത കൂടിക്കൊണ്ടിരിക്കുകയാണ്. തൽഫലമായി മനുഷ്യന്റെ ചിന്താശേഷിയും ക്രിയാത്മകതയും ചിതലരിച്ചുകൊണ്ടിരിക്കുകയാണ്.

നിർമ്മിത ബുദ്ധിയെ ഇരുകൈയും നീട്ടി സ്വീകരിക്കുന്ന ലോകം അതിൽ പതുങ്ങി ഇരിക്കുന്ന അപകടങ്ങളെ മണത്തറിഞ്ഞിട്ടില്ലെന്ന താണ് സത്യം. മനുഷ്യ മനസ്സിൽ ഉദിക്കുന്ന സംശയങ്ങളെ സാധൂകരിക്കാൻ സ്വന്തം ചിന്താ ശേഷിയും ബുദ്ധിശക്തിയും ഉപയോഗപ്പെടുത്താൻ വൈമനസ്യം കാണിക്കുന്ന മനുഷ്യൻ വിരൽത്തുമ്പിലെ ഒറ്റ ക്ലിക്കിൽ അടുത്തെത്തുന്ന നിർമ്മിത ബുദ്ധിയിലെ പ്രതികരണങ്ങളെ തേടിപ്പോകുന്നു. തുടക്കഘട്ടത്തിൽ മാന്യനായ ഒരു കൂട്ടുകാരനെപ്പോലെ മനുഷ്യനൊപ്പം സഹവസിക്കുന്ന നിർമ്മിത ബുദ്ധി പിന്നീടുള്ള കാലത്ത് മനുഷ്യബുദ്ധിയെ ചങ്ങലയിടാൻ മാത്രം ശക്തി പ്രാപിച്ചേക്കാം എന്നാണ് കണക്കുകൾ പറയുന്നത്.ഈയടുത്ത കാലത്ത് സോഷ്യൽ മീഡിയയിൽ ശ്രദ്ധേയമായി കൊണ്ടിരിക്കുന്ന ഒരു മൈം. നിർമ്മിത ബുദ്ധി ലോകത്ത് കൊണ്ടുവരാൻ ഇരിക്കുന്ന അപകടത്തെ തുറന്നു കാണിക്കുന്നു. മ്യൂസിയത്തിലെ ചില്ലുകൂട്ടിൽ സംരക്ഷിച്ചു വച്ചിരിക്കുന്ന മനുഷ്യന്റെ തലച്ചോറിനെ പറ്റി രണ്ട് റോബോട്ടുകൾ സംസാരിക്കുന്നതാണ് മൈം.

സർവ്വമേഖലകളിലുമുള്ള നിർമ്മിത ബുദ്ധിയുടെ കൈകടത്തലുകൾ തൊഴിൽ മേഖലയിലാണ് കൂടുതൽ രൂക്ഷ മായികൊണ്ടിരിക്കുന്നത്. വാർത്താവിനിമയരംഗത്തും വാണിജ്യരംഗത്തുമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ആഗമനം ലക്ഷക്കണക്കിന് ആളുകളുടെ തൊഴിലാണ് നഷ്ടപ്പെടുത്തിണ്ടിരി ക്കുന്നത്. നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന റോബോട്ടുകൾ മനുഷ്യ ശരീരത്തെ മാറ്റി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.മനുഷ്യനെക്കാൾ കൂടുതൽ പ്രവർത്തനക്ഷമവും ലാഭകരവും ആണെന്ന് കണ്ട് കമ്പനികളും റോബോട്ടുകളെ കൂടുതൽ കൂടുതലായി വിപണിയിൽ എത്തിച്ചു കൊണ്ടിരിക്കുന്നു. നിർമ്മിത ബുദ്ധിയുടെ ക്രമാതീതമായ വളർച്ചയെ നിരീക്ഷകർ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. മനുഷ്യ ബുദ്ധിയെ നിർമ്മിത ബുദ്ധി കൈപിടിയിലൊതുക്കുന്നതിനു മുന്നേ വേണ്ടത്ര മുൻകരുതലുകൾ എടുത്തിട്ടില്ലെങ്കിൽ അത് വരുത്തിവെക്കുന്ന ഹാനി വളരെ വലുതായിരിക്കും. മനുഷ്യബുദ്ധിയും നിർമ്മിത ബുദ്ധിയും സമന്തുലിതാവസ്ഥയിൽ നിലകൊള്ളേണ്ട അവസ്ഥ അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ ചിന്താശേഷിയെയും ഗ്രാഹ്യശക്തിയെയും നിയന്ത്രിക്കുന്ന ഒന്നിനെയും അമിതമായി പ്രോത്സാഹിപ്പിച്ചു കൂടാ!



# മടക്കം

**ഗോപിക**

രണ്ടാം വർഷ

എം എ ഇംഗ്ലീഷ്

ഉടലകന്നൊരു നെഞ്ചറ്റു വീഴുമ്പോൾ
മിടിക്കുന്നു ആഴത്തിലെൻ വേരുകൾ
പിടയുന്ന മാത്രയിലടയുന്ന  മിഴികൾ
വെമ്പുന്നു വീണ്ടും മിടിപ്പിനായി,
ഇരുട്ടിൻ അതിർത്തിയിൽ ഇന്നലേയുടെ
കുതിച്ച ചാട്ടമതോർത്തിടുന്നു.
കരളറുക്കും കറുപ്പിന്റെ ശൂന്യത
കൊത്തി വലിക്കുന്നു നെഞ്ചകത്തെ
കൂട്ടിലടച്ചിട്ട ദശദിനങ്ങൾ
